28
ജൂലൈ 2024
ഞായർ
1446 മുഹറം 22
1199 കർക്കിടകം 13
പേജ് 10
അബുദാബി

# ഗൾഫ് ചന്ദ്രിക

https://gulf-chandrika.com/

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം





03
കശ്മീരിൽ ഏറ്റുമുട്ടൽ സൈനികന് വീരമൃത്യു

03
ഗസ്സയിലെ സ്കൂളിലും കൂട്ടക്കുരുതി





08
സ്വർണം വാരി ചൈന തുടങ്ങി





Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal


# പാരീസിൽ മനു പവർ, ഇന്ന് മെഡലിന്

## ഹോക്കിയിൽ ന്യൂസിലാന്റിനെ 3–2ന് തകർത്ത് ഇന്ത്യ

പാരീസിൽനിന്ന്
**കമാൽ വരദൂർ**

ഒളിംപിക്സിൽ മൽസരങ്ങളുടെ ആദ്യനാൾ ഇന്ത്യക്ക് മനു ഭാകർ കരുത്ത്. പ്രതീക്ഷയായി ഹോക്കി വിജയവും.

ഷൂട്ടിംഗ്, ബാഡ്മിൻറൺ, ടെന്നിസ്, ഹോക്കി, ബോക്സിംഗ്, തുഴച്ചിൽ താരങ്ങളെല്ലാം കളത്തിലുണ്ടായിരുന്നുവെങ്കിലും തകർപ്പൻ പ്രകടനം അനുഭവസമ്പന്നയായ മനുവിൽ നിന്നായിരുന്നു. ഹോക്കിയിൽ ന്യൂസിലാന്റിനെതിരെ 3-2ന് തോൽപ്പിച്ചാണ് ഇന്ത്യൻ സംഘം തുടക്കം ഗംഭീരമാക്കിയത്. ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ലക്ഷ്യാസെൻ തകർപ്പൻ വിജയം ആദ്യറൗണ്ടിൽ സ്വന്തമാക്കിയതാണ് മറ്റൊരു സന്തോഷ വാർത്ത. ഷൂട്ടിംഗ് വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ ഇനത്തിൽ മനു ഭാകറുടെ ഫൈനൽ ഇന്നാണ്. ഇന്നലെ പ്രകടിപ്പിച്ച മികവ് ഇന്നും ആവർത്തിക്കാനായാൽ മനുവിന് മെഡൽ നേടാനാവും.

തുഴച്ചിൽ പുരുഷ വിഭാഗം സിംഗിൾസ് ഹീറ്റ്സിൽ ബൽരാജ് പൻവാർ നാലാമനായി റെപ്പാഷാഞ്ച് ബെർത്ത് നേടിയപ്പോൾ ഷൂട്ടിംഗിൽ മറ്റ് താരങ്ങൾ നിരാശപ്പെടുത്തി. 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീം ഇനത്തിൽ ഇന്ത്യയുടെ രണ്ട് ടീമുകളും ആദ്യറൗണ്ടിൽ പുറത്തായി. രമിത അർജുൻ - ബബുത സഖ്യം ആറാമതായിരുന്നു. ഇലവേനിൽ വാളരിവൻ - സന്ദീപ് സിംഗ് സഖ്യം പന്ത്രണ്ടാം സ്ഥാനത്തായിരുന്നു. 10 മീറ്റർ എയർ റൈഫിൾ സിംഗിൾസിൽ സരബ് ജോത്സിംഗ്, അർജുൻ സിംഗ് ചീമ എന്നിവരും തുടക്കത്തിൽ തന്നെ പുറത്തായി.



*മനു ഭാകർ (ഫയൽ)*

സ്വന്തം ഗ്രൂപ്പിലെ ആദ്യ മൽസരത്തിൽ ഗ്വാട്ടിമലയിൽ നിന്നുള്ള കെവിൻ കോർഡനെ നേരിട്ടുള്ള ഗെയിമുകൾക്കാണ് ലക്ഷ്യ തോൽപിച്ചത്. സ്കോർ 21-08, 22-20. ആദ്യഗെയിം 14 മിനുട്ടിൽ സ്വന്തമാക്കിയ ലക്ഷ്യ 42 മിനുട്ടിനിടെ കളി അവസാനിപ്പിച്ചു. പുരുഷ ടേബിൾ ടെന്നിസിൽ ഹർമീത് ദേശായി സിംഗിൾസ് ആദ്യറൗണ്ട് വിജയകരമായി പിന്നിട്ടു. ജോർദാനിൽ നിന്നുള്ള സയ്യിദ് എബോ അമാനെയാണ് 11-7, 11-9, 11-5,11-5 എന്ന സ്കോറിന് ഹർമീത് തോൽപ്പിച്ചത്. മഴ കാരണം ഇന്ത്യ - ഫ്രാൻസ് ടെന്നിസ് നടന്നില്ല. ബാഡ്മിന്റൺ ഡബിൾസിൽ സൂപ്പർ സഖ്യമായ സ്വാതിക് -ചിരാഗ് ആദ്യറൗണ്ട് അനായാസം പിന്നിട്ടു.



*പാരീസ് ഒളിമ്പിക്സ് ഹോക്കി ആദ്യ റൗണ്ട് മത്സരത്തിൽ ന്യൂസിലാന്റിനെ 3-2ന് തകർത്ത ഇന്ത്യൻ സംഘത്തിന്റെ ആഹ്ലാദം*



*ഷിരൂർ മണ്ണിടിച്ചിൽ ദുരന്തത്തിൽ കാണാതായ അർജുനു വേണ്ടി ഗംഗാവലി നദിയിൽ തിരച്ചിലിനിറങ്ങിയ മാൽപെ സംഘം*

# ആഴങ്ങളിൽ നിരാശ



## 12ാം ദിനവും അർജുനെ കണ്ടെത്താനായില്ല

- ഇന്നും തിരച്ചിൽ തുടരും
- മാൽപെ സംഘം ഒമ്പതുതവണ നദിയിലിറങ്ങി പരിശോധന നടത്തി
- കലങ്ങിമറിഞ്ഞ നദിയും അടിയൊഴുക്കും വെല്ലുവിളി
- ഡ്രഡ്ജിങ് മാത്രമാണ് പോംവഴിയെന്ന് അധികൃതർ

അങ്കോല: ഷിരൂർ മണ്ണിടിച്ചിൽ ദുരന്തത്തിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടിയുള്ള തിരച്ചിലിൽ 12ാം ദിനവും നിരാശ. പ്രാദേശിക മുങ്ങൽ വിദഗ്ധരായ മാൽപെ സംഘം ഇന്നലെ ഒമ്പതുതവണ ഗംഗാവലി നദിയുടെ അടിത്തട്ടിലിറങ്ങി പരിശോധന നടത്തിയെങ്കിലും ട്രക്ക് കണ്ടെത്താനായില്ല. മഴ കുറഞ്ഞെങ്കിലും നദിയിലെ കലങ്ങിമറിഞ്ഞ വെള്ളവും ശക്തമായ അടിയൊഴുക്കും രക്ഷാ പ്രവർത്തനത്തിന് പ്രതിബന്ധമായി തുടരുകയാണ്. ഇന്ന് രാവിലെ ഒമ്പത് മണിക്ക് തിരച്ചിൽ പുനരാരംഭിക്കുമെന്ന് ജില്ലാ ഭരണകൂടം വ്യക്തമാക്കി. ഡ്രഡ്ജിങ് മാത്രമാണ് ലോറി കണ്ടെത്താനുള്ള പോംവഴിയെന്നാണ് അധികൃതർ നൽകുന്ന സൂചന.

മലവെള്ളപ്പാച്ചിൽ കാരണം നദിയിൽ അടിയൊഴുക്ക് ശക്തമാണ്. ഇതിനെ ഭേദിച്ചാണ് മാൽപെ സംഘത്തിന്റെ തലവനായ ഈശ്വർ മാൽപ്പെ പലതവണ നദിക്കടിയിലെത്തിയത്. ദുർഘട സാഹചര്യങ്ങളിൽ ജീവൻ രക്ഷാ പ്രവർത്തനം നടത്തി പരിചയമുള്ളവരാണ് ഉഡുപ്പി സ്വദേശികളായ ഈശ്വർ മാൽപ്പെയും സംഘവും. ജീവൻ പണയം വച്ചുള്ള രക്ഷാ പ്രവർത്തനമാണ് സംഘം ഗംഗാവലിയിൽ നടത്തുന്നത്. കലങ്ങിമറിഞ്ഞ നദിയിൽ ഒന്നും കാണാൻ കഴിയാത്തതിനാൽ വസ്തുക്കൾ തൊട്ടു നോക്കി തിരിച്ചറിയുക മാത്രമാണ് മാർഗം എന്ന് ഈശ്വർ മാൽപ്പെ നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു. എന്നാൽ നദിയുടെ അടിത്തട്ടിൽ കൂറ്റൻ കല്ലുകല്ലാതെ ഒന്നും കാണാൻ കഴിഞ്ഞില്ലെന്ന് ഈശ്വർ മാൽപ്പെ പറഞ്ഞതായി ദുരന്തസ്ഥലത്ത് ക്യാമ്പു ചെയ്യുന്ന മഞ്ചേശ്വരം എം.എൽ.എ എ.കെ.എം അഷ്റഫ് മാധ്യമങ്ങളോട് പറഞ്ഞു.

മൂന്നാമത്തെ ശ്രമത്തിൽ ഈശ്വർ മാൽപ്പെയുമായി ബന്ധിപ്പിച്ച കയർ പൊട്ടി 150 മീറ്ററിലേറെ അദ്ദേഹം ഒഴുകിപ്പോയിരുന്നു. കൂടെയുണ്ടായിരുന്ന സംഘവും നാവിക സേനയും ചേർന്ന് അദ്ദേഹത്തെ ബോട്ടിലേക്കടുപ്പിക്കുകയായിരുന്നു. കലക്കുവെള്ളത്തിൽ കാഴ്ച പരിമിധിയുള്ളതിനാൽ കൈയിൽ കരുതിയ ഇരുമ്പു ദണ്ഡ് കുത്തിനോക്കിയാണ് നദിക്കടിയിലെ വസ്തുക്കളെ നിർണയിക്കുന്നത്. എന്നാൽ കല്ലും ചെളിയും നിറഞ്ഞിരിക്കുന്നതിനാൽ ട്രക്കിന്റെ സ്ഥാനം കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കൂടാതെ മണ്ണിടിച്ചിലിൽ ഒഴുകിയെത്തിയ കൂറ്റൻ മരങ്ങളും നദിക്കടിൽ അടിഞ്ഞിട്ടുണ്ട്.

നദിയിൽ നാലിടങ്ങളിലാണ് നേരത്തെ നടത്തിയ പരിശോധനയിൽ ലോഹസാന്നിധ്യം സംബന്ധിച്ച് സിഗ്നൽ ലഭിച്ചത്. ഇതിൽ നാലാമത്തെ സ്പോട്ടിലാണ് അർജുൻ ഓടിച്ച ലോറിയുള്ളതെന്നാണ് നിഗമനം. എന്നാൽ ഇവിടെ മനുഷ്യ ശരീരത്തിന്റെ സാന്നിധ്യമുണ്ടോ എന്ന് ഇതുവരെ സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. ട്രക്കിനകത്ത് അർജുൻ കുടുങ്ങിക്കിടക്കുന്നുണ്ടാകും എന്ന വിശ്വാസത്തിലാണ് ട്രക്ക് കേന്ദ്രീകരിച്ച് തിരച്ചിൽ നടത്തുന്നത്. നാലാമത്തെ സ്പോട്ടിൽ നദിയുടെ കുത്തൊഴുക്കിനെ ഭേദിച്ച് ഈശ്വർ മാൽപ്പെ അടിത്തട്ടിലെത്തി പരിശോധിച്ചെങ്കിലും ചെളിയും മണ്ണും നിറഞ്ഞതിനാൽ ട്രക്ക് കണ്ടെത്താനായില്ല.

## കോട്ടയത്ത് സ്വകാര്യ ബസ് കീഴ്മേൽ മറിഞ്ഞു 36 പേർക്ക് പരിക്ക്; മൂന്നുപേരുടെ നില ഗുരുതരം

കോട്ടയം: തലയോലപ്പറമ്പിന് സമീപം വെട്ടിക്കാട്ടുമുക്കിൽ സ്വകാര്യ ബസ് കീഴ്മേൽ മറിഞ്ഞു. അപകടത്തിൽ 40ലധികം പേർക്ക് പരിക്കേറ്റു. ഇതിൽ മൂന്നുപേരുടെ നില ഗുരുതരമാണെന്നാണ് റിപ്പോർട്ട്. പരിക്കേറ്റ മുഴുവൻ പേരെയും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. മൂന്ന് പേരുടെ പരിക്ക് ഗുരുതരമാണ്.

എറണാകുളം കോട്ടയം റൂട്ടിൽ ഓടുന്ന ആവേ മരിയ എന്ന ബസാണ് അപകടത്തിൽപ്പെട്ടത്. 50 ഓളം യാത്രക്കാരാണ് ബസിലുണ്ടായിരുന്നത്. അപകടത്തിൽ 40 ഓളം പേർക്ക് പരിക്കേറ്റെന്ന് വൈക്കം എം.എൽ.എ സികെ ആശ പറഞ്ഞു. പരിക്കേറ്റ മുഴുവൻ പേരെയും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. വാഹനം അമിതവേഗതയിൽ ആയിരുന്നെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. പിൻസീറ്റിൽ ഇരുന്ന ചിലരെ അബോധാവസ്ഥയിലാണ് പുറത്തെടുത്തത്. നാട്ടുകാരാണ് ആദ്യം രക്ഷാ പ്രവർത്തനം ആരംഭിച്ചത്. പിന്നീട് പൊലീസും ഫയർഫോഴ്സ് എത്തിയാണ് ആളുകളെ ആശുപത്രിയിൽ എത്തിച്ചതെന്നും ദൃക്സാക്ഷികൾ പറഞ്ഞു. സ്ഥലത്ത് നിന്നും ബസ് നീക്കി ഗതാഗതം പുനഃസ്ഥാപിച്ചിട്ടുണ്ട്.


കശ്മീരിൽ ഏറ്റുമുട്ടൽ; സൈനികന് വീരമൃത്യു 03









*മുസ്ലിംലീഗ് ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പി, അസിസ്റ്റന്റ് സെക്രട്ടറി സി.കെ സുബൈർ എന്നിവരുടെ നേതൃത്വത്തിലുള്ള മുസ്ലിംലീഗ് സംഘം അക്തർ അൻസാരിയുടെ മക്കളോടൊപ്പം*

### ജാർഖണ്ഡിലെ ആൾക്കൂട്ട കൊലപാതകം

## അക്തറിന്റെ കുടുംബത്തെ ചേർത്തുപിടിച്ച് മുസ്ലിംലീഗ്

റാഞ്ചി: ജാർഖണ്ഡ് സ്വദേശി അക്തർ അൻസാരിയെന്ന യുവാവിനെ മോഷ്ടാവെന്നാരോപിച്ച് ആൾക്കൂട്ട കൊലപാതകത്തിനിരയാക്കിയ സംഭവം രാജ്യത്ത് വർധിച്ചു വരുന്ന ഫാസിസ്റ്റ് ക്രൂരതയുടെ മറ്റൊരു മുഖമാണെന്ന് മുസ്ലിംലീഗ് ദേശീയ ഓർഗനൈസിങ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പി. കൊടും ക്രൂരതക്ക് നേതൃത്വം നൽകിയ കുറ്റവാളികൾക്ക് മതിയായ ശിക്ഷ ഉറപ്പാക്കുന്നതോടൊപ്പം അനാഥമായ കുടുംബത്തിന് സർക്കാർ സഹായധനം നൽകണമെന്നും ഇ.ടി ആവശ്യപ്പെട്ടു. ജാർഖണ്ഡിലെ കാങ്കെ ജില്ലയിലെ കാട്ടുംകുളി ഗ്രാമത്തിലുള്ള വീട്ടിലെത്തി അക്തർ അൻസാരിയുടെ കുടുംബത്തെ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. മുസ്ലിംലീഗ് ദേശീയ അസിസ്റ്റന്റ് സെക്രട്ടറി സി.കെ സുബൈർ അടക്കമുള്ളവർ ഇ.ടിക്കൊപ്പമുണ്ടായിരുന്നു.

ജൂലൈ ഏഴിനാണ് ആടിനെ മോഷ്ടിച്ചു എന്നാരോപിച്ച് 35 കാരനായ അക്തർ അൻസാരിയെ ആൾകൂട്ടം കൂരമായി മർദ്ദിച്ച് കൊലപ്പെടുത്തിയത്. നീതിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ കൂടെയുണ്ടാകും എന്ന ഉറപ്പ് നൽകിയാണ് മുസ്ലിംലീഗ് സംഘം മടങ്ങിയത്. രാത്രി 8 മണിയോടെ ഒരാൾ അജ്ഞാത നമ്പറിൽ നിന്ന് അക്തറിന്റെ ഭാര്യ ആമിന പർവീണിനെ വിളിച്ച് വിവരമറിയിക്കുകയായിരുന്നു. മാരോ മാരോ എന്ന അലർച്ച പശ്ചാത്തലത്തിൽ കേൾക്കുന്നുണ്ടായിരുന്നു എന്ന് ആമിന നിറകണ്ണുകളോടെ നേതാക്കളോട് പറഞ്ഞു. ഉടനെ സഹോദരൻമാർ മുഖേന തൊട്ടടുത്ത നാംകും പൊലീസ് സ്റ്റേഷനിൽ വിളിച്ച് കോൾ വന്ന നമ്പർ കൈമാറി ലൊക്കേഷൻ ട്രേസ് ചെയ്യണം എന്ന് ആവശ്യപ്പെട്ടു. തൊട്ടുപിന്നാലെ ടാടി സിൽവ പൊലീസ് സ്റ്റേഷൻ പരിധിയിലാണ് സംഭവമെന്നും അക്തർ സുരക്ഷിതനാണെന്നും പൊലീസ് കുടുംബത്തെ ധരിപ്പിച്ചു. എന്നാൽ പുലർച്ചെ അഞ്ച് മണിയോടെ അക്തർ മരണപ്പെട്ടെന്നും മൃതദേഹം തിരിച്ചറിയാൻ അടിയന്തരമായി എത്തണമെന്നും ആവശ്യപ്പെട്ടാണ് പിന്നീട് പൊലീസ് ബന്ധപ്പെട്ടതെന്ന് കുടുംബം നേതാക്കളോട് പറഞ്ഞു. കസ്റ്റഡിയിൽ സുരക്ഷിതനാണ് എന്ന് പൊലീസ് തന്നെ വിവരം നൽകിയ അൻസാരി മണിക്കൂറുകൾക്കുള്ളിൽ കൊല്ലപ്പെട്ടത് എങ്ങനെയെന്ന് അറിയണമെന്നും നീതി ലഭിക്കണമെന്നും കുടുംബം ആവശ്യപ്പെട്ടു.

കാട്ടും കുളി ഗ്രാമത്തിലെ ഒറ്റമുറി വീട്ടിലെത്തിയ നേതാക്കൾ ഹൃദയ ഭേദകമായ രംഗങ്ങൾക്കാണ് സാക്ഷിയായത്. നാല് പിഞ്ചുകുഞ്ഞുങ്ങളും ഭാര്യയും അടങ്ങുന്ന കുടുംബത്തിന്റ ഏക അത്താണിയായിരുന്നു അക്തർ അൻസാരി. വിദ്യാർത്ഥികളായ അയാൻ അൻസാരി, അർമാൻ അൻസാരി, ആഷിയ പർവീൺ, അലി അൻസാരി എന്നിവർക്ക് നിത്യചിലവിനും വിദ്യാഭ്യാസത്തിനും ആടുകളെ വിറ്റ് കിട്ടുന്ന അക്തറിന്റെ തുച്ഛമായ വരുമാനമായിരുന്നു ആശ്രയം.

കുടുംബത്തിന്റെ പുനരധിവാസത്തിനും മക്കളുടെ വിദ്യാഭ്യാസ ചിലവിനും വേണ്ട കാര്യങ്ങൾ ചെയ്യുമെന്ന് ഇ ടി മുഹമ്മദ് ബഷീർ എം.പി പറഞ്ഞു.

സംഭവവുമായി ബന്ധപ്പെട്ട രണ്ട് പേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കൃത്യമായ അന്വേഷണം ഉറപ്പാക്കണമെന്ന് ജാർഖണ്ഡ് സർക്കാരിനോട് ആവശ്യപ്പെടും. അക്തർ അൻസാരിയുടെ അനാഥ കുടുംബത്തെ മുസ്ലിംലീഗ് പാർട്ടി ചേർത്ത് പിടിക്കുമെന്നും നീതി ലഭ്യമാക്കാനാവശ്യമായ എല്ലാ നിയമ സഹായങ്ങളും പിന്തുണയും പാർട്ടി ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.

എം.എസ്.എഫ് ദേശീയ സെക്രട്ടറി ഷഹബാസ് ഹുസൈൻ, മുസ്ലിംലീഗ് ജാർഖണ്ഡ് സംസ്ഥാന ജനറൽ സെക്രട്ടറി ഫസൽ ഇമാം, ട്രഷറർ തബ്റേസ് അഹമ്മദ്, വൈസ് പ്രസിഡണ്ട് അബ്ദുൾ ഖയ്യൂം, വനിതാ ലീഗ് കൺവീനർ ഷഹസാദി ഖാതൂൻ, എം.എസ്.എഫ് റാഞ്ചി ജില്ലാ പ്രസിഡണ്ട് ആഷിഖ് അൻസാരി, ഷമീം അൻസാരി എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു.


വൈദ്യുതി ചാർജ് വർധന അനുവദിക്കില്ല: പ്രതിപക്ഷ നേതാവ് 10


## മൈക്ക് ഓഫാക്കി; പൊട്ടിത്തെറിച്ച് മമത

### നീതി ആയോഗ് യോഗത്തിൽ നിന്ന് ഇറങ്ങിപ്പോയി

ന്യൂഡൽഹി: പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന നീതി ആയോഗ് യോഗത്തിനിടെ നാടകീയ രംഗങ്ങൾ. മൈക്ക് ഓഫാക്കി തന്റെ പ്രസംഗം തടസ്സപ്പെടുത്തിയെന്നാരോപിച്ച് കേന്ദ്രത്തിനെതിരെ പൊട്ടിത്തെറിച്ച് പശ്ചിമബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി. പ്രതിഷേധ സൂചകമായി യോഗത്തിൽ നിന്ന് മമത ഇറങ്ങിപ്പോവുകയും ചെയ്തു. ബജറ്റിലെ അവഗണനക്കെതിരെ ഇന്ത്യാ സഖ്യം ഭരണത്തിലിരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ വിട്ടു നിന്ന് പ്രതിഷേധിച്ചപ്പോൾ മമത മാത്രമാണ് യോഗത്തിന് എത്തിയിരുന്നത്. മറ്റു പാർട്ടികളെ അതേപടി പിന്തുടരേണ്ടതില്ല എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മമത യോഗത്തിൽ പങ്കെടുത്തത്. അതേസമയം കേന്ദ്രത്തിനെതിരെ വിമർശനം കടുപ്പിച്ചതിനു പിന്നാലെയാണ് മമതയുടെ പ്രസംഗം തടസ്സപ്പെടുത്തിയതും ഇറങ്ങിപ്പോക്കിൽ കലാശിച്ചതും. സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന നീതി ആയോഗ് തന്നെ ഇല്ലാതാക്കി നേരത്തെയുണ്ടായ ആസൂത്രണ കമ്മീഷൻ പുനഃസംഘടിപ്പിക്കണമെന്ന് മമത യോഗത്തിൽ ആവശ്യപ്പെട്ടു.



എന്നാൽ അഞ്ച് മിനുട്ട് സംസാരിച്ചപ്പോഴേക്കും തന്റെ മൈക്ക് ഓഫ് ചെയ്തെന്ന് മമത ആരോപിച്ചു. എൻ.ഡി.എ സഖ്യ കക്ഷി നേതാവായ ആന്ധ്രാ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവിന് 20 മിനുട്ട് സംസാരിക്കാൻ അവസരം നൽകി. നീതി ആയോഗ് യോഗത്തിൽ സംസ്ഥാനങ്ങളോട് വിവേചനം കാണിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നും മമത ചോദ്യം ചെയ്തു.

അതേസമയം മമതാ ബാനർജിയുടെ ആരോപണം അടിസ്ഥാന രഹിതമാണെന്ന് നീതി ആയോഗ് യോഗത്തിന്റെ അധ്യക്ഷ കൂടിയായ കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതീരാമൻ പറഞ്ഞു.

നീതി യോഗിന്റെ ഒമ്പതാമത് കൗൺസിൽ യോഗം താൻ ബഹിഷ്കരിച്ചെന്ന് വേദിക്കു പുറത്ത് മമത മാധ്യമങ്ങളോട് പ്രതികരിച്ചു. നീതി അയോഗ് റദ്ദാക്കി ആസൂത്രണ കമ്മീഷൻ പുനഃസംഘടിപ്പിക്കണമെന്ന് താൻ യോഗത്തിൽ ആവശ്യപ്പെട്ടു. എന്നാൽ പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളോട് കേന്ദ്രം വിവേചന നയം കാണിക്കുകയാണ്. ചന്ദ്രബാബു നായിഡുവിന് പ്രസംഗിക്കാൻ 20 മിനുട്ട് സമയം നൽകി. അസം, ഗോവ, ഛത്തീസ്ഗഡ് മുഖ്യമന്ത്രിമാരെല്ലാം 10-12 മിനുട്ട് സംസാരിച്ചു. എന്നാൽ അഞ്ച് മിനുട്ടായപ്പോഴേക്കും തന്റെ പ്രസംഗം തടസ്സപ്പെടുത്തി. തന്റെ മൈക്ക് ഓഫ് ചെയ്തു. ഇത് അന്യായമാണ്. - മമത ആരോപിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 28 ഞായർ
ഗൾഫ് ചന്ദ്രിക

## തുടിമുട്ടിയിൽ കാട്ടാനക്കൂട്ടം

എടക്കര: പോത്തുകൽ തുട്ടിമുട്ടിയിൽ ജനവാസ കേന്ദ്രത്തിലിറങ്ങിയ കാട്ടാനക്കൂട്ടം ഒരു രാത്രി മുഴുവൻ ജനങ്ങളെ ഭീതിയിലാഴ്ത്തി. വ്യാപക കൃഷി നാശം വരുത്തിയ കാട്ടാനകൾ കാടുകയറിയത് രാവിലെ. തുടിമുട്ടി നഗറിലെ ഒടിഞ്ഞിൽ ഉണ്ണികൃഷ്ണൻ, നെല്ലിക്കൽ ഭാസ്കരൻ, വാഴയിൽ ലീലാമണി, പാളിയപറമ്പിൽ അപ്പുട്ടി, പാളിയപറമ്പിൽ ബീന എന്നിവരുടെ വീടുകൾക്കിടയിലൂടെയാണ് ആനക്കൂട്ടം ശനിയാഴ്ച രാത്രി ഭീതിപരത്തി വിലസിയത്. ഇവരുടെ വീട്ടുവളപ്പിലെ വാഴ, തെങ്ങ് എന്നിവയെല്ലാം വ്യാപകമായി നശിപ്പിക്കുകയും ചെയ്തു. കവളപ്പാറ ഭാഗത്തുനിന്നുമാണ് അഞ്ചെണ്ണമടങ്ങുന്ന ആനക്കൂട്ടം പുലർച്ചെ ഒരുമണിയോടെ തുടിമുട്ടിയിലെത്തിയത്. വീട്ടുമുറ്റത്തുനിന്നും ശബ്ദം കേട്ടുണർന്ന പ്രദേശവാസികളുടെ ഉറക്കം കെടുത്തി തമ്പടിച്ച ആനക്കൂട്ടത്തെ രാവിലെ നാട്ടുകാർ ബഹളംവെച്ചും മറ്റുമാണ് ആട്ടിയകറ്റിയത്.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.79 ₹
1 ഒമാനി റിയാൽ 217.79 ₹
1 സൗദി റിയാൽ 22.32 ₹
1 ഖത്തർ റിയാൽ 22.99 ₹
1 കുവൈത്ത് ദിനാർ 274.48 ₹
1 ബഹ്റൈൻ ദിനാർ 222.79 ₹

### സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 289.00
22 കാരറ്റ് 267.50
21 കാരറ്റ് 259.00
18 കാരറ്റ് 222.00



വിദേശ വാർത്തകൾ

## കെ.എ.ടി.എഫ്
## ഭാഷാ സമര അനുസ്മരണവും അലിഫ് അറബിക് ടാലന്റ് ടെസ്റ്റും ഇന്ന്

ആലപ്പുഴ: കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന ഭാഷാ സമര അനുസ്മരണ സമ്മേളനവും അലിഫ് ടാലന്റ് ടെസ്റ്റും ഇന്ന് ആലപ്പുഴയിൽ നടക്കും. ആലപ്പുഴ ജില്ലാ പഞ്ചായത്ത് ജെന്റർ പാർക്കിൽ സംഘടിപ്പിച്ചിരിക്കുന്ന ഭാഷാസമര അനുസ്മരണ സമ്മേളനം രാവിലെ 10ന് എ.ഐ..സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം. പി ഉദ്ഘാടനം ചെയ്യും. സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം നിർവഹിക്കും. അറബി, സംസ്കൃതം,ഉർദു ഭാഷാ പഠനത്തിന് തടസം സൃഷ്ടിക്കുന്ന സർക്കാർ ഉത്തരവിനെതിരെ 1980ൽ നടന്ന ഭാഷാ സമര പോരാട്ടത്തെ അനുസ്മരിച്ച് കൊണ്ടാണ് സമ്മേളനം നടത്തുന്നത്.

കെ.എ.ടി.എഫ് അലിഫ് വിങിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ ഹയർ സെക്കണ്ടറി, ഹൈസ്കൂൾ , പ്രൈമറി വിദ്യാർഥികൾക്കായി വിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേക അനുമതിയോടെ നടത്തുന്ന 15-ാമത് സംസ്ഥാന തല അലിഫ് അറബിക് ടാലന്റ് ടെസ്റ്റിൽ ജില്ലകളിൽ നിന്നും ഒന്നാം സ്ഥാനം നേടിയ പ്രതിഭകൾ ആലപ്പുഴയിൽ മാറ്റുരക്കും. വിജയികൾക്ക് എച്ച്.സലാം എം.എൽ.എ അവാർഡുകൾ നൽകും. സംഘാടക സമിതി ചെയർമാൻ എ.എം നസീർ അധ്യക്ഷത വഹിക്കും. ഭാഷാ സമര അനുസ്മരണ പ്രഭാഷണം മുസ്‌ലിം ലീഗ് മലപ്പുറം ജില്ലാ സെക്രട്ടറി ഉസ്മാൻ താമരത്ത് നിർവ്വഹിക്കും.

## എസ്.കെ.എസ്.എസ്.എഫ് ഓർബിക്കിന് ഇന്ന് തുടക്കം

കോഴിക്കോട്: എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന കമ്മിറ്റിയുടെ പരിശീലന വിങ് ആയ ഓർഗാനറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തിനകത്തും പുറത്തുമായി പ്രവർത്തിക്കുന്ന മുഴുവൻ ശാഖകളുടെയും വർക്കിംഗ് സെക്രട്ടറി, സോഫ്റ്റ്‌വെയർ കോഡിനേറ്റർ, സബ് വിംഗ് ചെയർമാൻ കൺവീനർമാർ എന്നിവർക്ക് നൽകുന്ന പ്രത്യേക പരിശീലന പ്രോഗ്രാമായ ഓർബിക്കിന് ഇന്ന് പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മലബാർ പോളിടെക്നിക്കിൽ തുടക്കമാവും. ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി ജില്ലാ തലങ്ങളിൽ നടക്കേണ്ട പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് നടക്കും. എസ്.കെ.എസ്.എസ്.എഫ് പാലക്കാട് ജില്ലാ പ്രസിഡണ്ട് ഹുസൈൻ തങ്ങൾ കൊടക്കാടിന്റെ അധ്യക്ഷതയിൽ സംസ്ഥാന വൈസ് പ്രസിഡണ്ട് സയ്യിദ് ഹാഷിറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം നിർവഹിക്കും. ടോക്ക് ബൈ സെഷനിൽ വർക്കിംഗ് സെക്രട്ടറി ബഷീർ അസ്അദി നമ്പ്രം, സംസ്ഥാന ജോയിന്റ് സെക്രട്ടറി എ.എം അസ്ഗറലി കരിമ്പ, ഓർഗാനെറ്റ് സമിതി അംഗം മുബാറക്ക് എടവണ്ണപ്പാറ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും. എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന സെക്രട്ടറിയേറ്റ് മെമ്പരായ അൻവർ സ്വാദിഖ് ഫൈസി, ഷമീർ ഫൈസി കോട്ടോപ്പാടം, സംസ്ഥാന സർഗലയ വർക്കിംഗ് ചെയർമാൻ കുഞ്ഞുമുഹമ്മദ് ഫൈസി എന്നിവർ പ്രസംഗിക്കും.



ദാറുൽ ഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി ഏഴാം വർഷ വിദ്യാർഥികളായ തറയിൽ മഹ്ഷൂഖ് , അനസ് എന്നിവർ ചേർന്ന് നൂൽ കൊണ്ട് വരച്ച ചിത്രങ്ങൾ സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾക്ക് കൈമാറുന്നു

## മുസ്‌ലിം യൂത്ത് ലീഗ് യുവജാഗരൺ കാമ്പയിൻ
# മണ്ഡലം നേതൃ സംഗമങ്ങൾ ആഗസ്റ്റ് രണ്ടിന് ആരംഭിക്കും

കോഴിക്കോട്: ശാഖാ തലം വരെ സംഘടനാ ഘടകങ്ങളെ സക്രിയമാക്കുന്നതിനും വർത്തമാനകാല സാമുഹിക, രാഷ്ട്രീയ സാഹചര്യങ്ങൾ ചർച്ച ചെയ്യുന്നതിനും മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റി തീരുമാനപ്രകാരം നടക്കുന്ന യുവ ജാഗരൺ കാമ്പയിന്റെ ഭാഗമായി നിയോജക മണ്ഡലംതലത്തിൽ നേതൃ സംഗമങ്ങൾ സംഘടിപ്പിക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി പി.കെ ഫിറോസും അറിയിച്ചു. ആറ് മാസം തുടരുന്ന യുവജാഗരൺ കാമ്പയിൻ പ്രമേയം സംഘടന സമുദായം സമൂഹം എന്നതാണ്.

സംസ്ഥാന ഭാരവാഹികളുടെ നേതൃത്വത്തിൽ നടക്കുന്ന മണ്ഡലം പ്രവർത്തക സമിതിയുടെ സമ്പൂർണവും മൂന്ന് മണിക്കൂർ നീണ്ടുനിൽക്കുന്നതുമായ പ്രത്യേക യോഗവും ചർച്ചകളുമാണ് മണ്ഡലം നേതൃ സംഗമം. മണ്ഡലം കമ്മിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തന റിപ്പോർട്ടിംഗിനൊപ്പം കാലിക രാഷ്ട്രീയ സാഹചര്യത്തിൽ സംഘടന/സംഘാടക മേഖലയിൽ സ്വീകരിക്കേണ്ടതായ സമീപനങ്ങളും യോഗത്തിൽ അവതരിപ്പിക്കും. മണ്ഡലം കൗൺസിലിന്റെ വാർഷിക യോഗവും അജണ്ടകളും തീരുമാനിക്കും.

നേതൃ സംഗമത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം ആഗസ്റ്റ് 2ന് രാവിലെ 9 മണിക്ക് കാസർക്കോട് മഞ്ചേശ്വരം മണ്ഡലം തല നേതൃ സംഗമം ഉദ്ഘാടനം ചെയ്ത് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ നിർവഹിക്കും. യൂത്ത് ലീഗ് സംസ്ഥാന ഭാരവാഹികൾ സംബന്ധിക്കും. തുടർന്ന് 4 മണിക്ക് കാസർകോട്, കാഞ്ഞങ്ങാട് മണ്ഡലങ്ങളിലും 7 മണിക്ക് ഉദുമ, തൃക്കരിപ്പൂർ മണ്ഡലങ്ങളിലും നേതൃസംഗമം നടക്കും. സംസ്ഥാന ഭാരവാഹികൾ രണ്ട് സംഘമായാണ് നേതൃസംഗമത്തിൽ പങ്കെടുക്കുക.

ആഗസ്റ്റ് 3ന് രാവിലെ 10 മണിക്ക് കണ്ണൂർ, അഴീക്കോട് മണ്ഡലങ്ങളിലും 4ന് അഴീക്കോട്, തളിപ്പറമ്പ മണ്ഡലങ്ങളിലും 7ന് കല്ല്യാശ്ശേരി, ഇരിക്കൂർ മണ്ഡലങ്ങളിലും നേതൃ സംഗമം നടക്കും. 4ന് രാവിലെ 10ന് കൂത്ത്പറമ്പ, മട്ടന്നൂർ മണ്ഡലങ്ങളിലും 4ന് തലശ്ശേരി, പേരാവൂർ മണ്ഡലങ്ങളിലും 7ന് ധർമടം മണ്ഡലത്തിലും നേതൃ സംഗമം നടക്കും.

5ന് രാവിലെ 10ന് മാനന്തവാടി, എലത്തൂർ മണ്ഡലങ്ങളിലും 4ന് സുൽത്താൻ ബത്തേരി, കോഴിക്കോട് സൗത്ത് മണ്ഡലങ്ങളിലും 7ന് കൽപറ്റ, കോഴിക്കോട് നോർത്ത് മണ്ഡലങ്ങളിലും നേതൃ സംഗമം നടക്കും. 6ന് രാവിലെ 10ന് പേരാമ്പ്ര, തിരുവമ്പാടി മണ്ഡലങ്ങളിലും 4ന് കൊയിലാണ്ടി, കൊടുവള്ളി മണ്ഡലങ്ങളിലും 7ന് വടകര, കുന്ദമംഗലം മണ്ഡലങ്ങളിലും നേതൃ സംഗമം നടക്കും.

7ന് രാവിലെ 10ന് നാദാപുരം, ബേപ്പൂർ മണ്ഡലങ്ങളിലും 4ന് കുറ്റ്യാടി, കൊണ്ടോട്ടി മണ്ഡലങ്ങളിലും 7ന് ബാലുശ്ശേരി, വള്ളിക്കുന്ന് മണ്ഡലങ്ങളിലും നേതൃ സംഗമം നടക്കും. 8ന് രാവിലെ 10ന് മഞ്ചേരി, ഏറനാട് മണ്ഡലങ്ങളിലും 4ന് മലപ്പുറം, നിലമ്പൂർ മണ്ഡലങ്ങളിലും 7ന് വേങ്ങര, വണ്ടൂർ മണ്ഡലങ്ങളിലും നടക്കും.

9ന് രാവിലെ 10ന് താനൂർ, കോട്ടക്കൽ മണ്ഡലങ്ങളിലും 4ന് തിരൂരങ്ങാടി, തവനൂർ മണ്ഡലങ്ങളിലും 7ന് തിരൂർ, പൊന്നാനി മണ്ഡലങ്ങളിലും സംഗമം നടക്കും. 10ന് രാവിലെ 10ന് മങ്കട്, കൊങ്ങാട് മണ്ഡലങ്ങളിലും 4ന് പെരിന്തൽമണ്ണയിലും പാലക്കാട്, മലമ്പുഴ മണ്ഡലം സംയുക്തമായും 7ന് മണ്ണാർക്കാടും നെൻമാറ, ചിറ്റൂർ മണ്ഡലം സംയുക്തമായും നേതൃ സംഗമം നടക്കും.

11ന് രാവിലെ 10ന് പട്ടാമ്പി മണ്ഡലത്തിലും ആലത്തൂർ, തരൂർ മണ്ഡലം സംയുക്തമായും 4ന് ഷോർണൂർ, തൃത്താല മണ്ഡലങ്ങളിലും 7ന് ഒറ്റപ്പാലം, കുന്നംകുളം മണ്ഡലങ്ങളിലും നേതൃ സംഗമം നടക്കും. 12ന് രാവിലെ 10ന് ഗുരുവായൂർ മണ്ഡലത്തിലും 4ന് മണലൂർ, കൈപ്പമംഗമം മണ്ഡലങ്ങളിലും 7ന് നാട്ടിക, കൊടുങ്ങല്ലൂർ മണ്ഡലങ്ങളിലും നേതൃ സംഗമം നടക്കും.

13ന് രാവിലെ 10ന് ചേലക്കര, എറണാകുളം മണ്ഡലങ്ങളിലും 4ന് തൃശ്ശൂർ, ഒല്ലൂർ മണ്ഡലങ്ങൾ സംയുക്തമായും തൃപ്പൂണിത്തുറ മണ്ഡലത്തിലും 7ന് പുതുക്കാട്, ചാലക്കുടി മണ്ഡലം സംയുക്തമായും കൊച്ചി മണ്ഡലത്തിലും നേതൃ സംഗമം നടക്കും. 14ന് രാവിലെ 10ന് ആലുവ, കോതമംഗലം മണ്ഡലങ്ങളിലും 4ന് കളമശ്ശേരി, മുവ്വാറ്റുപുഴ മണ്ഡലങ്ങളിലും 7ന് തൃക്കാക്കര, പെരുമ്പാവൂർ മണ്ഡലങ്ങളിലും നേതൃ സംഗമം നടക്കും.

16ന് രാവിലെ 10ന് കുന്നത്ത്നാട് മണ്ഡലത്തിലും ഇടുക്കി, തൊടുപുഴ മണ്ഡലം സംയുക്തമായും 4ന് പിറവം മണ്ഡലത്തിലും ഉടുമ്പൻചോല, ദേവികുളം, പീരുമേട് മണ്ഡലങ്ങൾ സംയുക്തമായും 7ന് വൈക്കം മണ്ഡലത്തിലും സംഗമം നടക്കും. 17ന് രാവിലെ 10ന് കോട്ടയം, ഏറ്റുമാനൂർ സംയുക്തമായും പാല മണ്ഡലത്തിലും 4ന് ചങ്ങനാശ്ശേരി, പൂഞ്ഞാർ മണ്ഡലങ്ങളിലും 7ന് ആലപ്പുഴ, കാഞ്ഞിരപ്പള്ളി മണ്ഡലങ്ങളിലും നേതൃ സംഗമം നടക്കും.

18ന് രാവിലെ 10ന് അരൂർ, കായംകുളം മണ്ഡലങ്ങളിലും, 4ന് അമ്പലപ്പുഴ, മാവേലിക്കര മണ്ഡലങ്ങളിലും 7ന് ഹരിപ്പാട്, ചെങ്ങന്നൂർ മണ്ഡലങ്ങളിലും നേതൃ സംഗമം നടക്കും. 19ന് രാവിലെ 10ന് കരുനാഗപ്പള്ളി, കുന്നത്തൂർ, ചവറ മണ്ഡലങ്ങൾ സംയുക്തമായും അടൂർ, കോന്നി, ആറൻമുഴ മണ്ഡലങ്ങൾ സംയുക്തമായും, 4ന് ഇരവിപുരം, കുണ്ടറ, കൊല്ലം, ചാത്തന്നൂർ മണ്ഡലങ്ങൾ സംയുക്തമായും റാന്നി, തിരുവല്ല മണ്ഡലങ്ങൾ സംയുക്തമായും 7ന് പുനലൂർ, ചടയമംഗലം, കൊട്ടാരക്കര മണ്ഡലങ്ങൾ സംയുക്തമായും പത്തനാപുരം മണ്ഡലത്തിലും നേതൃ സംഗമം നടക്കും.

20ന് രാവിലെ 10ന് വർക്കല, ആറ്റിങ്ങൽ മണ്ഡലങ്ങൾ സംയുക്തമായും വാമനപുരം മണ്ഡലത്തിലും, 4ന് ചിറയൻകീഴ്, കഴക്കൂട്ടം മണ്ഡലങ്ങൾ സംയുക്തമായും, അരുവിക്കര മണ്ഡലത്തിലും 7ന് നെടുമങ്ങാട്, പാറശ്ശാല മണ്ഡലങ്ങളിലും നേതൃ സംഗമം നടക്കും. 21ന് രാവിലെ 10ന് നെയ്യാറ്റിൻകര, കാട്ടാക്കട മണ്ഡലങ്ങൾ സംയുക്തമായും കോവളം മണ്ഡലത്തിലും നേതൃ സംഗമം നടക്കും.

വൈകീട്ട് 4ന് മണ്ഡലം നേതൃ സംഗമങ്ങളുടെ സമാപന പരിപാടി തിരുവനന്തപുരം പാണക്കാട് ഹാളിൽ ചേരും. തിരുവനന്തപുരം, വട്ടിയൂർക്കാവ്, നേമം മണ്ഡലങ്ങൾ സമാപന നേതൃ സംഗമത്തിൽ പങ്കെടുക്കും. നിയോജക മണ്ഡലം നേതൃ സംഗമങ്ങൾക്ക് മതിയായ മുന്നൊരുക്കങ്ങൾ നടത്താൻ സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി പി.കെ ഫിറോസും അഭ്യർത്ഥിച്ചു.

മണ്ഡലം നേതൃ സംഗമങ്ങൾക്ക് മുന്നോടിയായി നടക്കേണ്ട ജില്ലാ എക്സിക്യൂട്ടീവ് മീറ്റിംഗുകൾ പൂർത്തിയാവുന്നു. കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് മീറ്റ് സംസ്ഥാന വൈസ് പ്രസിഡന്റ് കെ.എ മാഹീൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് അഡ്വ. വി.പി നാസർ അധ്യക്ഷത വഹിച്ചു. അമീർ ചേനപ്പാടി സ്വാഗതം പറഞ്ഞു. കൊല്ലം ജില്ലാ എക്സിക്യൂട്ടീവ് മീറ്റ് ഉദ്ഘാടനം മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറി ഫാത്തിമ തെഹ്‌ലിയ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് റെജി തടിക്കാട് അധ്യക്ഷത വഹിച്ചു. സാജൻ ഹിലാൽ സ്വാഗതം പറഞ്ഞു. ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് മീറ്റ് ഉദ്ഘാടനം മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി സഫീർ പീടിയേക്കൽ നിർവഹിച്ചു. ജില്ലാ പ്രസിഡന്റ് ഷാഫി കാട്ടിൽ അധ്യക്ഷത വഹിച്ചു. ഷിബി കാസിം സ്വാഗതം പറഞ്ഞു. എറണാകുളം ജില്ല എക്സിക്യൂട്ടീവ് മീറ്റ് ഉദ്ഘാടനം മുസ്‌ലിംയൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റിയംഗവും ജില്ലാ നിരീക്ഷകനുമായ ഗുലാം ഹസ്സൻ ആലംഗീർ നിർവഹിച്ചു. ജില്ലാ പ്രസിഡന്റ് പി.എ സലീം അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി കെ.പി സുബൈർ സ്വാഗതം പറഞ്ഞു.

## നിർമാണ മേഖലയിലെ പ്രതിസന്ധി: എസ്.ടി.യു ക്ഷേമനിധി ബോർഡ് ധർണ 31ന്

കോഴിക്കോട്: നിർമാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കണമെന്നതുൾപ്പെടെ വിവിധ അവശ്യങ്ങളുന്നയിച്ച് നിർമാണ തൊഴിലാളി യൂണിയൻ (എസ്.ടി.യു) സംസ്ഥാന വ്യാപകമായി നടത്തുന്ന സമരത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലാ കമ്മിറ്റി 31ന് നിർമാണ തൊഴിലാളി ക്ഷേമ ബോർഡ് ഓഫീസിലേക്ക് മാർച്ച് നടത്തും. ധർണ എസ്.ടി.യു സംസ്ഥാന പ്രസിഡന്റ് അഡ്വ. എം റഹ്മത്തുള്ള ഉദ്ഘാടനം ചെയ്യും. കോഴിക്കോട് ചേർന്ന നിർമാണ തൊഴിലാളി യൂണിയൻ ജില്ലാ പ്രവർത്തക സമിതി യോഗം എസ്.ടി.യു സംസ്ഥാന സെക്രട്ടറി സി.പി കുഞ്ഞമ്മദ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് മൊയ്തു നടുക്കണ്ടി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി മുഹമ്മദലി അത്തോളി സ്വാഗതം പറഞ്ഞു.പി.പി മൊയ്തു, കെ മുഹമ്മദ് കോയ, പി.വി അഷറഫ്, അഷറഫ് അനക്കുഴിക്കര, പി.സിദ്ധീഖ്, ജി.കെ അബദുറഹിമാൻ, കെ.ടി.കെ കുഞ്ഞമ്മദ്, ഇ മുഹമ്മദ് കോയ, പി.കെ മജീദ്, ജാഫർ തുണ്ടിയിൽ, വി അബ്ദുല്ല കുട്ടി പ്രസംഗിച്ചു. എം.കെ അഷറഫ് നന്ദി പറഞ്ഞു.

## കാറ്റിൽ നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം അനുവദിക്കണം; മുസ്‌ലിം ലീഗ്

കരുവാരകുണ്ട്: കഴിഞ്ഞ ദിവസങ്ങളിൽ കരുവാരകുണ്ടിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ കനത്ത കാറ്റിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണമെന്ന് പഞ്ചായത്ത് മുസ്‌ലിം ലീഗ് കമ്മിറ്റി ആവശ്യപ്പെട്ടു. കൽകുണ്ട്, കേരള ഭാഗങ്ങളിലാണ് കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടത്. മരങ്ങൾ വീണ് വീടുകൾ തകർന്നിട്ടുണ്ട്. കേരളയിൽ ഒരു വീട് പൂർണമായും തകർന്നു. റബർ, കമുക്, ജാതി, വാഴ തെങ്ങ് തുടങ്ങിയ കാർഷിക വിളകൾക്കും കാറ്റിൽ കനത്ത നാശം സംഭിവിച്ചിട്ടുണ്ട്. നഷ്ട പരിഹാരം കേവലം പേരിന് മാത്രമാവരുതെന്നും നഷ്ടത്തിന്റെ തോത് കൃത്യമായി കണക്കാക്കി സാമ്പത്തിക സഹായം അടിയന്തരമായി എത്തിക്കാൻ ബന്ധപ്പെട്ട അധികാരികൾ തയ്യാറാവണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടു. ദുരിത ബാധിത പ്രദേശങ്ങൾ മുസ്‌ലിം ലീഗ് സംഘം സന്ദർശിച്ചു. എം.കെ. മുഹമ്മദലി, പി.കെ. നാസർ, കോഴിപ്പാടൻ ബാപ്പുട്ടി, എ. കെ. ഹംസക്കുട്ടി, കെ.ടി. ശിഹാബ്, എം.ഫിയാസ്, കബീർ കക്കറ, പി.എച്ച്. സുഹൈൽ, ജാഫർ പുൽവെട്ട, ടി.ആദിൽ ജഹാൻ, മുത്തു മുസ്തഫ, കെ.ജാബിർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

## പ്രവാസികളെ കൊള്ളയടിക്കുന്ന എയർലൈനുകളെ നിയന്ത്രിക്കണം



ജാമിഅഃ സലഫിയ്യ കാമ്പസിൽ സംഘടിപ്പിച്ച കെ.എൻ.എം ഗൾഫ് ഇസ്‌ലാഹി സംഗമം പ്രസിഡന്റ് ടി.പി അബ്ദുല്ലകോയ മദനി ഉദ്ഘാടനം ചെയ്യുന്നു

പുളിക്കൽ: കെ.എൻ.എം ഗൾഫ് ഇസ്‌ലാഹി കുടുംബ സംഗമം സംഗമം സംസ്ഥാന പ്രസിഡന്റ് ടി.പി അബ്ദുല്ല കോയ മദനി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഡോ. ഹുസൈൻ മടവൂർ അധ്യക്ഷത വഹിച്ചു. പി.പി ഉണ്ണീൻകുട്ടി മൗലവി, നൂർ മുഹമ്മദ് നൂർഷ, ഡോ. എ.ഐ അബ്ദുൽ മജീദ് സ്വലാഹി, എ.പി അബ്ദു സമദ്, പ്രൊഫ. എൻ.വി അബ്ദുറഹ്മാൻ, എ അസ്ഗർ അലി, അബ്ദുറഹ്മാൻ മദനി പാലത്ത്, ഡോ. പി.പി അബ്ദുൽ ഹഖ്, ഡോ. സുൾഫിക്കർ അലി, എം.ടി അബ്ദുസമദ് സുല്ലമി, മുഹമ്മദ് സലീം സുല്ലമി, പി.എം.എ സമീർ, സുലൈമാൻ മേൽപത്തൂർ, ഷുക്കൂർ സ്വലാഹി, സുഹ്ഫി ഇമ്രാൻ, ആദിൽ അതീഫ്, ശമീമ ഇസ്‌ലാഹിയ്യ, സലീൽ മദനി, അബ്ബാസ് ചെമ്പൻ, മുനീർ സലഫി, സൈഫുല്ല ഖാസിം, അബ്ദുൽ ഖയ്യൂം ബുസ്താനി, ഹുസൈൻ കക്കാട്, ഹശ്‌യത്തുല്ല, അബ്ദുറഹ്മാൻ അടക്കാനി, അബ്ദുല്ല കാരക്കുന്ന് പ്രസംഗിച്ചു.പ്രവാസികളുടെ സാമ്പത്തിക സാമൂഹിക ശാക്തീകരണം, ഈ രംഗത്തെ വെല്ലുവിളികളും പരിഹാരങ്ങളും കുടുംബ സംവിധാനം എന്നിവയെല്ലാം വിവിധ സെഷനുകളിൽ ചർച്ച ചെയ്തു. വനിതാ സംഗമവും കിഡ്സ് കോർണറും ഒരുക്കി. ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അടുത്ത രണ്ടു വർഷത്തേക്കുള്ള ഗൾഫ് കോർഡിനേഷൻ കമ്മിറ്റിയെ പ്രഖ്യാപിച്ചു. വി.കെ സക്കരിയ ദുബായ് (ചെയർമാൻ) സുൾഫിക്കർ അലി റിയാദ് (കൺവീനർ) പി.എ ഹുസൈൻ ഫുജൈറ (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ.

## പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ക്ഷേമനിധി ബോർഡ് രൂപീകരിക്കണം



പ്രസിഡന്റ്, സെക്രട്ടറി

മഞ്ചേരി: സംസ്ഥാനത്തെ പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് വേണ്ടി പ്രത്യേക ക്ഷേമ നിധി ബോർഡ് രൂപീകരിക്കണമെന്ന് മഞ്ചേരി പ്രസ് ക്ലബ്ബ് ജനറൽ ബോഡി യോഗം ആവശ്യപ്പെട്ടു. നിലവിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ബോർഡിൽ അംഗമാകാനാണ് ആവശ്യപ്പെടുന്നത്. ഇത് അശാസത്രീയവും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കലുമാണ്. 5000 അംഗങ്ങൾ ഉണ്ടെങ്കിൽ ക്ഷേമ നിധി ബോർഡ് രൂപീകരിക്കാമെന്നാണ് ചട്ടം. മാനേജ്മെന്റുകൾക്ക് ബാധ്യതയില്ലാതെ തന്നെ ഇത് നടപ്പിലാക്കുന്നതിന് മുൻ ധനകാര്യ മന്ത്രി കെ.എം.മാണി അന്നത്തെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. പിന്നീട് ധനകാര്യ മന്ത്രിയായിരുന്ന ഡോ.തോമസ് ഐസക് തുക വർധിപ്പിച്ചു. എന്നാൽ പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് മാത്രമായുള്ള ക്ഷേമനിധി ബോർഡ് മാത്രം യാഥാർഥ്യമായില്ല. നിലവിൽ പ്രാദേശിക മാധ്യമപ്രവർത്തനം മാത്രം ആശ്രയിച്ചു ജീവിക്കുന്ന 10000ൽ അധികം പേരുണ്ട്. ഇവർക്കും സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കാനുള്ള നടപടി സ്വികരിക്കണമെന്നും ജനറൽ ബോഡി യോഗം ആവശ്യപ്പെട്ടു. പുതിയ ഭാരവാഹികളായി സി.ജമാൽ (പ്രസിഡന്റ്), കെ.എം.എ ഷുക്കൂർ (ജനറൽ സെക്രട്ടറി), അജ്മൽ അബൂബക്കർ (ട്രഷറർ). എം.ശശി കുമാർ,ബഷീർ കല്ലായി, കെ.കുഞ്ഞിമുഹമ്മദ്(രക്ഷാധികാരികൾ), സാലി മേലാക്കം (വർക്കിങ് പ്രസിഡന്റ്), ഷാജി.കെ.പവിത്രം (വൈസ് പ്രസിഡന്റ്), ടി.പ്രവീൺ (വർക്കിങ് സെക്രട്ടറി), എൻ.സി.ശരീഫ്, വി.ഷനു (ജോ.സെക്രട്ടറി). യോഗത്തിൽ എം.ശശികുമാർ അധ്യക്ഷനായി. സാലി മേലാക്കം റിപ്പോർട്ടും എൻ.സി ശരീഫ് വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. കെ.എം.എ ഷുക്കൂർ, ബഷീർ കല്ലായി,ഷാജി കെ.പവിത്രം, സി.ജമാൽ, ടി.പ്രവീൺ, അജ്മൽ അബൂബക്കർ പ്രസംഗിച്ചു.

### നിലമ്പൂരിന്റെ ദുരവസ്ഥ
## മുസ്‌ലിം ലീഗ് സമരത്തിന് വ്യാപക പിന്തുണ

നിലമ്പൂർ: മുസ്‌ലിം ലീഗ് നിലമ്പൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നിലമ്പൂരിന്റെ ദുരവസ്ഥക്കെതിരെയുള്ള സമര സംഗമം ശ്രദ്ധേയമായി. സമരത്തെ യു.ഡി.എഫ് മാത്രമല്ല അതൃപ്തിയിലുള്ള എൽ.ഡി.എഫ് പ്രവർത്തകരും പിന്തുണച്ചു. എം.എൽ.എയുടെയും നഗരസഭയുടെയും ദ്രോഹം കാരണം വ്യാപാര മേഖല പൂർണമായും തകർന്നതിലുള്ള പ്രതിഷേധമാണ് വ്യാപാരികൾക്കെങ്കിൽ സൗജന്യമായി തങ്ങളുടെ ഭൂമി വിട്ടു നൽകിയിട്ടും ടൗൺ വികസനത്തിന് തടസമായി നിൽക്കുന്ന വനഭൂമി, പൊലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ് ഭൂമികൾ വിട്ടുകിട്ടുന്നതിന് ഒരു നടപടിയും എം.എൽ.എയും നഗരസഭയും എടക്കാത്തതിലുള്ള പ്രതിഷേധമാണ് കെട്ടിട ഉടമകൾക്ക്. എൽ.ഡി.എഫിലാകട്ടെ ഏതാനും ചില വ്യക്തികൾ ചേർന്നെടുക്കുന്ന തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുകയാണെന്ന ആക്ഷേപവുമുണ്ട്. നിയോജക മണ്ഡലത്തിലെ പധാന പദ്ധതികളൊന്നും വെളിച്ചം കാണുന്നില്ല എന്നതാണ് പൊതുവെയുള്ള പ്രതിഷേധത്തിന് കാരണം. യു.ഡി.എഫ് ഭരണകാലത്ത് വലിയ പദ്ധതിയായി കൊണ്ടുവന്ന നിലമ്പൂർ ബൈപ്പാസ് ഒരടിപോലും മുന്നോട്ടുകൊണ്ടുപോകുവാൻ ഇടതു സർക്കാറിനോ എം.എൽ.എക്കോ കഴിഞ്ഞിട്ടില്ല. നിലമ്പൂരിലെ ഗവ.കോളജിന് സ്വന്തമായി കെട്ടിടം നിർമിക്കുവാൻ ഇനിയും സാധിച്ചിട്ടില്ല. 5 കോടി ചെലവഴിച്ച് നിർമാണത്തിലിരിക്കുന്ന ടൗൺ നവീകരണം എവിടെയും എത്തിയില്ല. പോത്തുകല്ലിൽ നിന്നും വയനാട്ടിലേക്കുള്ള പാതക്ക് വേണ്ടി വനഭൂമി വിട്ടുകിട്ടാനാവശ്യമായ നടപടി സ്വീകരിച്ചില്ല.

മലയോരപാതയുടെ അലൈൻമെന്റിൽ ചർച്ചകൂടാതെ മാറ്റം വരുത്തി. വന്യമൃഗ ശല്ല്യം രൂക്ഷമായിട്ടും കാര്യമായ ഇടപെടൽ എം.എൽ.എയുടെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. നിലമ്പൂർ നഗരസഭയിലെ മിക്ക റോഡുകളും തകർന്നുകിടക്കുകയാണ്.

നിയോജക മണ്ഡലത്തിലെ നിർമാണത്തിലിരിക്കുന്ന പാലങ്ങളുടെ പ്രവൃത്തികളും സ്തംഭിച്ച അവസ്ഥയിലാണ്. നിലമ്പൂർ റെയിൽവേ അടിപ്പാത നിർമാണവും ജനങ്ങളെ ദുരിതത്തലാക്കി. എന്നാൽ ജനങ്ങളെ ചർച്ചക്കിരുത്തി വാഗ്ദാനം ചൊരിയുന്നതിൽ എൽ.ഡി.എഫ് നേതാക്കളും എം.എൽ.എയും മത്സരിക്കുന്നുമുണ്ട്.



നിലമ്പൂരിൽ നടന്ന മുസ്‌ലിം ലീഗ് സമര സംഗമത്തിൽ പി.വി.അബ്ദുൽ വഹാബ് എം.പി പ്രസംഗിക്കുന്നു.

## ജനങ്ങളെ ഭീതിയിലാക്കി തുടിമുട്ടിയിൽ കാട്ടാനക്കൂട്ടം

എടക്കര: പോത്തുകൽ തുട്ടിമുട്ടിയിൽ ജനവാസ കേന്ദ്രത്തിലിറങ്ങിയ കാട്ടാനക്കൂട്ടം ഒരു രാത്രി മുഴുവൻ ജനങ്ങളെ ഭീതിയിലാഴ്ത്തി. വ്യാപക കൃഷി നാശം വരുത്തിയ കാട്ടാനകൾ കാടുകയറിയത് രാവിലെ. തുടിമുട്ടി നഗറിലെ ഒടിഞ്ഞിൽ ഉണ്ണികൃഷ്ണൻ, നെല്ലിക്കൽ ഭാസ്കരൻ, വാഴയിൽ ലീലാമണി, പാളിയപറമ്പിൽ അപ്പുട്ടി, പാളിയപറമ്പിൽ ബീന എന്നിവരുടെ വീടുകൾക്കിടയിലൂടെയാണ് ആനക്കൂട്ടം ശനിയാഴ്ച രാത്രി ഭീതിപരത്തി വിലസിയത്. ഇവരുടെ വീട്ടുവളപ്പിലെ വാഴ, തെങ്ങ് എന്നിവയെല്ലാം വ്യാപകമായി നശിപ്പിക്കുകയും ചെയ്തു. കവളപ്പാറ ഭാഗത്തുനിന്നുമാണ് അഞ്ചെണ്ണമടങ്ങുന്ന ആനക്കൂട്ടം പുലർച്ചെ ഒരുമണിയോടെ തുടിമുട്ടിയിലെത്തിയത്. വീട്ടുമുറ്റത്തുനിന്നും ശബ്ദം കേട്ടുണർന്ന പ്രദേശവാസികളുടെ ഉറക്കം കെടുത്തി തമ്പടിച്ച ആനക്കൂട്ടത്തെ രാവിലെ നാട്ടുകാർ ബഹളംവെച്ചും മറ്റുമാണ് ആട്ടിയകറ്റിയത്. മണ്ണിടിച്ചിലുണ്ടായ കവളപ്പാറ, ഇരുൾകുന്ന് മേഖലകളിൽ കഴിഞ്ഞ ഏതാനും ദിവസങ്ങളായി അഞ്ചെണ്ണമടങ്ങുന്ന കാട്ടാനക്കൂട്ടം തമ്പടിച്ചിരിക്കുകയാണ്. ഇവയാണ് ശനിയാഴ്ച തുടിമുട്ടിയിലെത്തിയത്. കാട്ടാനകൾക്ക് പുറമെ പുലിയുടെ സാന്നിധ്യവും മേഖലയിലുണ്ട്. കഴിഞ്ഞ ദിവസം കാട്ടാളപ്പുറത്ത് വിശ്വനാഥന്റെ വീടിന്റെ പിന്നിലെ ചായ്പിൽ രക്തക്കറ കണ്ടെത്തിയിരുന്നു.



തുടിമുട്ടി നഗറിൽ കാട്ടാനക്കൂട്ടം നശിപ്പിച്ച വാഴ

ഇയാളുടെ വീടിന് മുമ്പിൽ പുലിയുടേതിന് സമാനമായ കാൽപാടുകൾ കണ്ടെത്തുകയും സമീപത്ത് പ്രസവിച്ച് കിടന്നിരുന്ന തെരുവ് നായയെ കാണാതാവുകയും ചെയ്തിരുന്നു. കാട്ടാന, പുലി, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണം വനയോര മേഖലയിലെന്നല്ല ടൗണുകളിലെ ജനങ്ങളെയും ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ കാഞ്ഞിരപ്പുഴ വനം പരിധിയിലെ കക്കുഴി, കാനക്കുത്ത് വനമേഖലകളിൽ നിന്നെത്തിയ കാട്ടാനക്കൂട്ടം ചുങ്കത്തറ പഞ്ചായത്തിലെ മുണ്ടപ്പാടം, കുറുമ്പലങ്ങോട്, കോലോംപാടം, എടമല, പൂച്ചക്കുത്ത്, മുപ്പാലിപ്പൊട്ടി, മുട്ടിക്കടവ് എന്നിവിടങ്ങളിൽ പകൽപോലും ജനങ്ങൾക്ക് ഭീഷണിയായിരുന്നു. ഈ കൂട്ടത്തിൽ നിന്നും ഒറ്റതിരിഞ്ഞ ചുള്ളിക്കൊമ്പൻ സുൽത്താൻപടി ടൗണിലും, എഴുമാമ്പാടം, ഏറമ്പാടം, വെള്ളിമുറ്റം വനാതിർത്തി പ്രദേശങ്ങളിലും ചൂരക്കണ്ടി ജനവാസ കേന്ദ്രത്തിലുമെത്തി നാശം വിതച്ചാണ് നാല് ദിവസങ്ങൾക്ക് ശേഷം കാട് കയറിയത്.



**പ**ത്ത് മാസം മുമ്പ് ഗസ്സയിൽ യുദ്ധം ആരംഭിച്ചപ്പോൾ ഇത്രയും ഭയാനകമായ നാഴികക്കല്ലിൽ നാം എത്തുമെന്ന് ആരും കരുതിയിരുന്നില്ല. യു.എൻ അഭയാർത്ഥി ഏജൻസിയുടെ 200ഓളം പേരാണ് ഗസ്സയിൽ കൊല്ലപ്പെട്ടിരിക്കുന്നത്. ഇവർ വെറും നമ്പറുകളല്ല. ഞങ്ങളുടെ സഹപ്രവർത്തകരും സുഹൃത്തുക്കളുമാണ് അവർ. ഫലസ്തീൻ സമൂഹത്തിനുവേണ്ടി ജീവിതം ചെലവഴിച്ച അധ്യാപകരും ഡോക്ടർമാരും നഴ്സുമാരും എഞ്ചിനീയർമാരും ടെക്നിഷ്യൻമാരും സപ്പോർട്ട് സ്റ്റാഫിൽ പെട്ടവരുമാണ് അവരെല്ലാം. ഈ മരണങ്ങളിൽ ഓരോന്നിനും പൂർണ്ണമായ ഉത്തരവാദിത്തം ഏറ്റെടുക്കണമെന്ന യു.എൻ സെക്രട്ടറി ജനറലിന്റെ ആഹ്വാനം ഞാനും ആവർത്തിക്കുകയാണ്.

**–ഫിലിപ്പ് ലസാരിനി**
(യു.എൻ അഭയാർത്ഥി ഏജൻസി മേധാവി)

**അ**ന്താരാഷ്ട്ര നീതിന്യായ കോടതിയുടെ അധികാരപരിധിയും സ്വാതന്ത്ര്യവും മാനിക്കുക എന്നത് നീതിയോടും ഉത്തരവാദിത്തത്തോടുമുള്ള യഥാർത്ഥ പ്രതിബദ്ധത പ്രകടിപ്പിക്കാൻ ബ്രിട്ടനിലെ ലേബർ സർക്കാറിന് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യമാണ്. ഫലസ്തീനികൾക്കായി പുതിയ സർക്കാർ സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്.

**– സാക്കി സറാഫ്**
(ഐ.സി.ജെ ലീഗൽ ഓഫീസർ)

## ഇന്ത്യ വാർത്തകൾ

# ഗസ്സയിലെ സ്കൂളിലും കൂട്ടക്കുരുതി

## കൊല്ലപ്പെട്ടത് 39,258 പേർ; പരിക്കേറ്റത് 90,589 പേർ

ഗസ്സ: വംശഹത്യ തുടരുന്ന ഗസ്സയിലെ ദെയ്റുൽ ബലാഹിൽ പരിക്കേറ്റവരെയും അഭയാർത്ഥികളെയും പാർപ്പിച്ചിരുന്ന സ്കൂളിനുനേരെയുണ്ടായ ഇസ്രാഈൽ ആക്രമണത്തിൽ കുട്ടികളടക്കം 30 പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു. ഇസ്രാഈൽ സേനയും ഹമാസ് പോരാളികളും തമ്മിൽ പോരാട്ടം നടക്കുന്ന കിഴക്കൻ ഖാൻ യൂനിസിൽ നൂറുകണക്കിന് ആളുകൾ കുടുങ്ങിക്കിടക്കുകയാണ്. ബോംബുവർഷം തുടരുന്ന ഇവിടേക്ക് ഇസ്രാഈൽ സേന പ്രവേശനം നിഷേധിച്ചതിനാൽ രക്ഷാസംഘങ്ങൾക്ക് അവരെ സമീപിക്കാൻ സാധിക്കുന്നില്ല. എന്താണ് അവിടെ നടക്കുന്നതെന്നുപോലും അറിയില്ലെന്ന് യു.എൻ മാനുഷിക സഹായം ഏജൻസി പറയുന്നു. ഓരോ ദിവസവും അനവധി ആളുകൾ കൊല്ലപ്പെട്ടുകൊണ്ടിരിക്കെ മരണനിരക്ക് 39,258-ലെത്തി. 24 മണിക്കൂറിനിടെ 41 പേർ കൊല്ലപ്പെട്ടതായി ഗസ്സ ആരോഗ്യ മന്ത്രാലയം അറിയിച്ചു. 103 പേരാണ് പരിക്കുകളോടെ വിവിധ ആശുപത്രികളിലെത്തിയത്. നുസൈറത്ത് അഭയാർത്ഥി ക്യാമ്പിൽ ഇസ്രാഈൽ നടത്തിയ ബോംബാക്രമണത്തിൽ ഒരാൾ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ദയ്റുൽ ബലാഹിലെ സ്കൂളിൽ ഹമാസിന്റെ കമാൻഡിങ് സെന്റർ തകർത്തതായി ഇസ്രാഈൽ അവകാശപ്പെടുമ്പോഴും കൊല്ലപ്പെട്ടവരെല്ലാം അഭയാർത്ഥികളും രോഗികളുമാണ്. ഖാൻ യൂനിസിൽ ഒരാഴ്ചയായി തുടരുന്ന ആക്രമണത്തിൽ 170ഓളം പേർ കൊല്ലപ്പെട്ടതായി ഫലസ്തീൻ സിവിൽ ഡിഫൻസ് പറയുന്നു. അതേസമയം ഗസ്സയിലെ തലൽ ഹവായിൽ നിരവധി ഇസ്രാഈൽ സൈനികർ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടതായി ഹമാസിന്റെ സായുധ വിഭാഗമായ ഖസാം ബ്രിഗേഡ്സ് അവകാശപ്പെട്ടു. തെർമോബാറിക് റോക്കറ്റുകളും യന്ത്രത്തോക്കുകളും ഉപയോഗിച്ചാണ് ഇസ്രാഈൽ സേനയെ നേരിട്ടതെന്നും അവരുടെ ഭാഗത്ത് വൻ ആളപായമുണ്ടായതായും ഖസാം ബ്രിഗേഡ്സ് ടെലഗ്രാമിലൂടെ അറിയിച്ചു. ഹമാസിന്റെ അവകാശവാദം ഇസ്രാഈൽ തള്ളിയിട്ടില്ല. കൂട്ടക്കുരുതിയിൽ പരിക്കേറ്റവരെയും പട്ടിണി കിടക്കുന്നവരെയും സഹായിക്കാൻ യുദ്ധഭൂമിയിൽ ഓടി നടക്കുന്ന സന്നദ്ധ പ്രവർത്തകർക്കുനേരെയും ഇസ്രാഈൽ ആക്രമണം ശക്തമാക്കിയിട്ടുണ്ട്. ഫലസ്തീനികൾക്കുള്ള യു.എൻ അഭയാർത്ഥി ഏജൻസിയുടെ 200ഓളം ജീവനക്കാർ കൊല്ലപ്പെട്ടതായി ഏജൻസി മേധാവി ഫിലിപ്പ് ലസാരിനി പറയുന്നു. യു.എൻ രൂപീകരണത്തിനുശേഷം ഒരു യുദ്ധത്തിൽ സംഘടനയുടെ ജീവനക്കാർ ഇത്രയേറെ കൊല്ലപ്പെടുന്നത് ആദ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കഴിഞ്ഞ ദിവസം യു.എൻ അഭയാർത്ഥി ഏജൻസിക്കു കീഴിലുള്ള അധ്യാപികയും അരുടെ നാല് മാസം പ്രായമുള്ള കുഞ്ഞും ആക്രമണത്തിൽ കൊല്ലപ്പെട്ടു. സുരക്ഷിത പ്രദേശമായി കണക്കാക്കപ്പെട്ടിരുന്ന സ്ഥലത്തുവെച്ചാണ് ഇരുവരും കൊല്ലപ്പെട്ടത്.



ഗസ്സയിലെ ദെയ്റുൽ ബലാഹിൽ അഭയാർത്ഥി ക്യാമ്പായി പ്രവർത്തിക്കുന്ന സ്കൂളിനു നേരെയുണ്ടായ ഇസ്രാഈൽ ആക്രമണത്തിൽ കെട്ടിടങ്ങൾ തകർന്ന നിലയിൽ

## ചുരുക്കത്തിൽ

### ജമ്മുകശ്മീരിൽ വാഹനം കൊക്കയിലേക്ക് മറിഞ്ഞ് എട്ട് മരണം

ശ്രീനഗർ: ജമ്മുകശ്മീരിൽ വാഹനം കൊക്കയിലേക്ക് മറിഞ്ഞ് ഒരു കുടുംബത്തിലെ എട്ടു പേർ മരിച്ചു. മരിച്ചവരിൽ അഞ്ചു പേർ കുട്ടികളും രണ്ടു പേർ സ്ത്രീകളുമാണ്. ആറിനും 16-നും ഇടയിൽ പ്രായമുള്ള കുട്ടികളാണ് മരിച്ചതെന്ന് പൊലീസ് പറഞ്ഞു. ആനന്ദ്നാഗ് ജില്ലയിൽ ഇന്നലെയാണ് അപകടമുണ്ടായത്. കിശ്ദ്വാറിൽ നിന്ന് മാർവയിലേക്ക് പോവുകയായിരുന്ന സംഘം സഞ്ചരിച്ച വാഹനം തെന്നിമാറി ദക്സമിലെ കൊക്കയിലേക്ക് മറിയുകയായിരുന്നു.

### നീതി ആയോഗിന് എതിരെ കോൺഗ്രസും

ന്യൂഡൽഹി: നീതി ആയോഗിനെതിരെ വിമർശനം കടുപ്പിച്ച് കോൺഗ്രസും. പ്രസംഗം തടസ്സപ്പെടുത്തിയെന്നാരോപിച്ച് നീതി ആയോഗ് യോഗത്തിൽ നിന്ന് പശ്ചിമബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി ഇറങ്ങിപ്പോയതിനു പിന്നാലെയാണ് സംസ്ഥാനങ്ങളോട് വിവേചനം കാണിക്കുന്ന നീതി കേന്ദ്ര നിലപാടിനെതിരെ രൂക്ഷ വിമർശനവുമായി കോൺഗ്രസ് നേതാവ് ജയറാം രമേശ് രംഗത്തെത്തിയത്.

പത്തുവർഷം മുമ്പ് രൂപീകരിക്കപ്പെട്ടതു മുതൽ പ്രധാനമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ചാണ് നീതി ആയോഗ് നിലകൊള്ളുന്നത്. നോൺ ബയോളജിക്കൽ പ്രധാനമന്ത്രിയുടെ ഓഫീസിന്റെ തീരുമാനങ്ങൾ വിളംബരം ചെയ്യുന്ന ചെണ്ടകൊട്ടുകാർ മാത്രമായി നീതി ആയോഗ് അധപ്പതിച്ചു. സ്വതന്ത്രമായ ഒരു അധികാരങ്ങളും നീതി ആയോഗിനില്ല. കേന്ദ്ര - സംസ്ഥാനങ്ങൾക്കിടയിലെ സഹകരണത്തിന് പാലമാവേണ്ട നീതി ആയോഗ് സംസ്ഥാനങ്ങൾക്കിടയിൽ വിവേചനം കാണിക്കുകയാണ് - ജയറാം രമേശ് എക്സിൽ കുറിച്ചു.

### അഞ്ചു വർഷത്തിനിടെ വിദേശ രാജ്യങ്ങളിൽ മരിച്ചത് 633 ഇന്ത്യൻ വിദ്യാർത്ഥികൾ

ന്യൂഡൽഹി: കഴിഞ്ഞ അഞ്ചു വർഷത്തിനിടെ വിദേശ രാജ്യങ്ങളിൽ മരിച്ചത് 633 ഇന്ത്യൻ വിദ്യാർത്ഥികളാണെന്ന് റിപ്പോർട്ട്. കേന്ദ്ര വിദേശകാര്യമന്ത്രാലയം പാർലമെന്റിനു മുമ്പാകെയാണ് ഇക്കാര്യം അറിയിച്ചത്. പ്രകൃതി ദുരന്തങ്ങൾ, അപകടങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങൾ കാരണമാണ് പലരും മരിച്ചത്. ഏറ്റവും കൂടുതൽ മരണം റിപ്പോർട്ട് ചെയ്തത് കാനഡയിലാണ്.

172 ഇന്ത്യൻ വിദ്യാർത്ഥികളാണ് ഇവിടെ മാത്രം മരിച്ചത്. അമേരിക്കയിൽ 108 പേർ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ മരിച്ചു. ബ്രിട്ടനിൽ 58 പേരും ഓസ്ട്രേലിയയിൽ 57 പേരും റഷ്യയിൽ 37 പേരും ജർമനിയിൽ 24 പേരും മരിച്ചു. 19 മരണങ്ങൾ അക്രമം മൂലമാണുണ്ടായത്. ഏറ്റവും കൂടുതൽ മരണം രേഖപ്പെടുത്തിയ കാനഡയിൽ തന്നെയാണ് അക്രമം മൂലവും ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ മരിച്ചത്. അമേരിക്കയിൽ ആറു പേർ അക്രമസംഭവങ്ങളിൽ കൊല്ലപ്പെട്ടു. ഓസ്ട്രേലിയ, ചൈന, യു.കെ, കിർഗിസ്ഥാൻ എന്നിവിടങ്ങളിൽ ഒന്ന് വീതവും വിദ്യാർത്ഥികൾ ആക്രമണത്തിൽ മരിച്ചു.

# ഗസ്സ: കമലയിൽ നിന്ന് സഹതാപമല്ല വേണ്ടത്

വാഷിങ്ടൺ: ഗസ്സയിലെ ഇസ്രാഈൽ ആക്രമണത്തിന് പൂർണ പിന്തുണ പ്രഖ്യാപിച്ചിരിക്കുന്ന യു.എസ് വൈസ് പ്രസിഡന്റ് കമല ഹാരിസിന് പ്രസിഡന്റ് സ്ഥാനാർത്ഥിയായപ്പോൾ സ്വരം മാറ്റം. ഫലസ്തീനികളുടെ ദുരിതത്തിനു മുന്നിൽ താൻ നിശബ്ദയാകില്ലെന്ന് അവർ വ്യക്തമാക്കി. ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായുള്ള കൂടിക്കാഴ്ചക്കു ശേഷമാണ് കമല കടുംപിടുത്തം ഉപേക്ഷിച്ചത്. പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായി മത്സരിക്കുന്ന അവർ വോട്ട് നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിയ പ്രസ്താവനയിൽ ഫലസ്തീൻ അനുകൂലികൾ തൃപ്തരല്ല.

ഇസ്രാഈലിന് സൈനികമായും നയതന്ത്രപരമായും നിരുപാധിക പിന്തുണ നൽകുന്ന അമേരിക്കൻ നയത്തിൽ കാതലായ മാറ്റം വരുത്താതെ ഫലസ്തീനികളോട് സഹതാപം പ്രകടിപ്പിച്ചുതുകൊണ്ട് മാത്രമായില്ലെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. ഗസ്സയിലെ ഇസ്രാഈൽ കൂട്ടക്കുരുതിക്ക് പ്രസിഡന്റ് ജോ ബൈഡൻ നൽകിവരുന്ന പിന്തുണ ഡെമോക്രാറ്റിക് പാർട്ടിയെ ജനങ്ങളിൽനിന്ന് അകറ്റിയിട്ടുണ്ട്. ഗസ്സയിൽ കുട്ടികളെ കൂട്ടക്കൊല ചെയ്യുന്നത് തടയാനാവാശ്യമായ ഉറച്ച പ്രഖ്യാപനങ്ങളില്ലാതെ കമലയുടെ സഹതാപ വാക്കുകൾക്ക് താൻ ചെവി കൊടുക്കുന്നില്ലെന്ന് ഷിക്കാഗോ യൂണിവേഴ്സിറ്റി സാമൂഹിക ശാസ്ത്രജ്ഞ ഇമാൻ അബ്ദുൽഹാദി പറഞ്ഞു. 'നിങ്ങൾ തലയ്ക്ക് വെടിവെക്കുന്ന ഒരാളോട് സഹാനുഭൂതി കാണിക്കുന്നത് ഒട്ടും പ്രശംസനീയമല്ല. ഇവരിൽനിന്ന് നമ്മൾ ആവശ്യപ്പെടുന്നത് സഹതാപമല്ല. ഫലസ്തീനികളെ കൊന്നൊടുക്കാൻ ആയുധങ്ങളും പണവും നൽകുന്നത് തടയാൻ ആവശ്യമായത് ചെയ്യുകയാണ് വേണ്ടത്.'-ഇമാൻ വ്യക്തമാക്കി.

# എതിരാളിയായി കമല ട്രംപിന്റെ ലീഡ് ഇടിഞ്ഞു



കമല ഹാരിസ്



ഡൊണാൾഡ് ട്രംപ്

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായി കമല ഹാരിസ് എത്തിയതോടെ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ലീഡിൽ വൻ ഇടിവ് സംഭവിച്ചതായി അഭിപ്രായ സർവേ. മിഷിഗണിലും പെൻസിൽവാനിയയിലും ഇരുവരും ഒപ്പത്തിനൊപ്പമാണ്. പ്രസിഡന്റ് ജോ ബൈഡന്റെ പിന്മാറ്റവും കമലയുടെ കടന്നുവരവും ഡെമോക്രാറ്റിക് ക്യാമ്പിൽ ഉണർവുപകർന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം മുൻ പ്രസിഡന്റ് ബറാക് ഒബാമയും ഭാര്യ മിഷേലും കമലക്ക് പിന്തുണ പ്രഖ്യാപിച്ചിരുന്നു. 59കാരിയായ ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയുടെ രംഗപ്രവേശം ട്രംപിനെ പ്രകോപിതനാക്കിയിട്ടുണ്ട്. കമല സെമിറ്റിക് വിരുദ്ധയാണഎന്ന് അദ്ദേഹം ആരോപിച്ചു. അവർക്ക് ജൂതന്മാരെ ഇഷ്ടമല്ല. ഇസ്രാഈലിനെയും അവർക്ക് ഇഷ്ടമില്ല. അത് അങ്ങനെയാണ്. എക്കാലവും അങ്ങനെ തന്നെ ആയിരിക്കും. അത് മാറാനേ പോകുന്നില്ല-ട്രംപ് പറഞ്ഞു.

# ഫിലിപ്പീൻ ടാങ്കറിൽ നിന്ന് കടലിൽ എണ്ണച്ചോർച്ച

മനില: ഗെയ്മി കൊടുങ്കാറ്റിൽ മനില ഉൾക്കടലിൽ മുങ്ങിയ ടാങ്കർ കപ്പലിൽനിന്ന് ഇന്ധനം ചോർന്നു തുടങ്ങിയതായും പരിസ്ഥിതി ദുരന്തം ഒഴിവാക്കാൻ ശ്രമം തുടരുകയാണെന്നും ഫിലിപ്പീൻ കോസ്റ്റ്ഗാർഡ് അറിയിച്ചു. 1.4 ദശലക്ഷം ലിറ്റർ വ്യാവസായിക ഇന്ധനവുമായാണ് എംടി ടെറ നോവ കപ്പൽ മനിലക്കു സമീപം മുങ്ങിയത്. ചോർച്ചയെത്തുടർന്ന് 14 കിലോമീറ്ററോളം വിസ്തൃതിയിൽ എണ്ണ പടർന്നുതുടങ്ങിയതായി കണ്ടെത്തിയിട്ടുണ്ട്. അപകടത്തിൽ ഒരാൾ മരിച്ചിരുന്നു.

16 ജീവനക്കാരെ തീരദേശ സേന രക്ഷപ്പെടുത്തി. ടാങ്കറിൽനിന്ന് എണ്ണ വിലിച്ചെടുക്കാൻ ശ്രമം നടക്കുന്നുണ്ട്. ഇന്ധനം മുഴുവൻ കടലിൽ ചോർന്നു പോകുന്ന സാഹചര്യമുണ്ടായാൽ അത് വൻ പാരിസ്ഥിതിക ദുരന്തത്തിന് കാരണമാകും. സമുദ്രാടിത്തട്ടിൽ 34 മീറ്റർ താഴ്ചയിലാണ് കപ്പലുള്ളത്.

# കശ്മീരിൽ ഏറ്റുമുട്ടൽ; സൈനികന് വീരമൃത്യു

ശ്രീനഗർ: ജമ്മുകശ്മീരിലെ കുപ്‌വാര ജില്ലയിൽ നിയന്ത്രണരേഖക്കു സമീപം സൈന്യവും പാക് സായുധ സംഘവും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ സൈനികന് വീരമൃത്യു. മേജറടക്കം നാലു സൈനികർക്ക് പരിക്കേറ്റതായും സൈനിക വൃത്തങ്ങൾ പറഞ്ഞു. ഏറ്റുമുട്ടലിൽ ഒരു പാകിസ്താൻ പൗരനെ സൈന്യം വധിച്ചു. ഇന്നലെ പുലർച്ചെ രണ്ടരക്ക് കുപ് വാരയിലെ മച്ചിൽ സെക്ടറിലെ കാംകാരി പോസ്റ്റിനു സമീപം നിയന്ത്രണരേഖക്കപ്പുറത്ത് നിന്നാണ് വെടിയുതിർത്തത്. കീഴടങ്ങാൻ സൈന്യം മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും ഇവർ സൈനികർക്കു നേരെ വെടിയുതിർക്കുകയായിരുന്നു. രാവിലെ ആരംഭിച്ച ഏറ്റുമുട്ടൽ ഇന്നലെ രാത്രി വൈകിയും തുടർന്നതായാണ് വിവരം. പരിക്കേറ്റ സൈനികരെ ശ്രീനഗറിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി സൈന്യം വാർത്താകുറിപ്പിലൂടെ പറഞ്ഞു. കരസേന മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി കഴിഞ്ഞ ദിവസം കുപ്‌വരയിലെ നിയന്ത്രണ രേഖ സന്ദർശിച്ച് സേനയുടെ തയാറെടുപ്പ് അവലോകനം ചെയ്യുകയും ചെയ്തിരുന്നു.



ജമ്മുകശ്മീരിലെ കുപ്‌വാര ജില്ലയിൽ സൈനിക ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നു



മേഘ വിസ്ഫോടനത്തെതുടർന്ന് ഉത്തരാഖണ്ഡിലെ ഉത്തർകാശിയിൽ യമുനാനദി കരകവിഞ്ഞൊഴുകുന്നു

## മേഘവിസ്ഫോടനം

# ഉത്തരകാശിയിൽ വെള്ളപ്പൊക്കം യമുനാനദി കരകവിഞ്ഞു

ഡെറാഡൂൺ: മേഘ വിസ്ഫോടനത്തെതുടർന്ന് ഉത്തരാഖണ്ഡിലെ ഉത്തർകാശിയിൽ പ്രളയം. യമുനാനദി കരകവിഞ്ഞതിനെതുടർന്ന് നിരവധി കെട്ടിടങ്ങൾ വെള്ളത്തിലായി. പലയിടങ്ങളിലും യമുനാ തീരത്ത് സുരക്ഷാ ഭിത്തി തകർന്നു. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. അതേസമയം നിരവധി തീർത്ഥാടകർ പലയിടങ്ങളിലായി കുടുങ്ങിക്കിടക്കുകയാണ്. വ്യാപക നാശനഷ്ടമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.ജംഗിച്ചട്ടിയിലെ പാർക്കിങ് ബേ വെള്ളത്തിലായി. യമുനോത്രി ധാം വെള്ളത്തിലാവുകയും സുരക്ഷാ ഭിത്തി തകരുകയും ചെയ്തു. യമുനോത്രി ക്ഷേത്രത്തിലും വെള്ളം കയറി. മൂന്ന് കുതിരകളും ഒരു മോട്ടോർ സൈക്കിളും ഒഴുകിപ്പോയി. മഴക്കൊപ്പം മണ്ണിടിച്ചിലുണ്ടായ മധ്യമഹേശ്വർ റൂട്ടിൽ വാഹന ഗതാഗതം നിലച്ചു. മധ്യമഹേശ്വറിൽ കുടുങ്ങിയ 105 തീർത്ഥാടകരെ ഹെലികോപ്റ്ററിൽ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. ദുരന്ത നിവാരണ സേനയുടെ നേതൃത്വത്തിൽ മേഘലയിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുകയാണ്.

# മധ്യപ്രദേശിൽ ഒമ്പതു വയസ്സുകാരിയെ പീഡിപ്പിച്ചുകൊന്നത് 13 വയസ്സുള്ള സഹോദരൻ

## മൊബൈലിൽ അശ്ലീല ദൃശ്യങ്ങൾ കണ്ടത് കുറ്റകൃത്യത്തിന് പ്രേരിപ്പിച്ചു

റേവ: മധ്യപ്രദേശിൽ ഒമ്പതു വയസ്സുകാരി പീഡനത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിൽ നിർണായക വഴിത്തിരിവ്. കുറ്റകൃത്യം ചെയ്തത് കുട്ടിയുടെ 13 വയസ്സുള്ള സഹോദരനെന്ന് പൊലീസ്. കുറ്റകൃത്യത്തെക്കുറിച്ച് അറിഞ്ഞിട്ടും മാതാവും മൂത്ത സഹോദരിമാരും ചേർന്ന് ഇക്കാര്യം ഒളിപ്പിച്ചെന്നും കുറ്റകൃത്യം ചെയ്ത കുട്ടി അശ്ലീല വീഡിയോകൾ തുടർച്ചയായി കണ്ടതാണ് കുറ്റകൃത്യത്തിന് പ്രേരിപ്പിച്ചതെന്നും പൊലീസ് പറഞ്ഞു.

ഏപ്രിൽ 24നാണ് ജാവാ പൊലീസ് സ്റ്റേഷൻ പരിധിയിൽ ഒമ്പതു വയസ്സുകാരിയെ ക്രൂരമായി ലൈംഗികമായി പീഡിപ്പിച്ച ശേഷം കഴുത്തുമുറുക്കി കൊലപ്പെടുത്തിയത്. വീട്ടുവളപ്പിൽ നിന്നാണ് കുട്ടിയുടെ മൃതദേഹം കണ്ടെടുത്തിരുന്നത്.

ഉറങ്ങാൻ കിടന്ന കുട്ടിയെ ആരോ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച് കൊലപ്പെടുത്തി എന്നായിരുന്നു കുടുംബത്തിന്റെ ആദ്യ മൊഴി. ഇതിന്റെ അടിസ്ഥാനത്തിൽ പൊലീസ് 50ലധികം പേരെ കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്തെങ്കിലും കാര്യമായ തുമ്പുണ്ടായില്ല.

ഇതോടെ കുട്ടിയുടെ വീട്ടുകാരെ പൊലീസ് വീണ്ടും ചോദ്യം ചെയ്തു. നേരത്തെ നൽകിയ മൊഴിയിൽ അമ്മയും 17ഉം 18ഉം വയസ്സുള്ള മൂത്ത സഹോദരിമാരും ഉറച്ചുനിന്നു. എന്നാൽ മൊഴിയിലെ ചില വൈരുധ്യങ്ങളിൽ സംശയം തോന്നിയ പൊലീസ് അമ്മയേയും സഹോദരിമാരേയും വീണ്ടും ഒറ്റക്കൊറ്റക്കായി ചോദ്യം ചെയ്തതോടെയാണ് 13കാരന്റെ പങ്ക് പുറത്തുവന്നത്.

അറസ്റ്റ് രേഖപ്പെടുത്തിയ 13കാരനെയും തെളിവു നശിപ്പിക്കാൻ കൂട്ടുനിന്ന 17 വയസ്സുള്ള സഹോദരിയേയും ജുവനൈൽ കോടതിയിൽ ഹാജരാക്കി ദുർഗുണ പരിഹാര പാഠശാലയിലേക്ക് അയച്ചു. തെളിവു നശിപ്പിക്കാൻ ശ്രമിച്ചതിന് മൂത്ത സഹോദരിയേയും അമ്മയേയും അറസ്റ്റ് ചെയ്തതായും പൊലീസ് പറഞ്ഞു.

# യുവതിയെ ഹോസ്റ്റലിൽ കഴുത്തറുത്തു കൊന്ന കേസ്: പ്രതി അറസ്റ്റിൽ

ബംഗളൂരു: കർണാടകയിൽ പിജി ഹോസ്റ്റലിൽ വെച്ച് യുവതിയെ കഴുത്തറുത്ത് കൊലപ്പെടുത്തിയ സംഭവത്തിലെ പ്രതി അറസ്റ്റിൽ. ബിഹാർ സ്വദേശിനി കൃതി കുമാരി (24)യെ കൊലപ്പെടുത്തിയ കേസിലെ പ്രതി അഭിഷേകിനെ മധ്യപ്രദേശിൽ നിന്നാണ് ബംഗളൂരു പൊലീസ് പിടികൂടിയത്. കൃതിയുടെ സുഹൃത്തുമായുള്ള അഭിഷേകിന്റെ പ്രണയ ബന്ധം തകർന്നതാണ് കൊലപാതകത്തിൽ കലാശിച്ചതെന്നാണ് വിവരം. ഈ മാസം 23നായിരുന്നു കോറമംഗലയിലെ പിജി ഹോസ്റ്റൽ അതിക്രമിച്ചു കയറി കൃതിയെ ദാരുണമായി കൊലപ്പെടുത്തിയത്. ക്രൂരമായ കൊലപാതകത്തിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ പുറത്തുവന്നു.

ഹോസ്റ്റലിലെ കെയർടേക്കർ ഭക്ഷണം കഴിക്കാൻ രാത്രി പുറത്തുപോയപ്പോഴാണ് അഭിഷേക് കെട്ടിടത്തിനകത്ത് കയറിയത്. മൂന്നാം നിലയിൽ വെച്ച് കൃതിയോട് യുവാവ് വഴക്കിടുകയും കഴുത്തുറത്തു കൊലപ്പെടുത്തുകയുമായിരുന്നു. രക്തം വാർന്നു നിലത്തു വീണ കൃതിയുടെ നിലവിളി കേട്ട് മറ്റു മുറികളിലുള്ളവർ വന്നെങ്കിലും ജീവൻ രക്ഷിക്കാനായില്ല. കൃതി സംഭവസ്ഥലത്തുവെച്ച് തന്നെ മരിച്ചു. പ്രതിയായ അഭിഷേക് കൃതിയുടെ മുറിയിൽ മുമ്പ് താമസിച്ചിരുന്ന സുഹൃത്തുമായി പ്രണയത്തിലായിരുന്നു. ഈ ബന്ധം തകർന്നതിനു പിന്നിൽ കൃതിയാണെന്നായിരുന്നു അഭിഷേക് കരുതിയിരുന്നത്. കൊലപാതകം നടന്ന് മൂന്നു ദിവസത്തിനു ശേഷമാണ് പ്രതിയെ പൊലീസ് പിടികൂടിയത്.

# നിരീക്ഷണം

മനുഷ്യന്ന് നാം നമ്മുടെ പക്കൽ നിന്നുള്ള വല്ല കാരുണ്യവും ആസ്വദിപ്പിക്കുകയും, എന്നിട്ട് നാം അതവനിൽ നിന്ന് എടുത്തുനീക്കുകയും ചെയ്താൽ തീർച്ചയായും അവൻ നിരാശനും ഏറ്റവും നന്ദികെട്ടവനുമായിരിക്കും.

( വിശുദ്ധ ഖുർആൻ: 11: 09 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക

1446 മുഹറം 22 • 1199 കർക്കിടകം 13



## യുടേൺ പെർമിറ്റും പാർട്ടി സ്റ്റഡിക്ലാസും

യുടേൺ എന്ന പദം ആരാണ് കണ്ടെത്തിയത് എന്നതിനെ കുറിച്ച് ഇപ്പോഴും വ്യക്തതയില്ല. വാക്കിന്റെ ഉദ്ഭവത്തെ കുറിച്ച് അന്വേഷിച്ചാൽ വാഹനങ്ങൾ പെരുകിത്തുടങ്ങിയതോടെയാണ് ഇങ്ങനൊരു വാക്കുണ്ടായതെന്നാണ് അറിയാൻ പറ്റുക. 1934ലാണ് ഇത്തരൊരു പദം ആദ്യമായി ഉപയോഗിച്ചതെന്നും ചിലർ വാദിക്കുന്നു. ഇങ്ങനൊരു വാക്ക് കണ്ടെത്തിയില്ലായിരുന്നുവെങ്കിൽ എന്തായാലും കേരളത്തിൽ മൾട്ടിപ്പിൾ ചങ്കുമായി ഭരിക്കുന്നുവെന്ന് അവകാശപ്പെടുന്ന പിണറായി സർക്കാർ തെണ്ടിപ്പോയേനെ. രണ്ട് തവണയായി പിണറായിയുടെ നേതൃത്വത്തിൽ സർക്കാർ കേരളത്തിൽ അധികാരത്തിലെത്തിയപ്പോഴും ഏറ്റവും കൂടുതൽ ആവശ്യമായി വന്ന പദം യുടേൺ തന്നെയാണ്. ചിലരൊക്കെ ഇതു കൊണ്ടാണ് യുടേൺ രാജ എന്ന് സർക്കാറിന് നേതൃത്വം നൽകുന്നയാളെ വിളിക്കുന്നത്. പറഞ്ഞു വരുന്നത് കേരളത്തിലെ തദ്ദേശ ഭരണ വകുപ്പ് മന്ത്രിയുടെ പുതിയ യുടേൺ തീരുമാനത്തെ കുറിച്ചാണ്. കെട്ടിട നിർമാണ പെർമിറ്റ് ഫീസ് വർധന പുനപരിശോധിക്കാൻ പോവുകയാണ് പോലും. നികുതി വർധന ജനങ്ങൾക്ക് വലിയ ഭാരമായെന്ന് തിരിച്ചറിയാൻ സർക്കാർ വൈകി പോലും. എതിർ വികാരം പ്രത്യക്ഷത്തിൽ നേരത്തെ ഉയർന്നിരുന്നെങ്കിൽ അപ്പോൾ തന്നെ വർധനവ് പിൻവലിക്കുമായിരുന്നുവെന്നാണ് മന്ത്രി ഇപ്പോൾ പറയുന്നത്. ഒപ്പം നല്ലൊരു ന്യായീകരണ ക്യാപ്സൂളും. പണം വാങ്ങാൻ യു.ഡി.എഫിന്റെ തദ്ദേശ സ്ഥാപനങ്ങൾ മുന്നിൽ നിന്നുവെന്നും തദ്ദേശമന്ത്രി എം.ബി. രാജേഷ് പറയുന്നു. നിയമസഭയിൽ പ്രതിപക്ഷം ഇതിനെതിരെ അതിശക്തമായ പ്രതിഷേധം ഉയർത്തിയപ്പോൾ ഫേസ്ബുക്കിൽ വിപ്ലവം നടത്തുകയായിരുന്ന മന്ത്രി ഇപ്പോൾ പറയുന്നു ഇക്കാര്യത്തിൽ ഒന്നും നടന്നില്ല പോലും.

2023 ഏപ്രിൽ മാസത്തിലാണ് വർധനവ് കൊണ്ടുവരാൻ സംസ്ഥാനസർക്കാർ തീരുമാനിച്ചത്. നികുതി പെട്ടെന്ന് കൂട്ടിയത് ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടാണുണ്ടാക്കിയതെന്ന് ഒരു വർഷം കഴിഞ്ഞപ്പോൾ മന്ത്രി തിരിച്ചറിഞ്ഞു. അല്ലേലും കമ്മ്യൂണിസ്റ്റുകൾക്ക് ബുദ്ധി വൈകിയല്ലേ ഉദിക്കൂ. 80 ശതമാനം വരെ കൂട്ടിയത് എന്തായാലും ലോക്സഭാ തിരഞ്ഞെടുപ്പിൽ മുഖമടച്ച് കിട്ടിയപ്പോഴാണ് 60 ശതമാനം കുറക്കാൻ തീരുമാനിച്ചത്. ജനത്തെ കൊഞ്ഞനം കുത്തുന്ന തീരുമാനത്തിനെതിരെ ജനം വോട്ടു ചെയ്തു പ്രതികരിച്ചപ്പോൾ സംഗതി എ.കെ.ജി സെന്ററിന് വരെ പിടുത്തം കിട്ടി. പിടിച്ചു പറിക്കെതിരെ ജനം പ്രതികരിച്ചിരിക്കുന്നുവെന്ന്. 2023 ഏപ്രിലിൽ സർക്കാറിന്റെ നേട്ടമെന്ന് കൊട്ടിഘോഷിച്ച് ഇതേ മന്ത്രി തന്നെ ഫേസ്ബുക്കിൽ തള്ളിമറിച്ചത് കാണുമ്പോൾ സംഗതിയുടെ പോക്ക് എങ്ങോട്ടെന്ന് മനസിലാകും. കെട്ടിട നിർമ്മാണ പെർമിറ്റുകളുടെ കാര്യത്തിൽ ജനോപകാരപ്രദമായ വലിയൊരു മാറ്റം ഏപ്രിൽ ഒന്നു മുതൽ സംസ്ഥാനത്ത് നിലവിൽ വന്നുവെന്ന് ഉദ്ഘോഷിച്ചു കൊണ്ടായിരുന്നു പോസ്റ്റ്. ഡിലിറ്റ് ചെയ്തില്ലെങ്കിൽ ഇപ്പോഴും അവിടെ കാണും അത് ഗവേഷണ വിദ്യാർത്ഥികൾക്ക് അതൊരു റഫറൻസ് ഗ്രന്ഥം കൂടിയാണ്. ചില വസ്തുതകൾ അക്കമിട്ട് നിരത്തി വ്യക്തമാക്കട്ടെ എന്ന ശീർശകത്തോടെ അന്ന് മന്ത്രിയുടെ കൊള്ളക്കായുള്ള പോസ്റ്റ് ഇങ്ങനെയായിരുന്നു. പെർമിറ്റ് ഫീസ് കാലാനുസൃതമായി പുതുക്കി എന്നത് ശരിയാണ്. അപ്പോഴും 80 ചതുരശ്ര മീറ്റർ ( 861.1 ചതുരശ്ര അടി ) വരെ വരെയുള്ള നിർമ്മാണത്തിന് ഒരു പൈസ പോലും വർദ്ധിപ്പിച്ചിട്ടില്ല എന്ന കാര്യം ദുഷ്പ്രചാരണം നടത്തുന്നവർ മറച്ചുവെക്കുന്നു. (ഏത് പിണറായിയുടെ കാലിത്തൊഴുത്തിലെ കാലികൾക്ക് മൂസിക് കേൾക്കാൻ ലക്ഷം ചെലവിട്ടവരാണ് 86.1 ചതുരശ്ര അടി മതി വീടിന് എന്ന് അടിച്ചേൽപിക്കുന്നത്. ലേശം ഉളുപ്പുണ്ടെങ്കിൽ അന്ന് തന്നെ മന്ത്രിമാർ ചെയ്യേണ്ടിയിരുന്നത് സ്വന്തം വീടിന്റെ ചായ്പ് എത്ര ചതുരശ്ര അടിയുണ്ടെന്ന് അളന്നു നോക്കുകയായിരുന്നു. പെർമിറ്റ് ഫീസിൽ നിന്ന് ചില്ലിക്കാശുപോലും സംസ്ഥാന സർക്കാരിനുള്ളതല്ല. സംസ്ഥാന സർക്കാർ വരുമാനം കൂട്ടാൻ ജനങ്ങളെ കൊള്ളയടിക്കുന്നു എന്നു തുടങ്ങിയ പ്രചരണങ്ങൾ അവാസ്തവവും മര്യാദയില്ലാത്തതുമാണെന്ന് മന്ത്രി. യു.ഡി.എഫ് തദ്ദേശ സ്ഥാപനങ്ങൾ പുതുക്കിയ പെർമിറ്റ് ഫീസ് വേണ്ടെന്ന് വെച്ചത് മന്ത്രി അന്ന് പരിഹസിച്ചിരുന്നത് ഓർക്കുക. അപ്പോൾ പിന്നെ ഇപ്പോൾ ഈ വർധന പിൻവലിച്ചത് എന്തിനാണാവോ? തമ്പുരാനറിയാം. കമ്മ്യൂണിസ്റ്റുകളുടെ വാക്കും പഴയ ചാക്കും രണ്ട് ഉപയോഗമില്ലാത്തതാണ്. കൂട്ടിയ നികുതി തദ്ദേശസ്ഥാപനങ്ങൾക്ക് കിട്ടുമെന്നും തദ്ദേശ സ്ഥാപനങ്ങൾ ഭരിക്കുന്നതിൽ കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളുമുണ്ടെന്നും വെച്ചു കാച്ചൽ. അല്ലേലും മന്ത്രിക്ക് തദ്ദേശ സ്ഥാപനങ്ങളോട് വല്ലാത്ത മമതയാണ്.

എല്ലാ തനത് ഫണ്ടുകളും വെട്ടിക്കൂട്ടി തദ്ദേശ സ്ഥാപനങ്ങളെ കുത്തുപാളയെടുപ്പിച്ചതാണ് ആകെ ഈ വകുപ്പിന്റെ നേട്ടമെന്ന് അറിയാത്തത് കേരളത്തിൽ ഇനി വകുപ്പ് മന്ത്രി മാത്രമാണ് ബാക്കി. കോയമ്പത്തൂരിലേയും തമിഴ്നാട്ടിലേയും കലബുറഗിയിലേയും നികുതി റസീറ്റൊക്കെ ഒപ്പിച്ച് താരതമ്യ പഠനവും കേരളീയരെ പഠിപ്പിക്കലുമൊക്കെയായി അന്ന് സഖാക്കൾ വലിയ പുള്ളി ചമയലായിരുന്നു. പിന്നെ വീട് നിർമാണത്തിനായുള്ള കോച്ചിങ്ങായിരുന്നു അടുത്തത്. നടപ്പാക്കിയ നിരക്ക് പുതുക്കൽ നോക്കിയാൽ വീട് നിർമ്മാണത്തിനായി ചെലവഴിക്കുന്ന തുകയുടെ അര ശതമാനം പോലും പരമാവധി നിരക്ക് വരില്ലെന്ന് മന്ത്രിയുടെ സാക്ഷ്യം. പലരും വീട് നിർമ്മാണത്തിനും ഇന്റീരിയർ ഡെക്കറേഷനും അതുകഴിഞ്ഞാൽ ഗൃഹപ്രവേശത്തിനും എല്ലാമായി നല്ല തുക ചെലവഴിക്കാറുണ്ട്. അങ്ങനെയൊക്കെ ചെലവഴിക്കുന്ന തുകയുടെ ഒരംശം മാത്രമേ പെർമിറ്റ് ഫീസായി തദ്ദേശസ്ഥാപനങ്ങൾക്ക് നൽകേണ്ടിവരുന്നുള്ളൂ. എന്തൊരു കരുതലായിരുന്നു ഈ മന്ത്രിക്ക്. ശ്ശൊ അന്ന് വെറുതെ തെറ്റിദ്ധരിച്ചു. എന്നാൽ സ്വന്തം മൂട്ടിൽ തന്നെ തീ പിടിച്ചതോടെ സഖാക്കൾക്ക് കാര്യം മനസിലായി. ലോക്സഭാ തിരഞ്ഞെടുപ്പിൽ ബഹാ കുലുക്കി......... കുന്തം കുലുക്കി.... പാട്ട് ഇത്തവണയും പാലക്കാട് പാഴായി പോയതോടെയാണ് കാര്യം ശരിക്കും പിടികിട്ടിയത്. ഇതൊക്കെ ശ്രദ്ധിക്കേണ്ടെ അംബാനെ എന്ന ഫഹദ് ഫാസിലിന്റെ ഡയലോഗിന് ഇങ്ങനൊരു ടിസ്റ്റുണ്ടെന്ന് മന്ത്രി തിരിച്ചറിഞ്ഞപ്പോഴേക്കും 19 ലോക്സഭാ മണ്ഡലം കൈവിട്ടു പോയി. വക തിരിവ് വട്ടപ്പൂജ്യം.

# വിശ്വാസ വഴിയിലെ സി.പി.എം



**റസാഖ് ആദൃശ്ശേരി**

ജൂലൈ 22 നു തിരുവനന്തപുരത്ത് സമാപിച്ച സി.പി.എം ത്രിദിന സംസ്ഥാനതല നേതൃയോഗം വിശ്വാസപരമായ ചടങ്ങുകളിൽ പങ്കെടുക്കുന്നതിനും ക്ഷേത്രങ്ങൾ ഉൾപ്പെടെയുള്ള ആരാധനാലയങ്ങളിൽ പോകുന്നതിനും പാർട്ടി അംഗങ്ങൾക്കുണ്ടായിരുന്ന വിലക്ക് നീക്കിയിരിക്കുന്നു. ഇനി മുതൽ വൈരുദ്ധ്യാത്മക ഭൗതികവാദം അംഗീകരിക്കേണ്ട ആവശ്യം സഖാക്കൾക്കില്ല. അവർ ചെയ്യേണ്ടത്, ക്ഷേത്രങ്ങളെ കൈപ്പിടിയിലാക്കാൻ ശ്രമിക്കുന്ന ആർ.എസ്.എസിനെ അവിടെ നിന്നും തുരത്തി ക്ഷേത്ര ഭരണത്തിന്റെ കടിഞ്ഞാൻ കൈകളിലാക്കണം. കൂടാതെ ക്ഷേത്രവിശ്വാസവുമായി ബന്ധപ്പെട്ട ചടങ്ങുകൾ സംഘടിപ്പിച്ച് വിശ്വാസികളുമായി ആഴത്തിലുള്ള ബന്ധം സ്ഥാപിച്ച് ലോകസഭാ തിരഞ്ഞെടുപ്പിൽ പാർട്ടിക്ക് നഷ്ടപ്പെട്ട വോട്ടുകൾ തിരിച്ചുപിടിക്കണം.

2013 ൽ പാലക്കാട് നടന്ന സി.പി.എം സംസ്ഥാന പ്ലീനം, പാർട്ടി അംഗങ്ങൾക്ക് മത വിശ്വാസത്തിന് വിലക്കേർപ്പെടുത്തിയിരുന്നു. അന്ന്, സംസ്ഥാന സെക്രട്ടറിയായിരുന്ന പിണറായി വിജയൻ അവതരിപ്പിച്ച സംഘടനാ റിപ്പോർട്ടിൽ 'വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ പ്രത്യയശാസ്ത്രം പിന്തുടർന്നു എല്ലാ പാർട്ടി അംഗങ്ങളും കമ്യൂണിസ്റ്റ് മൂല്യവ്യവസ്ഥയ്ക്ക് ഊന്നൽ നൽകണമെന്നും അവർ മതസ്ഥാപനങ്ങളുടെയും ആരാധനാലയങ്ങളുടെയും ഭാരവാഹികളാകരുതെന്നും വീടുകളിൽ വിശ്വാസപരമായ ചടങ്ങുകൾ നടത്തുവാനോ അത്തരം ചടങ്ങുകളിൽ സംബന്ധിക്കാനോ പാടുള്ളതല്ലെന്നും ' കർശനമായി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത തീരുമാനമാണ് ലോക്സഭാ തിരഞ്ഞെടുപ്പിൽ പാർട്ടിക്കേറ്റ കനത്ത തോൽവിയുടെ പശ്ചാത്തലത്തിൽ റദ്ദ് ചെയ്തിരിക്കുന്നത്.

> 2013 ൽ പാലക്കാട് നടന്ന സി.പി.എം സംസ്ഥാന പ്ലീനം, പാർട്ടി അംഗങ്ങൾക്ക് മത വിശ്വാസത്തിന് വിലക്കേർപ്പെടുത്തിയിരുന്നു. അന്ന്, സംസ്ഥാന സെക്രട്ടറിയായിരുന്ന പിണറായി വിജയൻ അവതരിപ്പിച്ച സംഘടനാ റിപ്പോർട്ടിൽ 'വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ പ്രത്യയശാസ്ത്രം പിന്തുടർന്നു എല്ലാ പാർട്ടി അംഗങ്ങളും കമ്യൂണിസ്റ്റ് മൂല്യവ്യവസ്ഥയ്ക്ക് ഊന്നൽ നൽകണമെന്നും അവർ മതസ്ഥാപനങ്ങളുടെയും ആരാധനാലയങ്ങളുടെയും ഭാരവാഹികളാകരുതെന്നും വീടുകളിൽ വിശ്വാസപരമായ ചടങ്ങുകൾ നടത്തുവാനോ അത്തരം ചടങ്ങുകളിൽ സംബന്ധിക്കാനോ പാടുള്ളതല്ലെന്നും ' കർശനമായി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത തീരുമാനമാണ് ലോക്സഭാ തിരഞ്ഞെടുപ്പിൽ പാർട്ടിക്കേറ്റ കനത്ത തോൽവിയുടെ പശ്ചാത്തലത്തിൽ റദ്ദ് ചെയ്തിരിക്കുന്നത്.

ആരാധനാലയങ്ങളിൽ പോകുന്നതും മത ചടങ്ങുകളിൽ പങ്കെടുക്കുന്നതും വിശ്വാസിയാകുന്നതും ഇപ്പോൾ സി.പി.എമ്മിനു അനുവദനീയമാകുമ്പോൾ അത്തരം കാര്യങ്ങളിൽ ഏർപ്പെട്ടതിന്റെ പേരിൽ പാർട്ടിയിൽ നിന്നും അപമാനിതരായവർ, പരിഹാസം കേട്ടവർ, വിലക്ക് നേരിട്ടവർ തുടങ്ങി ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ കുറെ സഖാക്കളുണ്ട്. ശാരീരികമായും മാനസികമായും അവർ നേരിട്ട പീഡനങ്ങൾക്കും അനുഭവിച്ച സങ്കടങ്ങൾക്കും കാരണക്കാരായ പിണറായി വിജയനെ പോലെയുള്ള നേതാക്കൾ ഇന്നും ജീവിച്ചിരിപ്പുണ്ട്. ഒരു തിരഞ്ഞെടുപ്പിൽ പാർട്ടിക്ക് തോൽവി പറ്റുമ്പോൾ, നാളിതുവരെ പറഞ്ഞ് പഠിപ്പിച്ച എല്ലാ കമ്യൂണിസ്റ്റ് ആദർശങ്ങളും വിട്ടു വിശ്വാസത്തിന്റെ വഴിയെ നടക്കാൻ അണികൾക്ക് അനുവാദം കൊടുക്കുന്ന വർത്തമാന സാഹചര്യത്തിൽ, മുമ്പ് മതചടങ്ങുകളിൽ പങ്കെടുത്തതിന്റെ പേരിൽ തങ്ങളുടെ സഹപ്രവർത്തകരോട് ചെയ്ത കാര്യങ്ങളേയോർത്ത് അൽപമെങ്കിലും പശ്ചാത്താപം പിണറായി വിജയനും എം.വി.ഗോവിന്ദനും ഉണ്ടാവാൻ സാധ്യതയില്ല. എങ്കിലും സംസ്ഥാനതല നേതൃയോഗത്തിൽ ഈ തീരുമാനങ്ങൾ പാർട്ടി എടുക്കുമ്പോൾ പിണറായി വിജയന്റെയും എം.വി.ഗോവിന്ദന്റെയും മനസിലൂടെ കടന്നുപോയ ചില ഓർമകളെങ്കിലും ഉണ്ടാവും. അത് അവരെ അസ്വസ്ഥതപ്പെടുത്തുന്ന ഓർമകൾ തന്നെയാണ്.

തിരുവമ്പാടിയിലെ സി.പി.എം എം.എൽ.എ ആയിരുന്ന മത്തായി ചാക്കോ സഖാവിനു സ്വബോധത്തോടെ രോഗീലേപന കൂദാശ നൽകിയതിന്റെ പേരിൽ ബിഷപ്പ് മാർപോൾ ചിറ്റിലപള്ളിയെയും മത്തായി ചാക്കോയെയും ചീത്ത വിളിച്ചതും ബിഷപ്പ് മാർപോൾ ചിറ്റിലപള്ളിയെ 'നികൃഷ്ടജീവി' എന്നു വിളിച്ച് ആക്ഷേപിച്ചതും അന്നത്തെ സംസ്ഥാന സെക്രട്ടറി സഖാവ് പിണറായി വിജയനായിരുന്നു. ഒരു കമ്യൂണിസ്റ്റിൽ മതവിശ്വാസം ആരോപിക്കുന്നത് ബഹുമാന്യനായ ഒരു വ്യക്തിയെ നികൃഷ്ടജീവിയായി തരം താഴ്ത്താൻ മാത്രം വലിയ ഒരു കുറ്റമായിട്ടായിരുന്നു അന്ന് സി.പി.എം കണ്ടത്. 'ധന്യമായ കമ്യൂണിസ്റ്റ് ജീവിതം നയിച്ച സഖാവ് മത്തായി ചാക്കോ സ്വബോധത്താലെ അന്ത്യകൂദാശ സ്വീകരിച്ചുവെന്ന പച്ചക്കള്ളം പറയുന്നത് ചാക്കോയെ അപമാനിക്കാനാണ്'. എന്നാണ് ബിഷപ്പിനെ നികൃഷ്ടജീവിയായി വിശേഷണം നടത്തിക്കൊണ്ട് പിണറായി വിജയൻ പ്രതികരിച്ചത്. ഈ പ്രസ്താവനയിൽ നിന്നു തന്നെ, ധന്യമായ കമ്യൂണിസ്റ്റ് ജീവിതം എന്നു പറയുന്നത് മതവിശ്വാസ ജീവിതം പോലെ തന്നെയാണെന്നും അത്തരം ഒരു കമ്യൂണിസ്റ്റ്, മതകീയാചാരങ്ങൾ ചെയ്തുവെന്നു പറയുന്നത് പച്ചക്കള്ളമാണെന്നും ധന്യനായ ഒരു കമ്യൂണിസ്റ്റിനെ മതവിശ്വാസിയായി ചിത്രീകരിക്കുന്നത് അയാളെ അപമാനിക്കുന്നതിന് തുല്യമാണെന്നും കമ്യൂണിസ്റ്റുകാർ വിശ്വസിക്കുന്നുവെന്നു വ്യക്തമായി മനസ്സിലാക്കാം. എന്നാൽ മതവിശ്വാസം അപമാനമായി കരുതിയിരുന്ന കമ്യൂണിസ്റ്റുകൾക്ക് ഇപ്പോൾ മതവിശ്വാസം സ്വീകാര്യമായി മാറുന്നുവെന്നത് അത്ഭുതകരമാണ്.

ആലപ്പുഴയുടെ സി.പി.എം എം.പിയായിരുന്ന ഡോ: കെ.എസ്.മനോജ് പാർട്ടിയോടു വിട പറഞ്ഞ സമയത്ത് പറഞ്ഞ കാരണം തന്റെ വിശ്വാസമാചരിച്ചു കൊണ്ടു പാർട്ടിയിൽ പ്രവർത്തിക്കാൻ പാർട്ടി ഇടം തരുന്നില്ല എന്നായിരുന്നു. ഒന്നാം പിണറായി സർക്കാരിൽ ദേവസ്വം മന്ത്രിയായിരുന്ന കടകംപള്ളി സുരേന്ദ്രൻ അഷ്ടമിരോഹിണി ദിവസം ഗുരുവായൂർ ക്ഷേത്ര ദർശനം നടത്തിയതും പാർട്ടി വലിയ വിവാദമാക്കി. മന്ത്രി ആദ്യം കുടുംബാംഗങ്ങളുടെ പേരിൽ പുഷ്പാഞ്ജലി നടത്തി. പിന്നെ, കാണിക്കയിട്ടു സോപാനം തൊഴുതു. കൈവശമുണ്ടായിരുന്ന ബാക്കി തുക അന്നദാനത്തിനും നൽകി. ക്ഷേത്ര ദർശനത്തിൽ ഏറെ സംതൃപ്തിയുണ്ടെന്നും അത് ധന്യവും മനോഹരവുമായ നിമിഷങ്ങളായിരുന്നുവെന്നും പൊതുയോഗത്തിൽ പിന്നീട് പ്രസംഗിക്കുകയും ചെയ്തു. സംഭവം വലിയ ഒച്ചപ്പാടായി. സി.പി.എം നേതാക്കൾ പൊതുവെ വിശ്വാസങ്ങളിൽ നിന്ന് അകലം പാലിക്കുമ്പോൾ പ്രധാനപ്പെട്ട നേതാവ് തന്നെ ക്ഷേത്ര ദർശനം നടത്തിയെന്നത് ചൂടേറിയ ചർച്ചകൾക്ക് തുടക്കമിട്ടു. സംസ്ഥാന സമിതി കൂടി. പാർട്ടി സെക്രട്ടറിയായിരുന്ന കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച റിപ്പോർട്ടിൽ കടകംപള്ളിക്കെതിരെ രൂക്ഷമായ പരാമർശം നടത്തി. മന്ത്രിയുടെ നടപടി പാർട്ടിക്ക് നാണക്കേടുണ്ടാക്കിയെന്ന് വിലയിരുത്തി പാർട്ടി അദ്ദേഹത്തോടു വിശദീകരണം ചോദിച്ചു. മന്ത്രി എന്ന നിലയിൽ ക്ഷേത്രത്തിൽ പോയതിൽ തെറ്റില്ല, പക്ഷേ വഴിപാട് നടത്താൻ പാടില്ലായിരുന്നുവെന്നും മേലിൽ ജാഗ്രത പാലിക്കണമെന്നും അദ്ദേഹത്തെ പാർട്ടി ശാസിച്ചു.

കോടിയേരി ബാലകൃഷ്ണൻ തന്നെ ഇത്തരം വിവാദത്തിൽ പെട്ടിട്ടുണ്ട്. 2006 ലെ നിയമസഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിൽ കോടിയേരി ബാലകൃഷ്ണന്റെയും മകൻ ബിജോയിയുടെയും പേരിൽ പൂമൂടൽ വഴിപാട് നടത്തിയതായിരുന്നു കാരണം. കോടിയേരിയുടെ ഭാര്യ വിനോദിനിയാണ് വഴിപാട് വാങ്ങിയത്. വിവാദമായതോടെ പൂമൂടൽ വഴിപാട് നടത്തിയിട്ടില്ലെന്ന് കോടിയേരിയും സി.പി.എം നേതൃത്വവും ആവർത്തിച്ചു. പക്ഷേ, തെളിയിക്കാൻ കഴിഞ്ഞില്ല. അവസാനം കോടിയേരിയുടെ പൂമൂടൽ വഴിപാട് വിവരം ചോർത്തിയതിന് ക്ഷേത്ര ജീവനക്കാരനും മലബാർ ദേവസ്വം എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റിയംഗവുമായ കൃഷ്ണഭട്ടിനെ സംഘടനയിൽ നിന്ന് പുറത്താക്കി. മറ്റൊരംഗമായ അനിൽകുമാറിനെ ജില്ലാ കമ്മിറ്റിയിലേക്ക് തരംതാഴ്ത്തി. സാക്ഷാൽ ഇ.എം.എസ് നമ്പൂതിരിപ്പാട് തന്നെ ഇത്തരം വിവാദത്തിലകപ്പെട്ടതിനും കേരളം സാക്ഷിയായിട്ടുണ്ട്. ഇ.എം.എസ് തന്റെ സഹധർമിണിയായ ആര്യ അന്തർജനത്തിന്റെ കൂടെ മധുരമീനാക്ഷി ക്ഷേത്ര ദർശനത്തിന് പോയതായിരുന്നു വാർത്തയായത്. ആര്യ അന്തർജനം ദർശനത്തിനായി ക്ഷേത്രത്തിനകത്ത് പോയപ്പോൾ ഇ.എം.എസ് പുറത്ത്തന്നെ നിൽക്കുകയായിരുന്നു എന്നാണ് പറയപ്പെട്ടത്. എങ്ങനെയായാലും ഇ.എം.എസിന്റെ ഭാര്യ മത വിശ്വാസിയായി ജീവിക്കുന്നുവെന്നത് കമ്യുണിസ്റ്റ് നേതാക്കളുടെ വിശ്വാസപരമായ പാപ്പരത്തത്തിന്റെ ഉദാഹരണമായിരുന്നു. നാട്ടുകാരെ മതവിശ്വാസത്തിൽ നിന്നും മോചിപ്പിക്കാൻ നടക്കുന്ന ഇ.എം.എസിനു സ്വന്തം ഭാര്യയെ മതത്തിൽ നിന്നും മോചിപ്പിക്കാൻ കഴിഞ്ഞില്ല. സ്വന്തം ഭാര്യയുടെ മത വിശ്വാസത്തിനു കാവൽ നിൽക്കുന്ന പണിയാണ് അദ്ദേഹം ചെയ്തിരുന്നത്. മാർക്സിസ്റ്റ് സൈദ്ധാതികനായിരുന്ന പി.ഗോവിന്ദപിള്ള ശബരിമല ക്ഷേത്ര ദർശനത്തിനു പോയതും ചർച്ചയായി. പിന്നീട് അതിനെ പി.ജി വ്യാഖ്യാനിച്ചത് മതവിശ്വാസിയായ ഭാര്യയുടെ ആഗ്രഹപ്രകാരം നടത്തിയ തീർത്ഥാടനം എന്നായിരുന്നു. പാർട്ടി കേന്ദ്ര കമ്മിറ്റി അംഗവും സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവുമായിരുന്ന എം.എം ലോറൻസിന്റെ മകളുടെ കല്യാണമായിരുന്നു വിവാദപരമായ മറ്റൊരു സംഭവം. ലോറൻസിന്റെ മകളും ഭാര്യയും മകളുടെ കല്യാണം പള്ളിയിൽ വെച്ചു നടത്തണമെന്നു ശാഠ്യം പിടിച്ചു. പ്രശ്നം സെക്രട്ടേറിയറ്റ് ചർച്ച ചെയ്തു. പല ഒഴിവ് കഴിവുകളും അദ്ദേഹം പറഞ്ഞു നോക്കി. പാർട്ടി സമ്മതിച്ചില്ല. അവസാനം സുഖമില്ലാത്ത ഭാര്യയുടെ മാനസിക സംഘർഷം ഒഴിവാക്കാൻ മകളുടെ കല്യാണം പള്ളിയിൽ വെച്ച് നടത്താൻ സെക്രട്ടേറിയറ്റ് അനുവാദം നൽകുകയായിരുന്നു. പാർട്ടിയുടെ അനുവാദത്തോടെ തന്നെ പള്ളിയിൽ വെച്ച് മകളുടെ വിവാഹം നടത്തിയിട്ടും നാടുനീളെ ലോറൻസിന് ചീത്ത കേൾക്കേണ്ടി വന്നു.

മുകളിൽ പ്രസ്താവിച്ച നേതാക്കളെല്ലാം ചെയ്ത തെറ്റ് മത ചടങ്ങുകളിൽ പങ്കെടുത്തു എന്നതായിരുന്നു. അതിന്റെ പേരിൽ കുറ്റപ്പെടുത്തലുകളും പാർട്ടി നടപടികളും അവർ ഏറ്റുവാങ്ങി. എന്നാലിന്ന് കാലം മാറി. മതം മനുഷ്യനെ മയക്കുന്ന കഞ്ചാവാണെന്നു പറഞ്ഞവർക്കിന്ന് മതം മധുരിക്കുന്ന കൽക്കണ്ടമായി മാറി. മുഹൂർത്തം നോക്കലും കവടി നിരത്തലും പ്രത്യയശാസ്ത്രത്തിന്റെ തന്നെ ആചാരക്രമങ്ങളായി.സഖാക്കളുടെ വിവാഹം ക്ഷേത്രത്തിലും പള്ളിയിലും വെച്ച് ആചാരപ്രകാരം നടത്തൽ തുടങ്ങിയിട്ട് കാലം ഇത്തിരിയായി. ഒരു ക്ഷേത്രപ്രവേശന വിളംബര പ്രഖ്യാപനം കൂടി ബാക്കിയുണ്ടായിരുന്നു. അത് ഇപ്പോൾ മാർക്സിസിസ്റ്റ് ബുദ്ധിജീവിയും സംസ്ഥാന സെക്രട്ടറിയുമായ എം.വി.ഗോവിന്ദൻ നിർവ്വഹിച്ചു കഴിഞ്ഞു. അതിന് പതിനെട്ടാം ലോക്സഭാ തിരഞ്ഞെടുപ്പ് തോൽവി വരെ കാത്തിരിക്കേണ്ടി വന്നുവെന്നു മാത്രം. ഇനി മുതൽ സഖാക്കൾക്ക് തലയിൽ മുണ്ടിടാതെ ആരാധനാലയങ്ങളിൽ പോകാം. മതചടങ്ങുകളിൽ ഒളിച്ചും പാത്തും നിൽക്കാതെ പങ്കെടുക്കാം. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കാൻ സഖാക്കളോട് എം.വി ഗോവിന്ദൻ ആജ്ഞാപിക്കുന്നുണ്ട്. ആർ.എസ്.എസ് തങ്ങളുടെ കൈപ്പിടിയിൽ ആക്കിയിരിക്കുന്ന ക്ഷേത്രങ്ങളെ അവരുടെ കൈയിൽ നിന്നും മോചിപ്പിക്കണം. ആർ.എസ്.എസ് വൻതോതിൽ ഹൈന്ദവ വൽക്കരണം നടത്തുന്നുണ്ട്. അതിന് തടയിടണം. അങ്ങനെ പാർട്ടി വളർത്തണം. വിശ്വാസത്തേക്കാൾ പ്രധാനമാണ് പാർട്ടിയുടെ വിജയം എന്നർത്ഥം. അപ്പോഴും പാർട്ടി നേതൃത്വത്തിനു മുന്നിൽ ചില ചോദ്യങ്ങൾ ഉയരുന്നുണ്ട്. കമ്യൂണിസവും മതവും തമ്മിൽ ഒരിക്കലും കൂടിച്ചേരാത്ത രണ്ടു ധ്രുവങ്ങളിലാണുള്ളതെന്നു പറഞ്ഞ കാറൽ മാർക്സ്, ഏംഗൽസ്, ലെനിൻ, ഇ.എം.എസ് തുടങ്ങിയ കമ്യൂണിസ്റ്റ് ആചാര്യന്മാരെ കേരള സി.പി.എം കൈവിട്ടോ? മതാചാര്യങ്ങൾ നടത്തിയതിന്റെ പേരിൽ ക്രൂശിക്കപ്പെട്ടവരോടു പാർട്ടി ചെയ്തത് തെറ്റായിരുന്നുവെന്നു ഇപ്പോൾ തെറ്റ് തിരുത്തുന്ന വേളയിലെങ്കിലും പാർട്ടിക്ക് ബോധ്യമായോ തുടങ്ങിയ ചോദ്യങ്ങൾ. ഇതിനുള്ള ഉത്തരം നിഷ്കളങ്കരായ ചില സഖാക്കളെങ്കിലും പ്രതീക്ഷിക്കുന്നുണ്ടാവാം.

chandrikapostbox@gmail.com

## പോസ്റ്റ് ബോക്സ്

# കാലിക്കറ്റ് ഡിസ്റ്റൻസ് കോഴ്സുകൾ നിർത്തലാക്കരുത്

ഡിഗ്രി പഠന യോഗ്യത നേടുന്ന എല്ലാ വിദ്യാർഥികൾക്കും റെഗുലറായി ഡിഗ്രി പഠനം നടത്താനാവശ്യമായ സംവിധാനങ്ങൾ ഇവിടെയില്ല എന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ. പകരം ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ ആശ്രയിച്ചിരുന്നത് കാലിക്കറ്റടക്കമുള്ള യൂണിവേഴ്സിറ്റികളിലെ ഡിസ്റ്റൻസ് കോഴ്സുകളെയായിരുന്നു. എന്നാൽ 2021 ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിൽ ഡിസ്റ്റൻസ് പഠനം കേരള ഓപ്പൺ യൂണിവേഴ്സിറ്റിയിൽ മാത്രമാക്കി മാറ്റാനുള്ള തീരുമാനം സംസ്ഥാന സർക്കാർ കൈക്കൊള്ളുകയും അതടിസ്ഥാനത്തിൽ റെഗുലർ യൂണിവേഴ്സിറ്റികളിലെ ഡിസ്റ്റൻസ് പഠന കേന്ദ്രങ്ങൾ പ്രവർത്തന മവസാനിപ്പിക്കേണ്ട സ്ഥിതി സംജാതമാവുകയും ചെയ്തു. ഓപ്പൺ യൂണിവേഴ്സിറ്റി വിജയകരമാക്കുന്നതിന് വേണ്ടി മറ്റു യൂണിവേഴ്സിറ്റികളിലെ ഡിസ്റ്റൻസ് പഠനമവസാനിപ്പിക്കണമെന്ന സർക്കാരിന്റെ വികലമായ നയം വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്.

റഗുലർ വിദ്യാർത്ഥികളുടെ അതേ സിലബസ് പഠിച്ച് പരീക്ഷയെഴുതി റഗുലർ വിദ്യാർത്ഥികളുടേതിന് സമാനമായ സർട്ടിഫിക്കറ്റ് നേടാനുള്ള അവസരമാണ് ഡിസ്റ്റൻസ് വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ പിടിവാശി കാരണം നഷ്ടമാകുന്നത്. പ്ലസ്. ടുവിൽ നല്ല മാർക്ക് നേടിയിട്ടും ജീവിത സാഹചര്യങ്ങൾ കാരണം റഗുലർ പഠനം നടത്താൻ സാധിക്കാതെ പോയവരും വലിയ മത്സര പരീക്ഷകൾക്ക് തയാറെടുക്കാനായി റഗുലർ പഠനം വേണ്ടെന്നു വെച്ചവരും ഡിസ്റ്റൻസ് കോഴ്സുകൾ തിരഞ്ഞെടുക്കുന്നവരിലുണ്ട്. കാലിക്കറ്റ്, കേരള, എം.ജി യൂണിവേഴ്സിറ്റികൾ ഡിസ്റ്റൻസ് കോഴ്സുകൾ വിജയകരമായി നടത്തിക്കൊണ്ടിരിക്കുകയും അതിനാവശ്യമായ സംവിധാനങ്ങൾ അവിടങ്ങളിൽ നിലവിലുണ്ട് എന്നുമിരിക്കെ ഇഷ്ടമുള്ള യൂണിവേഴ്സിറ്റിയിൽ പഠിച്ച് സർട്ടിഫിക്കറ്റ് നേടാനുള്ള വിദ്യാർത്ഥികളുടെ ചോയ്സിനെ സർക്കാർ ഇല്ലാതാക്കരുത്. കാലിക്കറ്റിലും മറ്റു റഗുലർ യൂണിവേഴ്സിറ്റികളിലും കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഡിസ്റ്റൻസ് കോഴ്സുകളുടെ എണ്ണം കുറഞ്ഞപ്പോൾ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ചേരാതെ ഡിസ്റ്റൻസ് പഠനത്തിനായി വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളെ വ്യാപകമായി തിരഞ്ഞെടുത്തത് സർക്കാർ കണ്ടില്ലെന്ന് നടിക്കരുത്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഈ വർഷം ഡിസ്റ്റൻസ് കോഴ്സുകൾ ഉണ്ടാവില്ലെന്ന് അധികൃതരിൽ നിന്ന് അറിയാൻ സാധിച്ചിരുന്നു. ഇക്കാര്യത്തിൽ ഔദ്യോഗികമായ മറുപടി തേടി സമർപ്പിച്ച വിവരാവകാശ അപേക്ഷക്ക് തീരുമാനമായിട്ടില്ല എന്ന ഡിപ്ലോമാറ്റിക് മറുപടിയാണ് ലഭിച്ചത്. അവസാന എട്ട് അധ്യയന വർഷങ്ങളിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജുക്കേഷന് കീഴിൽ 2,77350 വിദ്യാർത്ഥികൾ ബിരുദ പഠനത്തിനായും 46,404 വിദ്യാർത്ഥികൾ ബിരുദാനന്തര ബിരുദ പഠനത്തിനായും അഡ്മിഷനെടുത്തിട്ടുണ്ട്. ശരാശരി ഒരു വർഷം മുപ്പതിനായിരത്തോളം വിദ്യാർത്ഥികൾ ബിരുദ പഠനത്തിനായും ആറായിരത്തോളം വിദ്യാർത്ഥികൾ ബിരുദാനന്തര പഠനത്തിനായും ആശ്രയിച്ചിരുന്ന യൂണിവേഴ്സിറ്റിയിലെ ഡിസ്റ്റൻസ് പഠനം അവസാനിപ്പിക്കുന്നത് അതീവ ഗൗരവമുള്ള പ്രശ്നം തന്നെയാണ്. 2013 മുതൽ 2022 വരെയുള്ള വിവിധ അധ്യയന വർഷങ്ങളിൽ 13 മുതൽ 21 വരെ എണ്ണം ഡിഗ്രി കോഴ്സുകളും 10 മുതൽ 16 വരെ എണ്ണം പി.ജി കോഴ്സുകളും ഡിസ്റ്റൻസ് മോഡിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ലഭ്യമായിരുന്നു. 2018 – 19 അധ്യയന വർഷം 14 ഡിഗ്രി കോഴ്സുകൾ ലഭ്യമായിരുന്ന സമയത്ത് 44959 വിദ്യാർത്ഥികളാണ് ബിരുദ പഠനത്തിനായി അഡ്മിഷനെടുത്തത്. 2023 – 24 അധ്യയന വർഷം കോഴ്സുകളുടെ എണ്ണം നാലായി കുറഞ്ഞപ്പോഴും 17098 വിദ്യാർത്ഥികൾ ഡിഗ്രി അഡ്മിഷനെടുത്തു എന്നത് ശ്രദ്ധേയമാണ്. ഘട്ടം ഘട്ടമായി ഡിസ്റ്റൻസ് പഠനം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തിന്റെ പുറത്താണ് അവസാന വർഷങ്ങളിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ കോഴ്സുകളുടെ എണ്ണം കുറച്ചത്.

ഡിസ്റ്റൻസ് കോഴ്സുകൾ നടത്തുന്നത് സാമ്പത്തികമായി കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് വലിയ നേട്ടമായിരുന്നു എന്നാണ് കാണാൻ സാധിക്കുന്നത്. വിവരാവകാശ അപേക്ഷയുടെ മറുപടിയായി ലഭിച്ച വിവരങ്ങൾ പ്രകാരം അവസാനത്തെ പത്ത് സാമ്പത്തിക വർഷങ്ങളിലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജുക്കേഷന്റെ വരുമാനം 174 കോടി രൂപയിലധികമാണ്. വിപുലമായ കെട്ടിട സൗകര്യങ്ങളും അനുബന്ധ സംവിധാനങ്ങളും കാലിക്കറ്റിലെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജുക്കേഷന് നിലവിലുണ്ട്. ഡിസ്റ്റൻസ് വിദ്യാർത്ഥികൾക്കായി യൂണിവേഴ്സിറ്റി വിവിധ വർഷങ്ങളിൽ കലോത്സവവും കായികമേളയും സംഘടിപ്പിച്ചിരുന്നു. യൂണിവേഴ്സിറ്റിയുടെ സ്ഥിരം വീഴ്ചകളിൽ ഒന്നായ പരീക്ഷകൾ വൈകുന്നത് പോലെയുള്ള പ്രശ്നങ്ങൾ ഒഴിച്ച് നിർത്തിയാൽ ഡിസ്റ്റൻസ് പഠനം നല്ല രീതിയിൽ തന്നെയായിരുന്നു കാലിക്കറ്റിൽ നടന്നിരുന്നത്.

ഓപ്പൺ യൂണിവേഴ്സിറ്റിക്ക് യു.ജി.സി അംഗീകാരം ലഭിച്ചെങ്കിലും മതിയായ ഫാക്കൽറ്റികളുടെ നിയമനം ഇതുവരെയും നടന്നിട്ടില്ല. ഫീസിന്റെ കാര്യത്തിൽ വിദ്യാർത്ഥികളിൽ നിന്ന് കൊള്ളലാഭം കൊയ്യാനാണ് ഓപ്പൺ യൂണിവേഴ്സിറ്റി ശ്രമിക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഫീസ് ഘടനയെ അപേക്ഷിച്ച് ഓപ്പൺ യൂണിവേഴ്സിറ്റിയിലെ ഒരു ബിരുദ വിദ്യാർത്ഥിക്ക് സെമസ്റ്റർ ഫീ ഇനത്തിൽ രണ്ടിരട്ടി അധികം ചിലവ് വരും. ഓപ്പൺ യൂണിവേഴ്സിറ്റിയിലേതിനേക്കാൾ റെഗുലർ യൂണിവേഴ്സിറ്റികളിലെ ഡിസ്റ്റൻസ് കോഴ്സുകൾക്ക് ചേരാനാണ് വിദ്യാർഥികൾ താൽപര്യപ്പെടുന്നത് എന്നത് വ്യക്തമാണ്.

ഓപ്പൺ യൂണിവേഴ്സിറ്റിയെ വിജയകരമാക്കുന്നതിനായി മറ്റു യൂണിവേഴ്സിറ്റികളിലെ ഡിസ്റ്റൻസ് കോഴ്സുകൾ അവസാനിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ വാശിപിടിക്കരുത്. ഓപൺ യൂണിവേഴ്സിറ്റി പ്രവർത്തനം തുടരുന്നതോടൊപ്പം മറ്റു യൂണിവേഴ്സിറ്റികൾക്കും ഡിസ്റ്റൻസ് കോഴ്സുകൾ നടത്താൻ അവസരം നൽകണം. പ്രത്യേകിച്ച് ഡിസ്റ്റൻസ് പഠന സംവിധാനങ്ങളെ കൂടുതൽ ആശ്രയിക്കേണ്ടി വരുന്ന മലബാറിലെ വിദ്യാർത്ഥികളെ പരിഗണിച്ചു കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഡിസ്റ്റൻസ് കോഴ്സുകൾ പഴയപടി തന്നെ നിലനിർത്തുകയും അതിനായി വിഷയത്തിലെ സർക്കാർ നയം തിരുത്തുകയും ചെയ്യേണ്ടതുണ്ട്. പ്ലസ്. വൺ സീറ്റ് പ്രതിസന്ധിയെ തുടർന്നുണ്ടായ ബഹളങ്ങളിൽ ഈ വിഷയം കൂടുതൽ ചർച്ച ചെയ്യപ്പെടാതെ പോയതും ദൗർഭാഗ്യകരമാണ്.

**അലി ഇഖ്ബാൽ കെ.പി**

RNI 3018/1957 Vol No. 91. Issue No.196 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com

## പി.ജി.ഡി.സി.എ/ ഡി.സി.എ പ്രവേശനം

മലപ്പുറം: എൽ.ബി.എസ്. സെന്ററിന്റെ മഞ്ചേരി ഉപകേന്ദ്രത്തിൽ ആഗസ്ത് മാസത്തിൽ ആരംഭിക്കുന്ന പി.ജി.ഡി.സി.എ/ഡി.സി.എ/ ഡി.സി.എ (എസ്)/ഡി.സി.എഫ്.എ കോഴ്സുകളിലേക്ക് പ്രവേശനത്തിന് അപേക്ഷിക്കാം. ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. ബിരുദമാണ് പി.ജി.ഡി.സി.എ കോഴ്സിന് പ്രവേശനത്തിനുള്ള യോഗ്യത. എസ്.എസ്.എൽ.സി യോഗ്യതയുള്ളവർക്ക് ഡി.സി.എയ്ക്കും പ്ലസ് ടു യോഗ്യതയുള്ളവർക്ക് ഡി.സി.എ (എസ്) കോഴ്സിനും പ്ലസ് ടു (കൊമേഴ്സ്) യോഗ്യതയുള്ളവർക്ക് ഡി.സി.എഫ്.എ കോഴ്സിനും അപേക്ഷിക്കാം. എസ്.സി/ എസ്.ടി/ ഒ.ഇ.സി വിദ്യാർഥികൾക്ക് കോഴ്സ് ഫീസ് സൗജന്യമാണ്. കൂടുതൽ വിവരങ്ങൾ എൽ.ബി.എസ്. സബ് സെന്റർ, ഐ.ജിബി.ടി ബസ്സ്റ്റാന്റ്, മഞ്ചേരി എന്ന വിലാസത്തിലും 0483 2764674 എന്ന നമ്പറിലും ലഭിക്കും.

## സ്റ്റാഫ് നഴ്സ് അഭിമുഖം

മലപ്പുറം: ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 (കാറ്റഗറി നം.066/2023) തസ്തികയിലേക്കുള്ള ആദ്യഘട്ട അഭിമുഖം 2024 ജൂലൈ 31, ആഗസ്ത് 1, 2, 7, 8, 9 തീയതികളിൽ പി.എസ്.സി മലപ്പുറം ജില്ലാ ഓഫീസിൽ നടക്കും. അർഹരായ ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ്, പ്രൊഫൈൽ എന്നിവ വഴി അറിയിപ്പ് നൽകിയിട്ടുണ്ട്. ഉദ്യോഗാർഥികൾ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള ഇന്റർവ്യൂ മെമ്മോ ഡൗൺലോഡ് ചെയ്ത് നിർദേശിച്ച പ്രകാരമുള്ള പ്രമാണങ്ങളുടെ അസ്സൽ സഹിതം അഭിമുഖത്തിന് ഹാജരാവണമെന്ന് ജില്ലാ പി.എസ്.സി ഓഫീസർ അറിയിച്ചു.

## വനമിത്ര അവാർഡിന് അപേക്ഷിക്കാം

മലപ്പുറം: ജൈവ വൈവിധ്യ സംരക്ഷണ രംഗത്തെ മികച്ച പ്രവർത്തനങ്ങൾക്ക് വനം-വന്യ ജീവി വകുപ്പ് നൽകുന്ന വനമിത്ര അവാർഡിന് അപേക്ഷിക്കാം. 25000/ രൂപയും, ഫലകവും അടങ്ങുന്നതാണ് അവാർഡ്. കണ്ടൽകാടുകൾ, ഔഷധ സസ്യങ്ങൾ, കാർഷികം, ജൈവവൈവിധ്യം മുതലായവ പരിരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയിൽ നിന്നും ഒരു അവാർഡ് വീതം നൽകും. താത്പര്യമുള്ള വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള അപേക്ഷയും പ്രവർത്തന റിപ്പോർട്ടും മലപ്പുറം ജില്ലാ സാമൂഹ്യ വനവത്കരണ വിഭാഗം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ ആഗസ്ത് 30നകം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0483 2734803, 8547603857, 8547603864.

പ്രാദേശിക വാർത്തകൾ

# കക്കാട് മണ്ണിടിഞ്ഞത് രണ്ടിടത്ത്; ഭീതിമാറാതെ ജനം


തിരൂരങ്ങാടി കക്കാട് ദേശീയ പാതയിൽ മണ്ണിടിഞ്ഞിടത്ത് മണ്ണ് കൂട്ടിയിട്ട നിലയിൽ
സഊദ് അൻവർ

ഇഖ്ബാൽ കല്ലുങ്ങൽ
മലപ്പുറം

ദേശീയ പാത 66 നിർമാണ തകർച്ചയുടെ ആശങ്കയിലാണ് ഇപ്പോഴും കക്കാട് പ്രദേശം. ദുരന്ത ഭീതിയിലാണ് ഇവിടെ പ്രദേശ വാസികളും യാത്രക്കാരും. കൂരിയാട് പാലം മുതൽ കരുമ്പിൽ സലഫി മസ്ജിദ് വരെ ഒരു കിലോമീറ്ററിലേറെ ഏറെ താഴ്ഭാഗത്തു കൂടിയാണ് ദേശീയപാത കടന്നു പോകുന്നത്. പത്ത് മീറ്ററിലേറെ ഉയരത്തിലാണ് സർവീസ് റോഡുകളുള്ളത്. സർവീസ് റോഡിൽ നിന്നും ആഴത്തിലേക്ക് ഭീതിയോട് കൂടി മാത്രമേ നോക്കാൻ കഴിയൂ. സുരക്ഷയൊട്ടുമില്ലാതെയാണ് നിർമാണം നടക്കുന്നത്. ഇതിന്റെ പരിണിതഫലമായിരുന്നു 2024 മെയ് 25നുണ്ടായ വൻ തകർച്ച. ഭാഗ്യത്തിനു വലിയ ദുരന്തമാണ് അന്നൊഴിവായത്. കക്കാട് ചെനക്കൽ ഭാഗത്ത് സർവീസ് റോഡ് ഇടിയുകയായിരുന്നു. നാട്ടുകാരുടെ ശ്രദ്ധയിൽ പെടുകയും സമയോചിതമായി നാട്ടുകാർ ഇടപെടുകയും ചെയ്തതിനാൽ മാത്രമാണ് ദുരന്തമൊഴിവായത്. വാഹനങ്ങൾ കടുന്നപോയികൊണ്ടിരുന്ന ഭാഗത്താണ് ഇടിച്ചിലുണ്ടായത്. പത്ത് മീറ്ററിലേറെ ദുരത്തിൽ റോഡ് ഇടിയുകയായിരുന്നു. തകർച്ചയറിയാതെ വാഹനങ്ങൾ കടന്നുപോകുന്നത് നാട്ടുകാർ വിളിച്ചു പറഞ്ഞ് നിർത്തിക്കുകയായിരുന്നു. തകർച്ചയുടെ ഭാഗത്ത് മണ്ണ് കൊണ്ടു വന്ന് നിറച്ചാണ് താത്കാലികമായി പരിഹരിച്ചത്. മണ്ണിട്ടും പ്ലാസ്റ്റിക് ഷീറ്റ് വിരിച്ചും നിർമാണ കമ്പനി തടിയൂരി. രണ്ടാഴ്ച്ച മുമ്പ് കക്കാട് ഇതേ സ്ഥലത്ത് നിന്ന് മാറി എതിർദിശയിൽ സർവീസ് റോഡിൽ മണ്ണിടിഞ്ഞു. നാട്ടുകാരുടെ ഇടപെടലിലൂടെയാണ് അന്നും ദുരന്തമൊഴിവായത്. അപ്പോഴും കുറച്ച് മണ്ണും മഴ നനയാതിരിക്കാൻ പ്ലാസ്റ്റിക് ഷീറ്റും വിരിച്ച് നിർമാണ കമ്പനി ചെയ്തത് പതിവ് പല്ലവി മാത്രം. ആയിരക്കണക്കിനു വാഹനങ്ങൾ കടന്നുപോകുന്ന റോഡിൽ മഴ കൊള്ളാതിരിക്കാൻ പ്ലാസ്റ്റിക് വിരിച്ച് ദുരന്തത്തെ തടയാമെന്നാണ് ദേശീയപാത അധികൃതർ കാണിച്ചു തരുന്നത്. ഏറെ വിചിത്രകരമാണിതെന്ന് നാട്ടുകാർ പറയുന്നു. സർവീസ് റോഡിനോട് ചേർന്ന് മണ്ണിൽ പ്ലാസ്റ്റിക് ഷീറ്റുകൾ വിരിച്ചതായി കാണാം. ജനങ്ങളുടെ ജീവൻ കൊണ്ടാണ് ദേശീയപാതയും നിർമാണ കമ്പനിയും പന്താടുന്നത്. സർവീസ് റോഡിനോട് ചേർന്ന് മണ്ണ് തുരന്നുണ്ടാക്കിയ മതിലിൽ കമ്പി തുളച്ച് സിമന്റ് പ്ലാസ്റ്റർ ചെയ്യുന്നതാണിവിടെ രീതി. ഇത് സ്ഥാപിച്ച സ്ഥലത്താണ് കക്കാട് മണ്ണ് ഇടിഞ്ഞത്. കനത്ത മഴയിൽ ഇത്രയും ഉയരത്തിൽ താങ്ങിനിൽക്കാൻ കഴിയുന്നില്ലെന്നാണ് ആവർത്തിച്ചുള്ള തകർച്ച വ്യക്തമാക്കുന്നത്. കനത്ത മഴയിൽ മലവെള്ളപ്പാച്ചിൽ കണക്കെയാണ് വെള്ളം ഒഴുകുന്നത്. തുരന്നുണ്ടാക്കിയ മതിലിനോട് ചേർന്ന് ഉറപ്പുള്ള കോൺക്രീറ്റ് മതിൽ നിർമിക്കേണ്ടതിനു പകരമാണ് പുതിയ സാങ്കേതികവിദ്യയെന്ന് പറഞ്ഞ് സിമന്റ് സപ്രേ ചെയ്ത് ഉറപ്പാക്കാൻ ശ്രമിക്കുന്നത്. ഇത് പരാജയമാണെന്നാണ് തകർച്ച തെളിയിക്കുന്നത്. വൻ ദുരന്തത്തിനാണ് കക്കാട് പ്രദേശം കാതോർക്കുന്നത്. സുരക്ഷയുണ്ടെന്ന് കരുതിയാണ് വാഹനങ്ങൾ സർവീസ് റോഡിലൂടെ ഓടുന്നത്. റോഡ് തകർന്ന് വാഹനങ്ങൾ മറിഞ്ഞാൽ ഏറെ ആഴത്തിലായിരിക്കും പതിക്കുക. രണ്ട് തവണയുണ്ടായ തകർച്ചയിൽ ഒതുങ്ങുന്നതല്ല ഇവിടത്തെ രംഗങ്ങൾ. പക്ഷേ ദേശീയപാത അധികൃതരും നിർമാണ കമ്പനിയും ഇത് കാര്യമാക്കുന്നില്ല. കക്കാട് ചെനക്കലിൽ നഗരസഭയുടെ റോഡിൽ നിന്നും സർവീസ് റോഡിലേക്കിറങ്ങണമെങ്കിൽ വാഹനംകൊണ്ട് അഭ്യാസമറിയണം. സർവീസ് റോഡ് നിർമാണത്തിലെ അശാസ്ത്രീയതയാണ് പ്രതിസന്ധി സൃഷ്ടിച്ചത്. കുത്തനെയുള്ള കയറ്റമുണ്ടാക്കിയതോടെ പ്രദേശ വാസികളുടെ ദുരിതം വിവരണാതീതമാണ്. നിരവധി കുടുംബങ്ങൾ താമസിക്കുന്ന ചെനക്കലിൽ ദുരിതം പരിഹരിക്കാൻ മുറവിളികൂട്ടുന്നു. കൊച്ചിയിലെ ദേശീയപാത ഓഫീസിൽ വരെ പരാതിയുമായി നാട്ടുകാർ എത്തിയതാണ്. കക്കാട് തങ്ങൾപടിയിൽ ഫുട്പാത്ത് നിർമിക്കണമെന്ന ആവശ്യവും ഇവിടെ ശക്തമാണ്. ഡ്രൈനേജ് നിർമാണത്തിലെ അശാസ്ത്രീയത മൂലം കരുമ്പിൽ കൂച്ചാൽ റോഡിലും നമ്മൾ റോഡിലും വീടുകളിലേക്ക് വെള്ളം ഒഴുകിപ്പോകുന്ന സ്ഥിതിയാണ്. പനമ്പുഴയിൽ നിർമാണത്തിൽ എടുത്തു കളഞ്ഞ കുളിക്കടവ് പുനഃസ്ഥാപിക്കണമെന്നും നാട്ടുകാർ ആവശ്യപ്പെടുന്നു. മലപ്പുറം കലക്ടറേറ്റിൽ ചേർന്ന ജില്ലാ വികസന സമിതി യോഗങ്ങളിൽ എം.എൽ. എമാർ ഉന്നയിക്കുന്ന പ്രധാന പരാതി ദേശീയപാത നിർമാണത്തിലെ അപാകതയെ കുറിച്ചാണ്. ജനങ്ങൾക്ക് മേൽ ദുരിതം അടിച്ചേൽപ്പിക്കുന്ന ദേശീയപാത നിർമാണം നാടിന്റെ സുരക്ഷക്ക് ഭീഷണിയാവരുതെന്നും ജനങ്ങളുടെ പരാതികൾ പരിഹരിക്കണമെന്നും പലതവണ ആവശ്യപ്പെട്ടതാണ്. ഇക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ ഉദാസീനത സൃഷ്ടിക്കുന്ന പ്രതിസന്ധികൾ ചെറുതല്ല.

### പ്രകൃതിയെ തുരന്ന് വികസനപാത





ദേശീയ പാത കോഹിനൂരിൽ അണ്ടർപാസ് വേണമെന്ന ആവശ്യം മുഖവിലക്കെടുക്കാതെ പ്രവൃത്തിയുമായി മുന്നോട്ട് പോവുന്നത് സമരസമിതിയുടെ നേതാക്കൾ തടയുന്നു

## കോഹിനൂർ അണ്ടർപാസ് : സമരസമിതി ദേശീയപാതാ നിർമാണം തടഞ്ഞു കൊടിനാട്ടി

തേഞ്ഞിപ്പലം: ദേശീയപാത കോഹിനൂരിൽ അണ്ടർപാസ് അനുവദിക്കണമെന്ന ആവശ്യം ശക്തമായി നിലനിൽക്കെ നിർമാണ വിഷയം മുഖവിലക്കെടുക്കാതെ പ്രവൃത്തിയുമായി കരാർ കമ്പനി മുന്നോട്ട് പോവുന്നത് സമരസമിതിയുടെ നേതൃത്വത്തിൽ തടഞ്ഞു.

അണ്ടർപാസ് ആവശ്യം ഉന്നയിച്ച് കഴിഞ്ഞ ദിവസം കെ.എൻ.ആർ.സി ഓഫീസിലേക്ക് സമരസമിതി മാർച്ച് സംഘടിപ്പിച്ചിരുന്നു. തുടർന്ന് നടന്ന ചർച്ചയിൽ ഒരാഴ്ച സമയം ആവശ്യപ്പെട്ടതാണ്. ഇതിനിടയിലാണ് ദ്രുതഗതിയിൽ വിവാദ സ്ഥലത്ത് പ്രവൃത്തി പുരോഗമിക്കുന്നത് സമരസമിതിയുടെ ശ്രദ്ധയിൽപ്പെട്ടത്.

അണ്ടർപാസ് ആവശ്യം ഉന്നയിച്ച് നടത്തുന്ന സമരം ശക്തമാക്കുന്നതിന്റെ ഭാഗമാണ് ഇന്നലെ പ്രവൃത്തി തടഞ്ഞത്. പ്രവൃത്തി നടക്കുന്ന കോഹിനൂരിൽ കൊടി നാട്ടുകയും ചെയ്തു.

സമരസമിതി ചെയർമാൻ പി.ടി ഇബ്രാഹീം, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മിനി, ജനപ്രതിനിധികളായ പി.വി ജാഫർ സിദ്ദീഖ്, നസീമ യൂനുസ്, ധനജ് ഗോപിനാഥ്, വ്യാപാരി വ്യവസായി പ്രതിനിധികളായ മുഹമ്മദ് പുത്തൂർ, മുഹമ്മദ് റഫീഖ് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പ്രവൃത്തി തടഞ്ഞത്.

തുടർന്ന് തേഞ്ഞിപ്പലം പൊലീസ് സ്ഥലത്തെത്തി. സമസമിതി നേതാക്കളുമായി സി.ഐ ചർച്ച നടത്തി. അണ്ടർപാസ് ആവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്ത്, സമരസമിതി, വ്യാപാരി വ്യവസായി എന്നിവർ ഹൈക്കോടതിയിൽ നൽകിയ കേസ് 1 ന് പരിഗണനക്ക് വരികയാണ്. കേസ് പരിഗണനക്ക് വരുന്നതുവരെ കോഹിനൂരിൽ നടക്കുന്ന പ്രവൃത്തി നിർത്തിവെക്കാൻ സി.ഐയുമായി നടത്തിയ ചർച്ചയിൽ ധാരണയായതനുസരിച്ചാണ് പ്രതിഷേധത്തിൽ നിന്ന് സമരസമിതി നേതാക്കൾ പിന്മാറിയത്.

## മേൽമുറി എം.എം.ഇ.ടിയിൽ 'ചന്ദ്രിക അറിവിൻ തിളക്കം'

മലപ്പുറം: മുനിസിപ്പാലിറ്റിയിലെ മുഴുവൻ വിദ്യാലയങ്ങളിലും മലപ്പുറം സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 'ചന്ദ്രിക അറിവിൻ തിളക്കം' പദ്ധതിയുടെ ഉദ്ഘാടനം പ്രസിഡന്റ് റഹ്മത്തുല്ല തറയിൽ ഉദ്ഘാടനം ചെയ്തു.
സ്കൂൾ ലീഡർ ഹരി അർജുൻ ആദ്യ കോപ്പി ഏറ്റുവാങ്ങി. മേൽമുറി എം.എം.ഇ.ടി ഹൈസ്കൂളിൽ നടന്ന ചടങ്ങിൽ ബാങ്ക് വൈസ് പ്രസിഡന്റ് ഉപ്പൂടൻ ഷൗക്കത്ത്, ഭരണസമിതിയംഗങ്ങളായ കരടിക്കൽ ഖാദർ, സമീർ നാണത്ത്, വി.കെ ജംഷീർ, അബ്ദുൽബാസിത് നൂറേങ്ങൽ, ജാഫർ ബാബു, ഹെഡ്മാസ്റ്റർ ഉസ്മാൻ മേനാട്ടിൽ, മാനേജർ സി.കെ ഉമ്മർകോയ, പി.ടി.എ വൈസ് പ്രസിഡന്റ് സി.എച്ച് ജലീൽ, ടി. മുഹമ്മദ് മാസ്റ്റർ, ബാങ്ക് സെക്രട്ടറി എൻ. അലവി, ഇന്റേണൽ ഓഡിറ്റർ എം.കെ മുഹമ്മദ് നിയാസ്, അധ്യാപകരായ ഫെബിൻ കളപ്പാടൻ, പി. ജലീൽ, ആഷിഖ്, ഉമ്മർ, സൈനുദ്ദീൻ, അക്ബർ തങ്ങൾ, പി ഷമീന, പി സുവർണ, ഹസീന, അരുണപ്രിയ, ഇബ്രാഹീം, സുജീർബാബു മണ്ഡലം ചന്ദ്രിക കോഓർഡിനേറ്റർ ഹാരിസ് ആമിയൻ പദ്ധതി വിശദീകരിച്ചു. സി. പി സാദിഖലി സ്വാഗതവും ഷിബു( ചന്ദ്രിക) നന്ദിയും പറഞ്ഞു.


മലപ്പുറം സർവീസ് സഹകരണ ബാങ്ക് മുനിസിപാലറ്റിയിലെ എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കുന്ന 'ചന്ദ്രിക അറിവിൻ തിളക്കം പദ്ധതി'യുടെ ഉദ്ഘാടനം മേൽമുറി എം.എം.ഇ.ടി ഹൈസ്കൂളിൽ ബാങ്ക് പ്രസിഡന്റ് ടി റഹ്മത്തുല്ല നിർവഹിക്കുന്നു

## നിപ ആശ്വാസമായി 'നെഗറ്റീവുകൾ'

മലപ്പുറം: നിപ്പാ രോഗബാധയുമായി ബന്ധപ്പെട്ട് ആശ്വാസത്തിന്റെ പരിശോധനാഫലം പുറത്തുവരുന്നു. ഇന്നലെ നാലു പേരുടെ നിപ പരിശോധനാ ഫലങ്ങൾ കൂടി നെഗറ്റീവ് ആയി. പുതുതായി ഏഴു പേരാണ് അഡ്മിറ്റായത്. ആകെ എട്ടു പേരാണ് ചികിത്സയിലുള്ളത്. 472 പേരാണ് നിലവിൽ സമ്പർക്ക പട്ടികയിലുള്ളത്. അതിൽ 220 പേരാണ് ഹൈറിസ്ക് വിഭാഗത്തിലുള്ളത്. ഇതുവരെ ആകെ 836 പേർക്ക് മാനസിക ആരോഗ്യ സേവനങ്ങൾ നൽകി. നിപ ബാധിത മേഖലയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാണ്. ജില്ലയെ ആശങ്കയിലാക്കിയാണ് നിപ ബാധിച്ച് 14 കാരൻ മരിച്ചത്. കഴിഞ്ഞ ഞായറാഴ്ചയാണ് മരണപ്പെട്ടത്. കുട്ടിയുടെ മരണത്തിന്റെ വേദനകൾക്കിടയിലും ആശ്വാസത്തിന്റെ പരിശോധന ഫലമാണ് ഇപ്പോൾ പുറത്തുവരുന്നത്. ഇതുവരെ പുറത്തുവന്ന സ്രവ പരിശോധനാ ഫലങ്ങളും നെഗറ്റീവാണെന്നത് ഏറെ ആശ്വാസം നൽകുന്നത്. രോഗം സ്ഥിരീകരിച്ച് ഒമ്പത് ദിവസം പിന്നിടുമ്പോൾ പുതുതായി ആരും സമ്പർക്ക പട്ടികയിൽ ഉൾപ്പെടുന്നില്ലെന്നതും ആശ്വാസം നൽകുന്നു. കഴിഞ്ഞ 20നാണ് ജില്ലയെ ആശങ്കയിലാഴ്ത്തി 14കാരനിൽ നിപ സ്ഥിരീകരണ വാർത്ത എത്തുന്നത്. മലപ്പുറം പാണ്ടിക്കാട് ചെമ്പ്രശ്ശേരി സ്വദേശിയായ 14കാരനാണ് രോഗം സ്ഥിരീകരിച്ചത്. പിറ്റേദിവസം തന്നെ കുട്ടി മരിക്കുകയും ചെയ്തു. കഴിഞ്ഞ ശനിയാഴ്ച പുലർച്ചെയാണ് 14കാരൻ ചികിത്സ തേടിയിരുന്ന കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലെ ഡോക്ടർ ആരോഗ്യവകുപ്പിന് നിപ്പാ സംശയമുള്ളതായി അറിയിക്കുന്നത്. തുടർന്ന് തിരുവനന്തപുരത്ത് ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു. നിപ മാനദണ്ഡപ്രകാരമുള്ള നടപടികൾ ആ സമയം മുതൽ തന്നെ ആരംഭിച്ചു. അന്നുമുതൽ ജാഗ്രതയോടയുള്ള പ്രവർത്തനങ്ങളാണ് മുന്നേറിയത്. സ്ഥിരീകരിച്ച ആദ്യ ആളിൽ തന്നെ നിപയെ പിടിച്ചുകെട്ടാനുള്ള പദ്ധതികളാണ് ആരോഗ്യവകുപ്പ് തയ്യാറാക്കിയത്. അതനുസരിച്ച് കാര്യങ്ങൾ മുന്നേറി. പാണ്ടിക്കാട്, ആനക്കയം പഞ്ചായത്തുകളിൽ ജില്ലാ ഭാരണകൂടം ശക്തമായ നിയന്ത്രണങ്ങൾ കൊണ്ടുവന്നു. മലപ്പുറം പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ സെൽ തുറന്നു. പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേഗം വരുത്തി. രോഗം സ്ഥിരീകരിച്ച പിറ്റേദിവസം തന്നെ മഞ്ചേരി മെഡിക്കൽ കോളജിൽ 30 ഐസൊലേഷൻ മുറികൾ സജ്ജീകരിച്ചു. ആറ് ബെഡുള്ള ഐ.സി.യുവും സജ്ജീകരിച്ചു. രോഗചികിത്സക്കാവശ്യമായ മോണോക്ലോണൽ ആന്റി ബോഡി പൂനെ വൈറോളജി ലാബിൽ നിന്നും എത്തിച്ചു. ഒരുഭാഗത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി മുന്നേറിയപ്പോൾ മറുഭാഗത്തി രോഗം പിടിച്ചുകെട്ടാനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കി. ആരോഗ്യ പ്രവർത്തകർ ഫീൽഡ് സർവേകളുമായി മുന്നേറി സമ്പർക്ക പട്ടിക തയ്യാറാക്കി.
ആനക്കയം, പാണ്ടിക്കാട് പഞ്ചായത്തുകളിലെ മുഴുവൻ വീടുകളിലും കയറിയറങ്ങിയാണ് സർവേ നടത്തിയത്. വവ്വാലുകളിൽ നിന്നും സാമ്പിൾ ശേഖരിക്കുന്നതിനായി പൂനെ എൻ. ഐ. വിയിൽ നിന്നുള്ള വിദഗ്ധ സംഘത്തെ കൊണ്ടുവന്നു. സാമ്പിൾ ശേഖരിച്ച് പഠനം നടത്തുന്നതിനായി ഭോപ്പാലിൽ നിന്നുള്ള കേന്ദ്ര മൃഗസംരക്ഷണ വകുപ്പിന്റെ വിദഗ്ധ സംഘവുമെത്തി. അടുത്ത ദിവസം തന്നെ നിപ സ്രവ പരിശോധക്കായി നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ മൊബൈൽ ലബോറട്ടറി പ്രവർത്തനം തുടങ്ങി. ഇങ്ങനെ പഴുതടച്ച പ്രതിരോധ പ്രവർത്തനങ്ങളാണ് കഴിഞ്ഞ ഒരാഴ്ച പ്രതിരോധ പ്രവർത്തനങ്ങളിൽ കണ്ടത്. ആ പ്രവർത്തനങ്ങളുടെ ബാക്കിയാണ് 14കാരന്റെ മരണത്തിന്റെ വേദനകൾക്കിടയിലും ആശ്വാസത്തിന്റെ പരിശോധനാ ഫലങ്ങളെത്തുന്നത്. ആശ്വാസം വരുമ്പോഴും ജാഗ്രത വേണമെന്നാണ് ആരോഗ്യവകുപ്പ് പറയുന്നത്.


കുറുവ മുത്ത്യാർകുണ്ടിന് സമീപം ചെറുപുഴയിൽ അനധികൃത മത്സ്യബന്ധനത്തിനായി നിർമിച്ച തടയണകൾ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ നീക്കം ചെയ്യുന്നു

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ വീണ്ടും കല്ലുകടി

മലപ്പുറം: സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ വീണ്ടും കല്ലുകടി. തൊഴിലാളികളുടെ കൂലി നൽകാത്തതാണ് പ്രതിഷേധങ്ങൾക്ക് വഴിയൊരുക്കിയത്. പദ്ധതിയുടെ മഴുവൻ ബാധ്യതകളും സമയബന്ധിതമായി കൈമാറുമെന്ന വാഗ്ദാനമാണ് ഇതോടെ പാഴ് വാക്കായത്.

പാചകത്തൊഴിലാളികൾക്കുള്ള കൂലിയിൽ ജൂൺ മാസത്തെ വേതനമാണ് നൽകാതെ പിടിച്ചു വെച്ചിരിക്കുന്നത്.

വിദ്യാർഥികൾക്കുള്ള പാൽ, മുട്ട എന്നിവക്കുള്ള തുകയും ഇതു വരെ ലഭ്യമായിട്ടില്ല. കഴിഞ്ഞ അധ്യയന വർഷം വരെ മുട്ടക്കും പാലിനുമുള്ള തുക അധികമായി അനുവദിച്ചിരുന്നില്ല. എന്നാൽ ഈവർഷം മുതൽഅധിക തുക അനുവദിക്കുമെന്നായിരുന്നു സർക്കാർ പറഞ്ഞിരുന്നത്. പല സ്കൂളുകളിലും പദ്ധതി മുടങ്ങാതിരിക്കാനായി പ്രധാനാധ്യാപകരാണ് ഇവക്കുള്ള പണം നൽകിവരുന്നത്. ചില സ്കൂളുകൾ കടമായി വാങ്ങുന്നുമുണ്ട്. എന്നാൽ, പാലിനുള്ള പണം കൃത്യമായി കൊടുത്തില്ലെങ്കിൽ വിതരണം ചെയ്യാൻ പലരും താത്പര്യം കാണിക്കില്ലെന്നാണ് സ്കൂൾ അധികൃതർ പറയുന്നത്.

പല സ്കൂളുകളിലും പണം ലഭിക്കാത്തതിനാൽ മുട്ട നൽകാത്ത സ്ഥിതിയുമുണ്ട്. ആഴ്ചയിൽ രണ്ട് ദിവസം പാലും ഒരു ദിവസം മുട്ടയും നൽകണം. വലിയ സാമ്പത്തിക ബാധ്യതയാവുന്ന ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതല ഏ റ്റെടുക്കുക ഇവർക്ക് പ്രയാസമാണ്.

പലചരക്ക്സാധനങ്ങൾ വാങ്ങിയ വകയിലുള്ള തുക ലഭ്യമാക്കിയിട്ടുണ്ട്. ജൂൺ മാസത്തിലെ തുക ഒരാഴ്ചയ്ക്കകം നൽകുമെന്നാണ് അധികൃതർ പറയുന്നത്.

പണം അടിയന്തരമായി അനുവദിച്ചില്ലെങ്കിൽ സമര നടപടികളുമായി മുന്നോട്ടു പോകുമെന്നാണ് തോഴിലാളികൾ പറയുന്നത്. അതുപോലെ അനുവദിക്കുന്ന തുകയിൽ വർധനവു വരുത്തണമെന്ന ആവശ്യവും ശക്തമാണ്.

ഒരു കുട്ടിക്ക് 2016 ൽ സർക്കാർ അനുവദിച്ച തുകയാണ് ഇന്നും നൽകി കൊണ്ടിരിക്കുന്നത്. എട്ടു വർഷം പിന്നിടുമ്പോഴും സർക്കാർ കാണിക്കുന്ന അവഗണനക്കെതിരെ ശക്തമായ പ്രതിഷേധത്തിനിടയാക്കിയിട്ടുണ്ട്.

## അതിശക്തമായ മഴയ്ക്ക് സാധ്യത; മൂന്ന് ജില്ലകളിൽ ഓറഞ്ച് അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ ഇന്ന് മൂന്ന് ജില്ലകളിൽ ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചു. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചത്. ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. ഇന്ന് എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലും നാളെ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലും യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. തീരങ്ങളിൽ കടലാക്രമണം ശക്തമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് നിർദേശമുണ്ട്.

## ബി.ടെക് ലാറ്ററൽ എൻട്രി: രണ്ടാം ഘട്ട പ്രൊവിഷണൽ അലോട്ട്മെന്റ്

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ എൻജിനിയറിങ് കോളജുകളിൽ ബി.ടെക് ലാറ്ററൽ എൻട്രി (റെഗുലർ) പ്രവേശനത്തിന്റെ രണ്ടാം ഘട്ട പ്രൊവിഷണൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ ടോക്കൺ ഫീസ് അടച്ച് ലഭിക്കുന്ന അലോട്ട്മെന്റ് മെമ്മോ സഹിതം 29 മുതൽ 31 വരെ അലോട്ട്മെന്റ് ലഭിച്ച കോളജുകളിൽ അസ്സൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരായി പ്രവേശനം നേടണം. ഫീസ് അടയ്ക്കാത്തവരുടെ അലോട്ട്മെന്റ് നഷ്ടപ്പെടും. അലോട്ട്മെന്റ് വിവരങ്ങൾ വെബ്സൈറ്റിലും വിദ്യാർഥികളുടെ ലോഗിനിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560327, 2560363, 2560364.

# പ്രാദേശിക വാർത്തകൾ

### ജില്ലാ ആസൂത്രണ സമിതികൾ

## മാലിന്യസംസ്കരണ പദ്ധതികൾക്ക് പ്രാധാന്യം നൽകണമെന്ന് നിർദേശം

തിരുവനന്തപുരം: തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ മാലിന്യസംസ്കരണ പദ്ധതികളുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പാക്കണമെന്ന് തദ്ദേശവകുപ്പിന്റെ നിർദേശം. ഇക്കാര്യത്തിൽ ജില്ലാ കലക്ടർമാർ പ്രത്യേക ശ്രദ്ധ നൽകണമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ നിർദേശം നൽകി.

പദ്ധതി രൂപീകരണം പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യം ഉറപ്പാക്കാൻ ജില്ലാ പ്ലാനിംഗ് ഓഫീസർ പ്രത്യേക യോഗം വിളിച്ച് മാലിന്യ സംസ്കരണ മേഖലയിലെ ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും ഗ്യാപ് സംബന്ധിച്ചു വിലയിരുത്തൽ നടത്തുകയും ഇത് നികത്തുന്നതിന് പര്യാപ്തമായ പദ്ധതികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട് എന്നുറപ്പാക്കുകയും വേണം. സ്വച്ഛ് ഭാരത് മിഷൻ, ശുചിത്വ കേരളം പദ്ധതി, കേരള ഖരമാലിന്യ പരിപാലന പദ്ധതി, ഗ്രാമീണ-നഗര തൊഴിലുറപ്പ് പദ്ധതികൾ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻഡ്, അമൃത്, ഇറിഗേഷൻ എന്നിവ ഉൾപ്പെടെ സാധ്യമായ എല്ലാ ധന സ്രോതസുകളുടെയും സംയോജനം സാധ്യമാക്കിയാൽ നിലവിലെ ഗ്യാപ് നികത്തുന്നതിന് ആവശ്യമായ പദ്ധതികൾ ഏറ്റെടുക്കുന്നതിന് പര്യാപ്തമായ അളവ് ഫണ്ട് കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടാവുകയില്ല. ഈ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി പദ്ധതി രൂപീകരണവും അവയുടെ കൃത്യമായ നിർവ്വഹണവും ഉണ്ടായാൽ മാലിന്യ സംസ്കരണത്തിലെ നിലവിലെ അപര്യാപ്തതകൾ പരിഹരിക്കാനാവും.

നിലവിലെ ഗ്യാപ്പുകൾ കണ്ടെത്തി ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാരെയും ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർമാരെയും ചുമതലപ്പെടുത്തി. സാനിറ്ററി മാലിന്യങ്ങൾ, കെട്ടിട നിർമ്മാണങ്ങളും പൊളിക്കലുകളുമായി ബന്ധപ്പെട്ടവ എന്നിവയെല്ലാം പദ്ധതി രൂപീകരണത്തിൽ പരിഗണന വിധേയമാവണം. ജില്ലാതലത്തിലെയും ബ്ലോക്ക് തലത്തിലെയും ഫിനാൻസ് കമ്മീഷൻ ഗ്രാന്റുകൾ ഉൾപ്പെടെയുള്ള ഫണ്ടുകൾ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കുന്നതിലേക്ക് കൂടുതലായി വകയിരുത്തുന്നതിനും കക്കൂസ് മാലിന്യ സംസ്കരണം, കെട്ടിട നിർമ്മാണ പൊളിക്കൽ മാലിന്യ പരിപാലനം, സാനിറ്ററി മാലിന്യ പരിപാലനം തുടങ്ങിയ കാര്യങ്ങളിൽ ജില്ലാതലത്തിൽ സാധ്യതയുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് തലത്തിൽ ചെയ്യാൻ കഴിയുന്നത് ഉറപ്പാക്കുമെന്ന് ജില്ലാ പഞ്ചായത്ത് അധ്യക്ഷർ ഉറപ്പ് നൽകി.

മാലിന്യമുക്തം നവകേരളം രണ്ടാം ഘട്ടത്തിന്റെ ഭാഗമായാണ് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആസൂത്രണ സമിതികളുടെ സംയുക്തയോഗം വിളിച്ചത്. യോഗത്തിൽ സ്പെഷ്യൽ സെക്രട്ടറി ടി.വി അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ സാംബശിവ റാവു, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി ജോസ് (റിട്ട) തുടങ്ങിയവർ പങ്കെടുത്തു.

## പ്ലാസ്റ്റിക് ഉൽപന്നങ്ങൾ കടത്തുന്നത് തടയാൻ ചെക്പോസ്റ്റുകളിൽ പരിശോധന

### മാലിന്യ മുക്ത കേരളം ക്യാമ്പയിന് സർവകക്ഷിയോഗത്തിന്റെ പിന്തുണ

തിരുവനന്തപുരം: നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ സംസ്ഥാനത്തേക്ക് കടത്തുന്നില്ലെന്ന് ഉറപ്പാക്കാൻ അതിർത്തികളിലും ചെക്പോസ്റ്റുകളിലും പരിശോധന കർശനമാക്കുവാൻ സർവകക്ഷി യോഗത്തിൽ തീരുമാനം. ഇതിനായി ചെക്പോസ്റ്റുകളെ ഹരിത ചെക്പോസ്റ്റുകളായി നാമകരണം ചെയ്യും. ഇത്തരം പരിശോധനകൾ സംബന്ധിച്ച് മാർഗരേഖ ഉണ്ടാക്കും. കടകളിലും വ്യാപാര സ്ഥാപനങ്ങളിലും നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഇല്ലെന്ന് ഉറപ്പാക്കും.

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിലാരംഭിച്ച് അടുത്ത മാർച്ച് 30 അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം വരെ നീണ്ടുനിൽക്കുന്ന വിപുലമായ 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കാനുള്ള സർക്കാർ തീരുമാനത്തിന് സർവകക്ഷിയോഗം പിന്തുണ പ്രഖ്യാപിച്ചു. ക്യാമ്പയിനിന്റെ മുന്നോടിയായാണ് മുഖ്യമന്ത്രി സർവകക്ഷിയോഗം വിളിച്ചത്. മാലിന്യ സംസ്കരണ പ്രവത്തനങ്ങളിൽ സംസ്ഥാന, ജില്ലാ, പ്രദേശിക തലങ്ങളിൽ സൃഷ്ടിച്ച മാതൃകകൾ ഉദ്ഘാടനം ചെയ്ത് കൊണ്ടാണ് കാമ്പയിൻ ആരംഭിക്കുകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഉദ്ഘാടനം ചെയ്യേണ്ട മാതൃകാ സ്ഥലങ്ങൾ ഏതൊക്കെയെന്ന് സെപ്തംബർ 20നകം പ്രസിദ്ധപ്പെടുത്തും. 2025 മാർച്ച് 30ന് സമ്പൂർണ്ണ ശുചിത്വകേരളമായി പ്രഖ്യാപിക്കുകയാണ് ലക്ഷ്യം.

സംസ്ഥാനത്ത് നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ, നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ മൊത്തക്കച്ചവടക്കാർ, സ്റ്റോക്കിസ്റ്റുകൾ എന്നിവർക്കെതിരെ കർശന നടപടി കൈക്കൊള്ളും. പ്ലാസ്റ്റിക് പദാർത്ഥങ്ങളുടെ ഉപഭോഗം പരമാവധി കുറക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം സംഘടിപ്പിക്കും.മാലിന്യത്തിന്റെ അളവ് കുറക്കൽ, കൃത്യമായി തരംതിരിക്കൽ, ജൈവ മാലിന്യങ്ങളും ദ്രവമാലിന്യങ്ങളും ഉറവിടത്തിൽ സംസ്കരിക്കൽ, അജൈവ പാഴ് വസ്തുക്കൾ ഹരിതകർമസേനകൾ വഴി കൈമാറൽ മുതലായ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തും.

സമ്പൂർണ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയ ടൗണുകൾ, റസിഡൻഷ്യൽ ഏര്യകൾ, പാർക്കുകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ കണ്ടെത്തുന്ന വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി ഘട്ടംഘട്ടമായി നടപ്പിലാക്കും. ജനകീയ വിജിലൻസ് സ്ക്വാഡുകൾ, പൊലീസ് വകുപ്പിന്റെ സഹായത്തോടെയുള്ള എൻഫോഴ്സ്മെന്റ് നടപടികൾ, ശുചിത്വം-ആരോഗ്യം എന്നിവയുമായി ബന്ധപ്പെട്ട വിവിധ ഏജൻസികളുടെ പരിശോധനകൾ എന്നിവ കാര്യക്ഷമമാക്കും. ക്യാമ്പയിനിന്റെ ഭാഗമായി ആവശ്യമായ ഇടങ്ങളിൽ നിർമ്മിതബുദ്ധി അധിഷ്ഠിതമായ ക്യാമറകൾ സ്ഥാപിക്കും.

## നിരോധിത ഉൽപന്നങ്ങൾ ഇല്ലെന്ന് ഉറപ്പാക്കണമെന്ന് പ്രതിപക്ഷം

തിരുവനന്തപുരം: മാലിന്യ നിർമ്മാർജനത്തിന് തടസ്സമാകുന്ന നിരോധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ആവശ്യമെങ്കിൽ ഇതിനായി നിയമ നിർമ്മാണമോ റെഗുലേറ്ററി സംവിധാനമോ കൊണ്ടു വരണമെന്നും സർവകക്ഷി യോഗത്തിൽ അദ്ദേഹം പറഞ്ഞു.

2020 ൽ സർക്കാർ നിരോധിച്ച ഉൽപന്നങ്ങളെല്ലാം മാർക്കറ്റിലുണ്ട്. ഉത്ഭവ കേന്ദ്രത്തിൽ തന്നെ മാലിന്യം ഇല്ലാതാക്കാൻ കഴിയണം. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്നതാണ് മാലിന്യ നിർമ്മാർജ്ജനത്തിലെ ഏറ്റവും പ്രധാന ഘടകം. മാലിന്യ നിർമാർജനത്തിന് പല തദ്ദേശ സ്ഥാപനങ്ങൾക്കും ഏത് മോഡലാണ് സ്വീകരിക്കേണ്ടതെന്ന ആശയക്കുഴപ്പമുണ്ട്. സർക്കാർ മുൻകൈ എടുത്ത് മൂന്നോ നാലോ പഞ്ചായത്തകളുടെ ക്ലസ്റ്റർ രൂപീകരിച്ച് കേരളത്തിന് സ്വീകരിക്കാൻ പറ്റുന്ന മോഡലുകൾ കാട്ടിക്കൊടുക്കണം. മാലിന്യ രഹിത സംസ്ഥാനമെന്ന പേര് ആർജ്ജിക്കുന്നത് അഭിമാനകരമായ കാര്യമാണെന്നും സർക്കാർ പ്രവർത്തനങ്ങൾക്ക് ക്രിയാത്മക പിന്തുണ നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനും പ്രതിപക്ഷ നേതാവ്, തദ്ദേശ സ്വയംഭരണ, ജലവിഭവ, കാർഷിക വികസന കർഷക ക്ഷേമ, ആരോഗ്യ, പൊതുമരാമത്ത് ടൂറിസം, വിദ്യാഭ്യാസ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിമാർ, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ എന്നിവർ ഉപാദ്ധ്യക്ഷൻമാരും ചീഫ് സെക്രട്ടറി കൺവീനറുമായ ഉന്നതതല നിർവഹണ സമിതി രൂപികരിക്കും. ഈ സമിതിയിൽ മന്ത്രിമാർ, ചീഫ് വിപ്പ്, വകുപ്പ്തല മേധാവികൾ, ഉദ്യോഗസ്ഥ നേതൃത്വം, റസിഡൻസ് അസോസിയേഷൻ, യുവജന, വിദ്യാർത്ഥി, വനിതാ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവർ അംഗങ്ങളാകും.

ജില്ലാ, ബ്ലോക്ക്, കേർപ്പറേഷൻ/മുൻസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് തല, വർഡ്/ഡിവിഷൻതല നിർവഹണ സമിതികൾ രൂപീകരിക്കും. എല്ലാ സമിതികളിലും രാഷ്ട്രീയ പാർട്ടി, യുവജന, വിദ്യാർത്ഥി, വനിതാ, സന്നദ്ധ സംഘടന പ്രതിനിധികൾ ഉണ്ടെന്ന് ഉറപ്പാക്കും. തദ്ദേശ സ്ഥാപനതല സംഘാടക സമിതികളും വാർഡ്തല സംഘാടക സമിതികളും രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തണം. ഓൺലൈനായി ചേർന്ന യോഗത്തിൽ അച്യുത്ശങ്കർ എസ്. നായർ (കോൺഗ്രസ്), അഡ്വ. എൻ ഷംസുദ്ദീൻ എം.എൽ.എ (മുസ്‌ലിംലീഗ്), ഇ ചന്ദ്രശേഖരൻ എം.എൽ.എ (സി.പി.ഐ), കെ അനന്ദകുമാർ (കേരള കോൺഗ്രസ്-എം), പി.ജെ ജോസഫ് (കേരള കോൺഗ്രസ്), മാത്യു ടി തോമസ് (ജനതാദൾ-സെക്കുലർ), പി.എം സുരേഷ് ബാബു (എൻ.സി.പി) തുടങ്ങിയവർ സംസാരിച്ചു.

## കൈക്കൂലിക്കേസ്, രാജി പ്രഖ്യാപിച്ച് തൊടുപുഴ നഗരസഭ ചെയർമാൻ

തൊടുപുഴ: തൊടുപുഴ നഗരസഭ ചെയർമാൻ സനീഷ് ജോർജ് രാജി പ്രഖ്യാപിച്ചു. കൈക്കൂലി കേസിൽ പ്രതിയായതോടെ സനീഷിനുള്ള പിന്തുണ എൽ.ഡി.എഫ് പിൻവലിച്ചിരുന്നു. ചെയർമാനെതിരെ എൽ. ഡി.എഫ് തന്നെ കൊണ്ടുവന്ന അവിശ്വാസ പ്രമേയം നാളെ പരിഗണിക്കാനിരിക്കെയാണ് നാടകീയ നീക്കം. വാർത്താ സമ്മേളനത്തിലായിരുന്നു രാജി പ്രഖ്യാപനം.നാളെ രാവിലെ 10 മണിക്ക് രാജി നൽകും. പിന്തുണച്ച മുന്നണി തന്നെ അവിശ്വാസവുമായി വരുന്ന സാഹചര്യത്തിലും അതിനെ പ്രതിപക്ഷ കൗൺസിലർമാർ പിന്തുണ നൽകുകയും ചെയ്തതിനാലാണ് രാജിയെന്ന് അദ്ദേഹം പറഞ്ഞു.

## അതിക്രമങ്ങൾ വർധിക്കുന്നു

### ജീവനക്കാർക്ക് നിയമ പരിരക്ഷയും ചികിത്സയും ഉറപ്പാക്കുമെന്ന് കെ.എസ്.ഇ.ബി

തിരുവനന്തപുരം: കൃത്യനിർവ്വഹണത്തിനിടെ ആക്രമണം നേരിടുന്ന ജീവനക്കാർക്ക് നിയമ പരിരക്ഷയും ചികിത്സാ സഹായവും കെ.എസ്.ഇ.ബി ഉറപ്പുവരുത്തും. ജീവനക്കാർക്കെതിരെ ശാരീരികവും മാനസികവുമായ അതിക്രമം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് തീരുമാനമെന്ന് കെ.എസ്.ഇ.ബി മാനേജ്മെന്റ് അറിയിച്ചു.

കഴിഞ്ഞ കൊല്ലം മാത്രം ഫീൽഡ് ജീവനക്കാർക്കെതിരെ ഇരുപതിലേറെ ആക്രമങ്ങളുണ്ടായി. ആക്രമത്തിന് ഇരയാകുന്നവർക്ക് തങ്ങളുടെ ഭീമമായ ചികിത്സാ ചെലവുകളും വ്യവഹാരച്ചെലവുകളും സ്വയം വഹിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. കൃത്യമായ ജോലി സമയം പോലും നോക്കാതെ രാവും പകലും പ്രകൃതിക്ഷോഭമുൾപ്പെടെ തികച്ചും പ്രതികൂലമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്നവരാണ് ഫീൽഡ് ജീവനക്കാർ. അതിക്രമങ്ങൾക്കിരയാകുന്ന ജീവനക്കാർക്ക് പരിക്ക് സാരമല്ലെങ്കിൽ തൊട്ടടുത്ത സർക്കാർ ആശുപത്രിയിലും മാരകമാണെങ്കിൽ ജില്ലയിലെ സ്വകാര്യ സ്പെഷ്യാൽറ്റി ആശുപത്രിയിലും ചികിത്സ ഉറപ്പാക്കും. ചികിത്സയുടെ എല്ലാ ചെലവും കെ.എസ്.ഇ.ബി വഹിക്കും. കോടതി വ്യവഹാരങ്ങളിൽ ആവശ്യമെങ്കിൽ മുതിർന്ന അഭിഭാഷകരുടെ സേവനവും ഉറപ്പാക്കും.

## വ്യവസായ പാർക്കുകളുടെ പാട്ടവ്യവസ്ഥകളിൽ ഇളവ്

തിരുവനന്തപുരം: വ്യാവസായിക പ്രവർത്തനങ്ങൾക്കും ആവശ്യങ്ങൾക്കും സംരംഭങ്ങൾക്കും കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സിയുടെയും ഭൂമി വിതരണം ചെയ്യുന്നതിനുള്ള ചട്ടങ്ങൾ (ലാൻഡ് ഡിസ്പോസൽ റെഗുലേഷൻസ്) പരിഷ്കരിച്ചു. ഇനി മുതൽ വൻകിട നിക്ഷേപകർ ആദ്യവർഷം പാട്ടത്തുകയുടെ പത്തുശതമാനം മാത്രം അടച്ചാൽമതിയാകും. പിന്നീട് രണ്ടുവർഷം മൊറോട്ടോറിയവും ലഭിക്കും. പാട്ട കാലാവധി 90 വർഷമാക്കുകയും ചെയ്യും.

നിലവിൽ കിൻഫ്രയിൽ നിന്ന് വ്യാവസായിക സംരംഭങ്ങൾക്ക് ഭൂമി പാട്ടത്തിനെടുക്കുന്നവർക്ക് 30 മുതൽ 60 വർഷം വരെയാണ് പാട്ടക്കാലാവധി അനുവദിക്കുന്നത്. പാട്ടത്തുകയുടെ 10% മുൻകൂറായും 50% ഒരു മാസത്തിനകവും നൽകണം. ബാക്കി തുക പലിശ സഹിതം 2 വർഷം കൊണ്ട് 2 ഗഡുക്കളായും അടക്കണമെന്നാണ് ചട്ടം. ഇനിമുതൽ എല്ലാ നിക്ഷേപകർക്കും 60 വർഷത്തേക്ക് ഭൂമി അനുവദിക്കും. 100 കോടി രൂപക്ക് മുകളിലെ നിക്ഷേപമാണെങ്കിൽ 90 വർഷം വരെ കാലാവധിയിൽ ഭൂമി അനുവദിക്കും. കുറഞ്ഞത് 10 ഏക്കർ ഭൂമിയാണ് ഇത്തരത്തിൽ അനുവദിക്കുക. 50-100 കോടി വിഭാഗത്തിൽ വരുന്നവയ്ക്ക് ആകെ പാട്ട പ്രീമിയത്തിന്റെ 20% തുകയും 100 കോടിക്ക് മേൽ നിക്ഷേപം വരുന്നവയ്ക്ക് 10% തുകയും മുൻകൂട്ടി അടച്ചാൽ മതി. ആദ്യവിഭാഗക്കാർ ബാക്കി 80% തുക കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ സഹിതം 5 തുല്യ വാർഷിക ഗഡുക്കളായും 100 കോടിക്ക് മേൽ നിക്ഷേപം കൊണ്ടുവരുന്നവർ ബാക്കിയുള്ള 90% പാട്ടത്തുക പലിശസഹിതം 9 തുല്യ വാർഷിക തവണകളായും അടച്ചാൽ മതി. മുൻകൂർ തുക അടച്ച തീയതി മുതൽ 24 മാസം വരെ പലിശയോടു കൂടിയ മൊറട്ടോറിയം ലഭിക്കാനും അവസരമുണ്ട്.

50 ഏക്കറിന് മുകളിൽ ഭൂമിയും 100 കോടി രൂപ കുറഞ്ഞ നിക്ഷേപവും വരുന്ന റിന്യൂവബിൾ, ഗ്രീൻ എനർജി മേഖലകളിലെ ഹ്രസ്വകാല പദ്ധതികളിൽ വാർഷിക വാടക അടിസ്ഥാനത്തിൽ ഭൂമി അനുവദിക്കും. ഇത്തരം യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് 20 വർഷത്തെ ലോക്ക് ഇൻ കാലയളവുണ്ട്. ഭൂമി അനുവദിക്കപ്പെട്ടയാളുടെ മരണമോ പദ്ധതി തുടരാനാകാത്ത വിധമുള്ള തടസമോ ഉണ്ടായാൽ, അധിക ചിലവില്ലാതെ തന്നെ നിയമപരമായ അവകാശികളിലേക്ക് കൈമാറ്റം നടത്തി ക്രമവൽക്കരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി.

നിലവിലെ ചട്ടപ്രകാരം പദ്ധതിയിൽ നിന്ന് പുറത്ത് പോകുന്നവർ ഏതു സമയത്തും അവശേഷിക്കുന്ന പാട്ടത്തുക പൂർണ്ണമായും അടച്ചുതീർക്കണം. എന്നാൽ ഇനിമുതൽ ഇത്തരത്തിൽ പുറത്തു കടക്കാനും മറ്റൊരു സംരംഭകന് വ്യവസായം കൈമാറാനും ആഗ്രഹിക്കുന്ന സംരംഭകർക്ക് വിവിധ സ്ലാബുകളനുസരിച്ച് ഡി.എൽ.പി തിരിച്ചടക്കാനുള്ള സൗകര്യമുണ്ട്. വാണിജ്യ ഉൽപ്പാദനം ആരംഭിച്ച തീയതി മുതൽ 5 വർഷത്തിൽ താഴെ മാത്രം പ്രവർത്തിച്ച യൂണിറ്റുകൾ ഡി.എൽ.പിയുടെ പകുതി അടച്ചാൽ മതിയാകും. 5 മുതൽ 7 വർഷം വരെ പ്രവർത്തിച്ച യൂണിറ്റുകൾ ഡി.എൽ.പിയുടെ 20%വും 7 വർഷത്തിൽ കൂടുതൽ പ്രവർത്തിച്ചവ ഡി.എൽ.പിയുടെ 10 ശതമാനവും നൽകിയാൽ മതി.

ഭൂമി ലഭ്യമായവർ നിർമ്മിച്ച ബിൽറ്റ്-അപ്പ് സ്ഥലം ലോജിസ്റ്റിക് പ്രവർത്തനങ്ങൾക്കും വെയർ ഹൗസ് സൗകര്യങ്ങളുടെ സബ്-ലീസിങ്ങിനും വേണ്ടി യഥാർത്ഥ പാട്ടക്കാലയളവിൽ കവിയാത്ത കാലത്തേക്ക് മറ്റോരു ഓപ്പറേറ്റർക്ക് സബ് ലീസിന് നൽകാനും ഇനിമുതൽ അനുവാദമുണ്ടാകുമെന്ന് വ്യവസായ മന്ത്രി പി രാജീവ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

## പേമാരിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകണം: കളത്തിൽ അബ്ദുല്ല

കൊച്ചി: പേമാരി മൂലംകൃഷിനാശം സംഭവിച്ച കർഷകർക്ക് കാലതാമസംകൂടാതെ നഷ്ടപരിഹാരം നൽകുന്നതിനുള്ള അടിയന്തര ഇടപെടൽ ഉണ്ടാകണമെന്ന് സ്വതന്ത്ര കർഷക സംഘം സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ കളത്തിൽ അബ്ദുല്ല. സ്വതന്ത്ര കർഷകസംഘം എറണാകുളം ജില്ലാകൗൺസിൽ യോഗം ആലുവയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് എം.എം അലിയാർ മാസ്റ്റർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എം.കെ അലിറിപ്പോർട്ടും ട്രഷറർ എം.എം അബ്ദുൽ റഹിമാൻ കണക്കും അവതരിപ്പിച്ചു. 2024 ലെ മെമ്പർഷിപ്പ് അടിസ്ഥാനത്തിലുള്ള ജില്ലാകൗൺസിൽ യോഗം പുതിയ ഭാരവാഹികളായി എം.എം. അബ്ദുൽ റഹ്മാൻ (പ്രസിഡണ്ട്), ജലിൽ ആർട്ട്മെൻ (ജനറൽ സെക്രട്ടറി), കെ.എസ്.


പ്രസിഡണ്ട്


ജന. സെക്രട്ടറി


ട്രഷറർ

അലികുഞ്ഞ് (ട്രഷറർ), വി.എം അലി, വി.എ കുഞ്ഞുമുഹമ്മദ്, കെ.എഫ് മുഹമ്മദ്, എം.എ കൊച്ചുണ്ണി (വൈസ് പ്രസിഡന്റുമാർ), പി.എച്ച് നൗഷാദ്, വി.എച്ച് മുഹമ്മദ്, കുഞ്ഞുമുഹമ്മദ് വി.കെ, കെ.എം അബ്ദുൽഖാദർ (സെക്രട്ടറിമാർ), വി.എം അബൂബക്കർ, എം.എം അലിയാർമാസ്റ്റർ, എം.കെ അലി, കെ.എസ് അലികുഞ്ഞ്, പി.എം റഫീക്, വി.എ കുഞ്ഞുമുഹമ്മദ്, കെ.എം അബ്ദുൽകരീം, ടി.എ സിദ്ധിഖ്, കെ.എം അലി പട്ടിമറ്റം, അലി പായിപ്ര എന്നിവരെ സംസ്ഥാന കൗൺസിൽ അംഗങ്ങളായും തെരഞ്ഞെടുത്തു. റിട്ടേണിംഗ ഓഫീസർ മുഹമ്മദ് ഇരുമ്പുപാലം തെരഞ്ഞെടുപ്പ് നടപടികൾ നിയന്ത്രിച്ചു. എസ്.കെ.എസ് സംസ്ഥാന ജനറൽസെക്രട്ടറി കളത്തിൽഅബ്ദുല്ല, സംസ്ഥാന സെക്രട്ടറി പി.പി മുഹമ്മദ് കുട്ടി കോട്ടയം നിരീക്ഷകരായിരുന്നു. എം.കെ അലി സ്വാഗതവും കെ.എം അബ്ദുൽ ഖാദർ നന്ദിയും പറഞ്ഞു.

## ഒളിമ്പിക്സ് വരവേറ്റ് വിദ്യാർഥികൾ

കൊണ്ടോട്ടി: മേലങ്ങാടി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ സ്കൂൾ കായികവേദിയുടെയും സ്റ്റുഡന്റ് പൊലീസ് കേഡറ്റിന്റെയും നേതൃത്വത്തിൽ പാരീസ് ഒളിമ്പിക്സിനെ വരവേൽക്കാൻ കുഞ്ഞുതാരങ്ങൾ വളയങ്ങൾ തീർത്തു. ഒളിമ്പിക്സ് മാതൃകയിൽ നവംബറിൽ എറണാകുളത്ത് നടക്കുന്ന സംസ്ഥാന സ്കൂൾ ഒളിമ്പിക്സ് മത്സരങ്ങൾക്ക് ഐക്യദാർഡ്യം പ്രഖ്യാപിച്ച് പ്രത്യേക അസംബ്ലി ചേർന്ന് വിദ്യാർഥികൾ പ്രതിജ്ഞയെടുക്കുകയും സ്കൂൾ ഒളിമ്പിക്സ് പ്രഖ്യാപന ദീപശിഖ തെളിയിക്കുകയും ചെയ്തു. പ്രധാനാധ്യാപകൻ സി.ബാബു ഉദ്ഘാടനം ചെയ്തു. ഒളിമ്പിക് പതിപ്പ് നിർമ്മാണം, മാരത്തൺ, വിവിധ കായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കായികാധ്യാപകൻ കെ.മുഹമ്മദ് ഷാജഹാൻ, എ.അജീഷ്, വി. നിഷാദ് പ്രസംഗിച്ചു. അധ്യാപക വിദ്യാർഥികളായ മുഹമ്മദ് കെൻസ്, ഇർഫാൻ, സിൻസിയ നേതൃത്വം നൽകി.

● മേൽമുറി: ആധുനിക യുഗത്തിൽ ജാതി, മത, വർഗ, വർണങ്ങൾക്കതീതമായി മാനവമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് മനുഷ്യരെ കൂട്ടി യോജിപ്പിക്കുന്ന മഹത്തായ സന്ദേശം ഉൾക്കൊള്ളുന്ന ലോകത്തിലെ ഏറ്റവും വലിയ കായിക ഉത്സവമായ ഒളിമ്പിക്സിനെ വരവേറ്റുകൊണ്ട് മേൽമുറി എം.എം.ഇ.ടി ഹയർ സെക്കന്ററി സ്കൂൾ വിദ്യാർഥികൾ ഒളിമ്പിക് വലയം തീർത്തു. നവംബറിൽ നടക്കുന്ന സംസ്ഥാന സ്കൂൾ ഒളിമ്പിക്സിന്റെ പ്രഖ്യാപന ദീപശിഖ തെളിയിച്ചു. സ്കൂളിലെ ദേശീയ സംസ്ഥാന കായിക താരങ്ങൾ ഹെഡ്മാസ്റ്റർ ഉസ്മാൻ മേനാട്ടിലിന് ദീപശിഖ നൽകി ഉദ്ഘാടനം നിർവഹിച്ചു. ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ പി.അബ്ദുല്ല, സ്റ്റാഫ് സെക്രട്ടറി പി. അബ്ദുൽ ജലീൽ, കായികാധ്യാപകരായ പി. ആഷിക്, പി. മുഹമ്മദ് സാലിം, സി.കെ. ഉമ്മർ നേതൃത്വം നൽകി.

● മൊറയൂർ: വാലഞ്ചേരി ഗവ. എൽ.പി.സ്കൂളിൽ സ്കൂൾ ഒളിമ്പിക്സ് സംഘടിപ്പിച്ചു. പി.ടി.എ പ്രസിഡന്റ് റഷീദ് ബങ്കാളത്ത് ഒളിമ്പിക്സ് പ്രഖ്യാപന ദീപശിഖക്ക് തിരികൊളുത്തി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ സുനിൽകുമാർ അധ്യക്ഷനായി. അനസ് മാസ്റ്റർ വിദ്യാർഥികൾക്ക് ഒളിമ്പിക്സ് സന്ദേശം നൽകി. ഒളിമ്പിക്സ് പ്ലക്കാർഡുകളുമായി വിദ്യാർഥികൾ ഒളിമ്പിക്സ് മാമാങ്കത്തെ വരവേറ്റു. ലോക കായിക മാമാങ്കത്തോടനുബന്ധിച്ച് വിദ്യാർഥികൾക്ക് ഒളിമ്പിക്സ് ക്വിസ്, എയിമിങ്, ഷൂട്ടൗട്ട് തുടങ്ങിയ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. എം.ടി.എ പ്രതിനിധി ആമിന, ശാന്തി ടീച്ചർ, സാലിഹ് മാസ്റ്റർ പങ്കെടുത്തു.

● മൊറയൂർ: പാരീസിൽ ആരംഭിച്ച ഒളിമ്പിക്സ് മത്സരങ്ങളോട് അനുഭാവം പ്രകടിപ്പിച്ച് കൊണ്ട് തൃപ്പനച്ചി എ.യു.പി സ്കൂളിലെ സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വൈവിധ്യങ്ങളായ പരിപാടികൾ സംഘടിപ്പിച്ചു. ഇന്ത്യൻ ഒളിമ്പിക് ടീമിന് വിജയാശംസകൾ നേർന്ന് കൊണ്ടും എല്ലാ രാജ്യങ്ങളുടേയും പതാകയേന്തിയും ജഴ്സിയണിഞ്ഞും വർണാഭമായ ഘോഷയാത്ര നടത്തി. നൂറ്റിമുപ്പത്തിരണ്ട് രാജ്യങ്ങളുടെ ഒളിമ്പിക് സ്റ്റാമ്പുകളുടെ പ്രദർശനം നടന്നു.ദീപശിഖയിൽ തീ പടർത്തി മലപ്പുറം ജില്ലാ സ്കൂൾ ഫുട്ബോൾ ടീം കോച്ചും കായിക അധ്യാപകനും കൂടിയായ ഇസ്മായിൽ ഇപ്പു മാസ്റ്റർ, പി.ടി.എ. പ്രസിഡന്റ് പി. ശിഹാബ് എന്നിവർ ചേർന്ന് ദീപശിഖാ പ്രയാണം ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപിക കെ സുധ, കായികാധ്യാപകൻ എം സ്വാദ്, എം.സി അബ്ദുൽ അലി, റബീഹ് കുഴിമണ്ണ, എ.അബ്ദുസ്സലാം, സി.അഹമ്മദുൽ കബീർ, കെ.എം അനിൽ, നൗഫൽ എസ്.കെ സിന്ധു, പി.എ ആമിന മുംതാസ് ജുവൈരിയ, മറ്റു പി.ടി.എ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. 500 ലധികം കുട്ടികൾ ഘോഷയാത്രയിൽ വിവിധ രാജ്യങ്ങളുടെ പതാകയേന്തി. ക്ലാസ്സ് തലത്തിൽ ഒളിമ്പിക്സ് ആൽബം തയ്യാറാക്കി.

● പാണക്കാട്: ദാറുൽ ഉലൂം ഹയർസെക്കന്ററി സ്കൂളിൽ സംസ്ഥാന സ്കൂൾ ഒളിമ്പിക്സിന്റെ വിളംബരത്തിന്റെ ഭാഗമായി ദീപശിഖ പ്രയാണം നടത്തി. സംസ്ഥാന സ്കൂൾ കായികമേള നാലുവർഷത്തിലൊരിക്കൽ ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിക്കുന്നതിന്റെ സന്ദേശം നൽകാനാണ് പരിപാടി സംഘടിപ്പിച്ചത്. കായികാധ്യാപകൻ മുഹമ്മദ് അസ്‌ലഹ് കെ.ടിയുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ സ്കൂൾ ലീഡർ ഫെലിക്സ് ടോം സുനിൽ ദീപശിഖ പ്രധാനാധ്യാപകൻ കെ.ജെ പോളിന് നൽകി ഉദ്ഘാടനം ചെയ്തു. സീനിയർ അസിസ്റ്റന്റ് കെ.എസ് കൃഷ്ണകുമാർ അധ്യക്ഷനായി.


കൊണ്ടോട്ടി ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർഥികൾ ഒളിമ്പിക്സിനെ വരവേറ്റപ്പോൾ


മേൽമുറി എം.എം.ഇ.ടി ഹയർ സെക്കന്ററി സ്കൂളിൽ ഒളിമ്പിക്സിനെ വരവേറ്റുകൊണ്ട് വിദ്യാർഥികൾ ഒളിമ്പിക്സ് വലയം തീർത്തപ്പോൾ


മൊറയൂർ വാലഞ്ചേരി ഗവ. എൽ.പി. സ്കൂൾ ഒളിമ്പിക്സ് ദീപശിഖക്ക് തിരികൊളുത്തി പി.ടി.എ പ്രസിഡന്റ് റഷീദ് ബങ്കാളത്ത് ഉദ്ഘാടനം ചെയ്യുന്നു

## വാറന്റി സമയത്ത് സ്കൂട്ടർ തുടർച്ചയായി തകരാറിലായി

### 92,000രൂപ നഷ്ടപരിഹാരം നൽകണമെന്ന് ഉപഭോക്തൃ കോടതി

കൊച്ചി : വാറന്റി കാലയളവിൽ സ്കൂട്ടർ തുടർച്ചയായി തകരാറിലാകുകയും അത് പരിഹരിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തതിന് സ്കൂട്ടർ നിർമ്മാതാക്കളും സർവീസ് സെൻററും ഉപഭോക്താവിന് നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ല ഉപഭോക്തൃതർക്ക പരിഹാര കോടതി.

ഹോണ്ട മോട്ടോർ സൈക്കിൾ ആന്റ് സ്കൂട്ടേഴ്സ് ലിമിറ്റഡ്, സർവീസ് സെൻറർ ആയ മുത്തൂറ്റ് മോട്ടോഴ്സ് പാലാരിവട്ടം എന്നിവർക്കെതിരെ എറണാകുളം സ്വദേശി നിധി ജയിൻ സമർപ്പിച്ച പരാതിയിലാണ് കോടതിയുടെ ഉത്തരവ്. സ്കൂട്ടറിന്റെ വിലയായ 67,740/ രൂപയും 15,000 രൂപ നഷ്ടപരിഹാരം, 10,000 രൂപ കോടതി ചെലവ് എന്നിവ എതിർകക്ഷികൾ 45 ദിവസത്തിനകം പരാതിക്കാരിക്ക് നൽകാൻ കോടതി നിർദേശിച്ചു.

2018 മാർച്ചിൽ ആണ് 67,000/ രൂപ കൊടുത്ത് ഒരു വർഷത്തെ വാറന്റിയോടെ പരാതിക്കാരി സ്കൂട്ടർ വാങ്ങിയത്. അധികം താമസിയാതെ തന്നെ സ്കൂട്ടറിൽ നിന്നും വലിയ ശബ്ദം കേൾക്കാൻ തുടങ്ങി. പല പ്രാവശ്യം സർവീസ് സെൻററിൽ പോയി റിപ്പയർ ചെയ്തെങ്കിലും വീണ്ടും തകരാറിലായി. സ്കൂട്ടറിന്റെ പല സുപ്രധാനമായ ഭാഗങ്ങളും മാറ്റി പുതിയത് വയ്ക്കേണ്ടിവന്നു. ഈ സാഹചര്യത്തിലാണ് സ്കൂട്ടറിന്റെ തുടർച്ചയായ തകരാറ് നിർമ്മാണപരമായ ന്യൂനത കൊണ്ടാണ് എന്ന് പരാതിപ്പെട്ട് സ്കൂട്ടറിന്റെ വിലയും നഷ്ടപരിഹാരവും കോടതി ചെലവും നൽകണമെന്ന് ആവശ്യപ്പെട്ട് പരാതിക്കാരി കോടതിയെ സമീപിച്ചത്.

എന്നാൽ, വാറന്റി വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാതിക്കാരി വീഴ്ച വരുത്തിയെന്നും അതിനാലാണ് സൗജന്യമായി സർവീസ് ചെയ്ത് നൽകാതിരുന്നതെന്നും പണം നൽകിയാൽ സർവീസ് ചെയ്ത് നൽകാം എന്ന നിലപാട് സർവീസ് സെൻറർ കോടതി മുമ്പാകെ സ്വീകരിച്ചു. എന്നാൽ വാറന്റി കാലയളവിൽ തന്നെ റിപ്പയർ ചെയ്യാൻ വിസമ്മതിച്ചുവെന്നും മറ്റ് വർക്ക് ഷോപ്പുകളിൽ കൊണ്ടുപോയി റിപ്പയർ ചെയ്യേണ്ടിവന്നു എന്നുമാണ് പരാതിക്കാരി പറയുന്നത്.

നിലവാരമുള്ള ഉൽപ്പന്നങ്ങളും മികച്ച സേവനവും ഉപഭോക്താക്കൾക്ക് നൽകുക എന്നത് ഓരോ നിർമ്മാതാക്കളുടെയും സേവന ദാതാക്കളുടെയും നിയമപരമായ ചുമതലയാണ്.

ഇത് ലംഘിക്കപ്പെട്ടതിനാൽ നീതി തേടി എത്തിയ ഉപഭോക്താക്കളുടെ അവകാശം ഉറപ്പുവരുത്തി എന്നതാണ് ഈ കേസിന്റെ പ്രാധാന്യമെന്ന് ഡി.ബി. ബിനു അധ്യക്ഷനും, വി.രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളായ ബഞ്ച് നിരീക്ഷിച്ചു.



ഏകപക്ഷീയ അക്കാദമിക് കലണ്ടർ പിൻവലിക്കണമെന്നാവശ്യപ്പെട്ട് സംയുകത അധ്യാപക സമിതി ചേരുരാൽ സ്കൂളിൽ സംഘടിപ്പിച്ച പ്രതിഷേധ സംഗമം

## വിദ്യാർഥികളുടെ മണ്ണു നടത്തം

പരപ്പനങ്ങാടി: മണ്ണിനെ അറിയാൻ, പ്രകൃതിയെ അറിയാൻ എന്ന സന്ദേശത്തിൽ ചെമ്മാട് തൃക്കുളം ഗവ.ഹൈസ്കൂളിലെ കുട്ടികൾ പാലത്തിങ്ങൽ കീരനല്ലൂർ ന്യൂക്കട്ടിൽ 'മണ്ണുനടത്തം' സംഘടിപ്പിച്ചു.ലോക പ്രകൃതി സംരക്ഷണ ദിനാചരണത്തിന്റെ ഭാഗമായാണ് പരിപാടി. ന്യൂക്കട്ട്പ്രദേശത്തെപരിസ്ഥി തി സൗഹൃദ അന്തരീക്ഷം അറിയാനും മനുഷ്യനിർമിത പുഴയായ കീരനല്ലൂർ ന്യൂക്കട്ടിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനുമാണ് വിദ്യാർഥികൾ മണ്ണുനടത്തം സംഘടിപ്പിച്ചത്. പരപ്പനങ്ങാടിനഗരസഭാ കൗൺസിലർ അസീസ് കൂളത്ത് ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപിക കെ.ജസീത, പി.ടി.എ.പ്രസിഡന്റ് എം. എൻ.ഷഫീഖ്, വി.ടി.ജിജി,എ.ബിജു പങ്കെടുത്തു.



പ്രകൃതിയെ അറിയാൻ പരപ്പനങ്ങാടി കീരനല്ലൂർ നൂകട്ടിൽ വിദ്യാർഥികൾ എത്തിയപ്പോൾ

# കേരള വാർത്തകൾ

## അധ്യാപകർ പ്രതിഷേധിച്ചു

അനന്താവൂർ: സർക്കാറിന്റെ അധ്യാപക വിരുദ്ധതയും ശനിയാഴ്ചകൾ പ്രവൃത്തി ദിവസമാക്കിയ ഏകപക്ഷീയ അക്കാദമിക് കലണ്ടർ പിൻവലിക്കണമെന്നാവശ്യപ്പെട്ടും സംയുക്ത അധ്യാപക സമിതി സംസ്ഥാന വ്യാപകമായി നടത്തുന്ന പ്രതിഷേധത്തിന്റെ ഭാഗമായി ചേരുരാൽ സ്കൂളിൽ പ്രതിഷേധ സംഗമം നടത്തി.

സമിതി ചെയർമാൻ വി. ഷഫീഖ് ഉദ്ഘാടനം ചെയ്തു. കൺവീനർ ടി.വി.ജലീൽ പദ്ധതികൾ വിശദീകരിച്ചു. യൂനുസ് മയ്യേരി, പി.സലിം, യു.എ. അനീഷ്, ഷൈമ മാങ്കടവത്ത്, പ്രിയ തമ്പി, ഇ.മുജീബ്,ഷബീർ പള്ളിയത്ത്, സാദിഖ് തെറ്റൻ, കരീം വാവൂർ നേതൃത്വം നൽകി.

## കൊടക്കല്ലിലെ ചീനി മരം വെട്ടിമാറ്റാൻ നിവേദനം

തിരുന്നാവായ: റോഡിലേക്ക് തള്ളി നിൽക്കുന്ന ചീനി മരം അപകട ഭീഷണിയിൽ. കൊടക്കലിൽ തിരൂർ റോഡിലാണ് ചീനി മരം ഏത് നിമിഷവും നിലം പൊത്താവുന്ന അവസ്ഥയിലുള്ളത്. വാഹനങ്ങൾക്കും യാത്രക്കാർക്കും നാട്ടുകാർക്കും ഒരു പോലെ ഭീഷണിയാണ് മരം. ചില്ലകൾ വെട്ടി മാറ്റി ഭീഷണി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ഓട്ടോ തൊഴിലാളികൾ പഞ്ചായത്തിൽ നിവേദനം നൽകി.

## ഫിസിയോ തെറാപിസ്റ്റിനെ നിയമിക്കുന്നു

പരപ്പനങ്ങാടി: നെടുവ സാമൂഹികാ രോഗ്യ കേന്ദ്രത്തിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കീഴിൽ താൽകാലികാടിസ്ഥാനത്തിൽ ഫിസിയോ തെറാപിസ്റ്റിനെ നിയമിക്കുന്നു. യോഗ്യരായവർ ആഗസ്റ്റ് 1ന് 10 മണിക്കുള്ള അഭിമുഖത്തിൽ നെടുവ സി.എച്ച്.സിയിൽ ഹാജരാകണം.

## സി.ഇ.ഒ യൂണിറ്റ് സമ്മേളനം

പള്ളിക്കൽ: കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ (സി.ഇ.ഒ) പള്ളിക്കൽ യൂണിറ്റ് സമ്മേളനം പള്ളിക്കൽ സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. പള്ളിക്കൽ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി.സി വാഹിദ് സമാൻ ഉദ്ഘാടനം ചെയ്തു. സി.ഇ.ഒ ജില്ലാ സെക്രട്ടറി കെ.വി അബ്ദുൽ ജബ്ബാർ അധ്യനായി. സി.ഇ.ഒ കൊണ്ടോട്ടി താലൂക്ക് കമ്മിറ്റി സെക്രട്ടറി വി. ഷബീറലി, സി.ഇ.ഒ കൊണ്ടോട്ടി താലൂക്ക് വനിതാ വിങ് സെക്രട്ടറി പി.റാജിഷ, സി.ജാസർ, കെ.ജവാദ് പ്രസംഗിച്ചു. പള്ളിക്കൽ യൂണിറ്റ് കമ്മിറ്റി അംഗങ്ങളായി മൂസക്കുട്ടി തോട്ടോളി (പ്രസിഡന്റ്), കെ. ഖാലിദ്, എ.ഷബീർ, പി.ഷംസുദ്ദീൻ (വൈസ് പ്രസിഡന്റുമാർ), കെ. ജവാദ് (ജനറൽ സെക്രട്ടറി), നീതുമോൾ സിബിച്ചൻ, എം. അൻവർ ഹുസൈൻ, കെ.റമീസ് (സെക്രട്ടറിമാർ), ശരണ്യ നന്ദകുമാർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

തിരൂർ: സർവീസ് സഹകരണ ബാങ്ക് സി.ഇ.ഒ യൂണിറ്റ് സമ്മേളനം അഡ്വ. നസീർ അഹമ്മദ് ഉദ്ഘാടനം ചെയ്തു. വി.എ. നാസർ അധ്യക്ഷനായി. ജില്ലാ ട്രഷറർ ജബ്ബാർ വളാഞ്ചേരി മുഖ്യപ്രഭാഷണം നടത്തി. താലൂക്ക് വർക്കിങ് പ്രസിഡന്റ് പി.വി. സമദ് തിരഞ്ഞെടുപ്പ് നിയന്ത്രിച്ചു. കെ.കെ ഉമ്മർ, മൻസൂർ കൊക്കോടി, എ. നിസാർ പ്രസംഗിച്ചു.

## മെഗാമെഡിക്കൽ ക്യാമ്പ്

താനാളൂർ: മത സമൂഹിക ജീവകാരുണ്യ മേഖലകളിൽ പ്രവർത്തിക്കുന്ന ബയാനുൽഹുദാ മദ്രസ പൂർവ വിദ്യാർഥി സംഘടനയായ നുസ്രത്തുൽ ഇഖ്വാൻ സംഘത്തിന്റെ 10-ാം വാർഷികത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച ഒരു വർഷം നീണ്ടു നിൽക്കുന്ന കാമ്പയിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട മെഗാ മെഡിക്കൽ ക്യാമ്പ് ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. കോട്ടക്കൽ അൽമാസ് ആശുപത്രിയുടെ സഹകരണത്തോടെ ഇന്നലെ താനാളൂർ, പരേങ്ങത്ത് ബയാനുൽഹുദാ മദ്രസയിൽ നടന്ന ക്യാമ്പ് ജില്ലാ പഞ്ചായത്ത് മെമ്പർ വി.കെ.എം ഷഫി ഉദ്ഘാടനം ചെയ്തു.

കെ.എൻ മുത്തുക്കോയ തങ്ങൾ, ഹെൽത് ഇൻസ്പെക്ടർ നാസർ, കെ.എൻ.സി തങ്ങൾ കെ.എൻ.എസ്. തങ്ങൾ, ബിൻയാമിൻ ഹുദവി, പാക്കനി കുഞ്ഞുട്ടി, അബ്ദുറഹ്മാൻ ഹാജി, മജീദ് മംഗലത്ത്, ഫസീല ഷാജി, നാസർ മാസ്റ്റർ, വി.പി. ലത്തീഫ്, ഡോ. അരുൺ, ഡോ. തമീം, വി.പി. ഗഫൂർ, സി.എം ഇബ്രാഹീം ഹാജി, കെ.ടി ഇസ്മായിൽ, ശറഫുദ്ദീൻ ഫൈസി, എ. ഇസ്മാഈൽ, പി. സാദിഖലി, എൻ. യഹ്‌യ, യു. യഹ്‌യ, എ. ശിഹാബ്, പി. നാസർ പ്രസംഗിച്ചു. ക്യാമ്പിൽ ഓർത്തോളജി, നെഫ്രോളജി, കാഴ്ച പരിശോധന, ജനറൽ മെഡിസിൻ, ലാബ് എന്നീ വിഭാഗങ്ങളിലെ പ്രഗത്ഭരായ ഡോക്ടർമാരുടെ സേവനങ്ങൾ ലഭ്യമാക്കിയത് ക്യാമ്പിനെത്തിയവർക്ക് ആശ്വാസമായി.


**കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്**
മലപ്പുറം ജില്ല. 0494-2608329

നമ്പർ: A2 - 100/24 തീയ്യതി: 26.07.2024

**ക്വട്ടേഷൻ പരസ്യം**

കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് – 2024-25 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തയ്യാറാക്കിയ വാഹനം വാടകയ്ക്കെടുക്കൽ എന്ന പ്രവൃത്തിക്ക് അംഗീകൃത സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡിൽ നിന്നും, http://tender.lsgkerala.gov.in (Window No. G228442/2024, G228546/2024)എന്ന വെബ് സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

ഒപ്പ്, സെക്രട്ടറി
കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്


## എടക്കുളം ആരോഗ്യ ഉപകേന്ദ്രത്തിലെ കവർച്ച
# പൊലീസും വിരലടയാള വിദഗ്ധരും പരിശോധന നടത്തി

തിരുന്നാവായ: എടക്കുളം ആരോഗ്യ ഉപകേന്ദ്രത്തിലൈ പട്ടാപ്പകൽ കവർച്ചയിൽ സ്വർണ്ണാഭരണം മുതൽ ഫ്രിഡ്ജിൽ സൂക്ഷിച്ചിരുന്ന ചോക്ലേറ്റ് മിഠായിവരെ അടിച്ചെടുത്ത് കള്ളൻ.എടക്കുളം കുന്നുംപുറത്ത് സ്ഥിതി ആരോഗ്യ ഉപകേന്ദ്രത്തിലാണ് മോഷണമുണ്ടായത്. ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് എൻ.നിത്യമോളുടെ സ്വർണാഭരണമാണ് നഷ്ടമായത്. നിത്യമോൾ കേന്ദ്രം പൂട്ടി ജോലിയാവശ്യാർത്ഥം പുറത്ത് പോയ സമയത്താണ് കവർച്ചയുണ്ടായിരിക്കുന്നത്. വാതിലിന്റെ പൂട്ടുകൾ തകർത്താണ് മോഷ്ടാവ് അകത്ത് കടന്നിട്ടുള്ളത്. ഓഫീസ് മുറിയും കിടപ്പ് മുറിയും ഉൾപ്പടെ അരിച്ച് പെറുക്കി പരിശോധിച്ചിട്ടുണ്ട്. വൈകീട്ട് തിരിച്ചെത്തിയപ്പോഴാണ് സംഭവം ഇവർ അറിയുന്നത്. സ്ഥിരമായി കൈവശമുള്ള പഴ്സിൽ സൂക്ഷിച്ചിരുന്ന സ്വർണാഭരണം നഷ്ടമാകേണ്ടെന്ന് കരുതി ബാഗിലേക്ക് മാറ്റിയ അടുത്ത ദിവസമാണ് കവർച്ചയുണ്ടായത്. ജനവാസ കേന്ദ്രത്തിലാണ് ആരോഗ്യ ഉപകേന്ദ്രം.

ചുറ്റും വീടുകളുണ്ടെങ്കിലും കേന്ദ്രം വളപ്പിൽ പ്രവേശിച്ചാൽ പുറത്തുള്ളവർക്ക് ഒന്നും അറിയില്ല.അത് കൊണ്ട് തന്നെ പട്ടാപ്പകൽ നടന്ന മോഷണം ആരുമറിഞ്ഞതുമില്ല. സംഭവത്തിൽ തിരൂർ പൊലീസ് അന്വേഷണം തുടങ്ങി. എസ്.ഐ ആർ.പി സുജിതിന്റെ നേതൃത്വത്തിൽ അന്വേഷണ സംഘം കേന്ദ്രത്തിലെത്തി പരിശോധന നടത്തി. സയന്റിഫിക് ഓഫീസർ മിനിയുടെ നേതൃത്വത്തിൽ വിരലടയാള,ഫോറൻസിക്, മലപ്പുറം ഡോഗ് സ്ക്വാഡും സംഭവ സ്ഥലത്ത് പരിശോധന നടത്തി.



എടക്കുളം ആരോഗ്യ ഉപകേന്ദ്രത്തിൽ പൊലീസും വിരലടയാള വിദഗ്ധരും പരിശോധന നടത്തുന്നു



കാട്ടിലങ്ങാടി പി.എം.എസ്.എ വാഫി കോളജ് യൂണിയൻ ഉദ്ഘാടനം പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു

## കാട്ടിലങ്ങാടി പി.എം.എസ്.എ വാഫി കോളജ് യൂണിയൻ ഉദ്ഘാടനം

തിരുന്നാവായ: കാട്ടിലങ്ങാടി പി.എം.എസ്.എ വാഫി കോളജ് 2024-25 അധ്യയന വർഷത്തെ വിദ്യാർഥി യൂണിയൻ മുൻതജുൽ അഫ്നാൻ സ്റ്റുഡന്റ്സ് അസോസിയേഷൻ പ്രവർത്തനോദ്ഘാടനം പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ നിർവഹിച്ചു. പുതുതലമുറക്ക് പ്രാഗത്ഭ്യത്തോടെ വളരാനുള്ള സാഹചര്യം ഒരുക്കുന്ന സംവിധാനമായും സമൂഹത്തിന് ദിശാബോധം നൽകുന്ന പ്രതിഭകളെ സൃഷ്ടിക്കുന്ന സംഘടനയായും കോളജ് യൂണിയൻ പ്രവർത്തിക്കണമെന്ന് തങ്ങൾ പറഞ്ഞു.

തിരൂർ മുസ്‌ലിം യൂത്ത് ലീഗ് മുനിസിപ്പൽ കമ്മിറ്റി പ്രസിഡന്റ് ഹസീം ചെമ്പ്ര മുഖ്യപ്രഭാഷണം നടത്തി. കോളജ് പ്രിൻസിപ്പൽ അഹമ്മദ് ഫൈസി കക്കാട് അധ്യക്ഷനായി. യൂണിയൻ ജനറൽ സെക്രട്ടറി സഹൽ സലീം, സാലിഹ് കെ.സി, പി.എം.എസ്.എ കാട്ടിലങ്ങാടി യതീംഖാന കമ്മിറ്റി ഭാരവാഹികളായ ഇ.കെ അബ്ദുൽ ഖാദർ ഹാജി പല്ലാർ, ഇ.പി സൈതലവി ഹാജി കുറുമ്പത്തൂർ, തയ്യിൽ ഏന്തി ഹാജി, പറമ്പിൽ സൈതലവി, കോളജ് അധ്യാപകർ പങ്കെടുത്തു.

## അറബി ക്ലബ്ബ് രൂപീകരണവും സമ്മാന വിതരണവും

വെളിമുക്ക്: വിജെ പള്ളി എ.എം.യു.പി സ്കൂളിൽ അലിഫ് അറബി ക്ലബ്ബ് രൂപീകരണവും അലിഫ് ടാലെന്റ് ടെസ്റ്റ് മത്സര വിജയികൾക്കുള്ള സമ്മാന വിതരണവും നടത്തി. നസീർ മാസ്റ്റർ അധ്യക്ഷനായി. പ്രധാനാധ്യാപകൻ ഫൈസൽ ഉദ്ഘാടനം ചെയ്തു. അധ്യപകരായ ജംഷീർ, അബ്ദുറഹ്മാൻ, റംല, മഹ്റൂഫ് ഖാൻ, ഹബീബ ടീച്ചർ, സ്കൂൾ ലീഡർ നിഷ്മൽ, സമദ്, നാസിഹ്, റുബയ്യ, റിൻഷ പ്രസംഗിച്ചു.

## ജില്ല സംരംഭകത്വ ശിൽപ ശാല

താനാളൂർ: താനാളൂരിൽ നടത്തിയ ജില്ലാ തല സംരംഭകത്വ ഏകദിന ശിൽപശാല മന്ത്രി വി അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സൈനബ ചേനാത്ത് അധ്യക്ഷയായി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വി. അബ്ദു റസാഖ് മുഖ്യപ്രഭാഷണം നടത്തി. എം.എ സഫൂറ, ഒ.കെ. പ്രേംരാജ്, മുജീബ് താനാളൂർ, ഇല്യാസ് കുണ്ടൂർ, റഹീം പൂക്കത്ത്, തസ്നിം കമർഷ, മുഹമ്മദ് നയീം സയ്യിദ് ഫസൽ അലി എൻ.സോമസുന്ദരൻ, പ്രസംഗിച്ചു. വ്യവസായ വികസന ഓഫിസർ വാണിജ്യ വകുപ്പിലെയും ബാങ്കിങ് മേഖലയിലെയും വിദഗ്ധർ ക്ലാസെടുത്തു.

## വിദ്യാർഥികളെ ബസിൽ കയറ്റാത്ത സംഭവം നാട്ടുകാർക്കെതിരെ എടുത്ത കേസ് പിൻവലിക്കണം

തിരൂരങ്ങാടി: വിദ്യാർഥികളെ കയറ്റാത്ത ബസുകൾ തടഞ്ഞ നാട്ടുകാർക്ക് പിന്തുണയുമായി മുസ്‌ലിം യൂത്ത്ലീഗ്. വിഷയത്തിൽ നാട്ടുകാർക്കെതിരെ കേസെടുത്ത തിരൂരങ്ങാടി പൊലീസിന്റെ നടപടി പ്രതിഷേധാർഹമാണെന്നും കേസ് പിൻവലിക്കാൻ പൊലീസ് തയ്യാറാകണമെന്നും തിരൂരങ്ങാടി മണ്ഡലം മുസ്‌ലിം യൂത്ത്ലീഗ് കമ്മിറ്റി ആവശ്യപ്പെട്ടു. തിരൂരങ്ങാടി പി.എസ്.എം.ഒ കോളജ്, തിരൂരങ്ങാടി ഓറിയന്റർ ഹയർ സെക്കന്ററി സ്കൂൾ, ഹൈസ്കൂൾ, യു.പി. സ്കൂൾ, തിരൂരങ്ങാടി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ, ഹൈസ്കൂൾ, ടി.ടി.ഐ, ഇത് നിരവധി പാരലൽ കോളജുകളെല്ലാം സ്ഥിതി ചെയ്യുന്ന തിരൂരങ്ങാടിയിൽ ബസിൽ വിദ്യാർഥികളെ കയറ്റാത്ത പ്രശ്നം രൂക്ഷമാണ്. നിരവധി തവണ പൊലീസിലും മോട്ടോർ വാഹന വകുപ്പിനും പരാതി നൽകിയെങ്കിലും നടപടി എടുക്കാൻ ഇരുകൂട്ടരും തയ്യാറായില്ല.

ഈ സാഹചര്യത്തിലാണ് കഴിഞ്ഞ ദിവസം നാട്ടുകാർ ബസ് തടഞ്ഞു വിദ്യാർഥികളെ കയറ്റിയത്. അത് കുറ്റമായി കാണാൻ കഴിയില്ല. നാളത്തേക്ക് വിദ്യാഭ്യാസമുള്ള തലമുറയെ വാർത്തെടുക്കുക എന്നത് നാം ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. പഠനം കഴിഞ്ഞ് വൈകീട്ട് ആറ് മണിക്ക് മുമ്പ് വീട്ടിലെത്തണമെങ്കിൽ ബസുകൾ തിരൂരങ്ങാടിയിൽ ബസുകൾ നിർത്തിയേ പറ്റൂ. ആയിരക്കണക്കിന് വിദ്യാർഥികൾ ഒരേസമയം ബസ് കാത്തുനിൽക്കുന്ന സാഹചര്യമാണ് വൈകുന്നേരങ്ങളിൽ ഉണ്ടാകാറ്. ആ സമയത്ത് വിദ്യാർഥികളെ കയറ്റാതെയും ബോർഡ് മാറ്റി വെച്ചും ഓടുന്ന ബസുകൾക്കെതിരെ നടപടി എടുക്കാത്ത് അധികൃതരാണ് അനീതിക്കെതിരെ പ്രതികരിച്ച നാട്ടുകാർക്കെതിരെ കേസെടുത്തിരിക്കുന്നത്.

ബസുകൾ ഇനിയും വിദ്യാർഥികളെ കയറ്റാതെ യാത്ര തുടരുന്നപക്ഷം ജനകീയ ബസ് തടയലിന് യൂത്ത്ലീഗ് നേതൃത്വം നൽകുമെന്നും യൂത്ത് ലീഗ് മുന്നറിയിപ്പ് നൽകി. നാളെ മുതൽ പ്രദേശത്ത് നാല് മുതൽ പൊലീസ് സാന്നിധ്യമുണ്ടാകുമെന്ന് തിരൂരങ്ങാടി എസ്.എച്ച്.ഒ ശ്രീനിവാസൻ യൂത്ത്ലീഗ് ഭാരവാഹികൾക്ക് ഉറപ്പ് നൽകി.



സി.ഇ.ഒ താലൂക്ക് സമ്മേളന പോസ്റ്റർ പ്രകാശനം മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം നിർവഹിക്കുന്നു

## സി.ഇ.ഒ. താലൂക്ക് സമ്മേളനം പോസ്റ്റർ പ്രകാശനം

തിരൂരങ്ങാടി: അവകാശ പോരാട്ടങ്ങൾ നിലക്കാത്ത 40 വർഷങ്ങൾ എന്ന പ്രമേയത്തിൽ ആഗസ്ത് 9, 10 തിയ്യതികളിൽ ചെമ്മാട് നടക്കുന്ന സി.ഇ.ഒ തിരൂരങ്ങാടി താലൂക്ക് സമ്മേളനത്തിന്റെ പോസ്റ്റർ മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ. സലാം പ്രകാശനം ചെയ്തു. അനീസ് കൂരിയാടൻ, ഷാഫി പരി, കെ.ടി മുജീബ്, അമീൻ കള്ളിയത്ത് പങ്കെടുത്തു.

## ഉദ്ഘാടനത്തിന് ഒരുങ്ങി താനാളൂർ അംഗൻവാടി കെട്ടിടം

മലപ്പുറം ജില്ലാ പഞ്ചായത്ത് നിർമാണം നടത്തിയ താനാളൂർ ജാറം അംഗൻവാടി കെട്ടിടം ഉദ്ഘാടനം നാളെ രാവിലെ 9 മണിക്ക് നടക്കും. ജില്ലാ പഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ 18 ലക്ഷം രൂപ വകയിരുത്തിയാണ് മനോഹരമായ കെട്ടിടം നിർമിച്ചത്. ജില്ലാ പഞ്ചായത്ത് മെമ്പർ വി.കെ.എം. ഷാഫിയുടെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മായിൽ മൂത്തേടം അംഗൻവാടി കെട്ടിടം ഉദ്ഘാടനം ചെയ്യും. പദ്ധതിയുടെ ഭാഗമായി അംഗൻവാടി പരിസരം കട്ടവിരിക്കുകയും ചുറ്റുമതിൽ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. 2023 സെപ്തംബർ അവസാന വാരത്തിലാണ് അംഗൻവാടി കെട്ടിട നിർമാണത്തിന് കരാറുകാരനുമായി എഗ്രിമെന്റ് വെച്ചത്. 12 മാസമാണ് നിർമാണ കാലാവധി. കാലാവധി തീരുന്നതിന് രണ്ടുമാസം മുമ്പ് നിർമാണം പൂർത്തിയാക്കി നാടിന് സമർപ്പിക്കുന്നതിൽ ചാരിതാർത്ഥ്യം ഉണ്ടെന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ വി.കെ.എം. ഷാഫി പറഞ്ഞു. ഉദ്ഘാടന ചടങ്ങിൽ താനൂർ ബ്ലോക്ക് പഞ്ചായത്ത്, താനാളൂർ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ, മുൻ ജനപ്രതിനിധികൾ പങ്കെടുക്കും.

## ഹൈമാസ്റ്റ് ലൈറ്റ് കത്തിക്കാൻ നടപടി സ്വീകരിക്കണം

കൂട്ടായി: മാസങ്ങളായി പ്രകാശിക്കാത്ത കൂട്ടായി അങ്ങാടിയിലെ ഹൈമാസ്റ്റ് ലൈറ്റ് കത്തിക്കാൻ നടപടി സ്വീകരിക്കണമെന്ന് കൂട്ടായി ടൗൺ മുസ്‌ലിം ലീഗ് കമ്മിറ്റി മംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു. പ്രശ്നത്തിൽ അടിയന്തര പരിഹാരം ഉറപ്പ് വരുത്തുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് സി.പി. കുഞ്ഞുട്ടി കൂട്ടായി ടൗൺ മുസ്‌ലിം ലീഗ് ഭാരവാഹികൾക്ക് ഉറപ്പ് നൽകി. സി.എം.ടി അബ്ദുറഹ്മാൻ കുട്ടി, പഞ്ചായത്ത് മുസ്‌ലിം ീഗ് ജന. സെക്രട്ടറി സി.എം.ടി സീതി, ഫൈറോസ് മുഹാജിർ, പി.പി ഷിഹാബ്, കെ.പി ഹനീഫ, ടി.ബി.ആർ കൂട്ടായി, പി.സി കുഞ്ഞുട്ട്യാവ, വി.വി മുജീബ്, ഷരീഫ് കൂട്ടായി, പി.വി നസറു പങ്കെടുത്തു.

## ഒളിമ്പിക്സ് വളയങ്ങളൊരുക്കി വിദ്യാർഥികൾ

മംഗലം: പാരീസിൽ നടക്കുന്ന ഒളിമ്പിക്സിന്റെ സന്ദേശം വിദ്യാർഥികളിൽ എത്തിക്കുന്നതിന്റെ ഭാഗമായി മംഗലം വള്ളത്തോൾ എ.യു.പി സ്കൂളിലെ വിദ്യാർഥികൾ ഒളിമ്പിക്സ് വളയങ്ങളിലുള്ള നീല, ചുവപ്പ്, പച്ച, മഞ്ഞ, കറുപ്പ് എന്നീ നിറങ്ങളിലുള്ള വസ്ത്രങ്ങൾ ധരിച്ച് ഒളിമ്പിക്സ് ചിഹ്നമായ 5 വളയങ്ങൾ നിർമിച്ചു. സ്കൂൾ പ്രധാനാധ്യാപകൻ പ്രകാശ് കുമാർ പറമ്പത്ത് ഒളിമ്പിക്സ് സന്ദേശം നൽകി. അധ്യാപികമാരായ കെ.കെ റംല, സി.പി റഷീദ, കെ.പി നസീബ്, എം. സമീറ, കാരാട്ട് ഇസ്ഹാഖ്, ബി. ആതിര, റുഖ്സാന, കെ. സാദിഖലി പങ്കെടുത്തു. കായികാധ്യാപകൻ ഷഫീഖ് ചെറുകാട്ടിൽ പരിപാടിക്ക് നേതൃത്വം നൽകി. ലീഡർ സിയ സിനോബിൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

തിരൂർ: പാരീസിൽ നടക്കുന്ന ഒളിമ്പിക്സിന്റെ സന്ദേശം വിദ്യാർഥികളിൽ എത്തിക്കുന്നതിന്റെ ഭാഗമായി മംഗലം വള്ളത്തോൾ എ.യു.പി സ്കൂളിലെ എല്ലാ വിദ്യാർഥികളും ഒളിമ്പിക്സ് വളയങ്ങളിലുള്ള നിറങ്ങളായ നീല, ചുവപ്പ്, പച്ച, മഞ്ഞ, കറുപ്പ് എന്നീ നിറങ്ങളിലുള്ള വസ്ത്രങ്ങൾ ധരിച്ച് സ്കൂളിൽ എത്തി. ഈ കുട്ടികളെ അണിനിരത്തി ഒളിമ്പിക്സ് ചിഹ്നമായ 5 വളയങ്ങൾ നിർമിക്കുകയും ഒളിമ്പിക്സിന്റെ സന്ദേശം കുട്ടികളിൽ എത്തിക്കുകയും ചെയ്തു. സ്കൂൾ പ്രധാനാധ്യാപകൻ പ്രകാശ് കുമാർ പറമ്പത്ത് ഒളിമ്പിക്സ് സന്ദേശം നൽകി. അധ്യാപികമാരായ കെ.കെ റംല, സി.പി റഷീദ, കെ പി നസീബ്, എം. സമീറ, കാരാട്ട് ഇസ്ഹാഖ്, ബി. ആതിര, റുഖ്സാന, കെ. സാദിഖലി എന്നിവർ പങ്കെടുത്തു. കായികാധ്യാപകൻ ഷഫീഖ് ചെറുകാട്ടിൽ പരിപാടിക്ക് നേതൃത്വം നൽകി. ലീഡർ സിയ സിനോബിൻ പ്രതിജ്ഞ ചൊല്ലി കൊടുത്തു.

## ദീപശിഖ തെളിയിച്ചു

താനാളൂർ: താനാളൂർ എ.എം.എൽ.പി സ്കൂളിൽ ഒളിമ്പിക്സ് വരവേൽപ്പും സ്കൂൾ ഒളിമ്പിക്സ് ദീപശിഖ തെളിയിക്കലും നടന്നു. പ്രശസ്ത ഇന്ത്യൻ താരങ്ങൾക്ക് ആശംസകൾ നേർന്നു. 'ഒളിമ്പിക്സ് പെരുമ' പ്രധാനാധ്യാപകൻ പ്രദീപ് താനൂർ ഉദ്ഘാടനം ചെയ്തു. എം.എം അജിത, സജീവൻ വി.കെ ,സഫീർ പുളിക്കിയത്ത്, നിഷ ചന്ദ്രൻ, നാഫില.പി പ്രസംഗിച്ചു.

## ചേലേമ്പ്രയിൽ കായിക സാക്ഷരത തുടർ പദ്ധതിയായി നടപ്പാക്കും

ചേലേമ്പ്ര : ചേലേമ്പ്രയിൽ കായിക സാക്ഷരത തുടർ പദ്ധതിയായി നടപ്പാക്കാൻ ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സമിതി യോഗം തീരുമാനിച്ചു. കായിക സാക്ഷരത തുടർ പദ്ധതിയായി നടപ്പാക്കാനും 2024 -25 വർഷത്തെ നൂതന പ്രൊജക്ടറായി കാലിക്കറ്റ് യൂണിവേഴ്സിറ്റി കായിക വകുപ്പിന്റെ സഹകരണത്തോടെ നീന്തൽ സാക്ഷരത ഏറ്റെടുക്കാനും തീരുമാനിച്ചു. മഞ്ഞപ്പിത്ത പ്രതിരോധ നിവാരണ പ്രവർത്തനങ്ങൾ, എൻ.എൻ.എം ഹയർസെക്കന്ററി സ്കൂൾ എൻ.എസ്. എസ് യൂണിറ്റിന്റെ സഹകരണത്തോടെ ക്ലീൻ ചേലേമ്പ്ര- മാലിന്യ മുക്ത പദ്ധതിക്ക് വേണ്ടി പാവനാടക ട്രൂപ്പ് രൂപീകരിക്കൽ, ഭിന്നശേഷി കുട്ടികൾക്ക് വേണ്ടി ഓണ ചങ്ങാതി, അധ്യാപക സംഗമം, കലാ-കായിക മേള എന്നീ പ്രവർത്തന പരിപാടികളും ആവിഷ്കരിച്ചു. യോഗത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ടി.പി സമീറ നിർവഹിച്ചു. വൈസ് പ്രസിഡന്റ് കെ.പി ദേവദാസ് അധ്യക്ഷനായി. കെ.കെ സുധീർ, ഉഷ തോമസ്,ഇഖ്ബാൽ പൈങ്ങോട്ടൂർ എം. പ്രതീഷ്, പി. ശ്രീജിത്ത്, പി.ജെ റോയ്,കെ.പി ഷമീം,ടി.ശ്രീജ, പി. സജി, സി.കെ നീലിമ, പി.ടി സീന,പി. സുധീഷ്,ഇ. അജയ്,സി.റസീന, ലെനിൻ, പി. അബ്ദുൽ റഷീദ് പ്രസംഗിച്ചു.

## വിദ്യാർഥിനിക്ക് മയക്കുമരുന്ന് നൽകാൻ ശ്രമം

പരപ്പനങ്ങാടി: വിദ്യാർഥിനിയെ കബളിപ്പിച്ച് മയക്കു മരുന്ന് നകാൻ ശ്രമിച്ച യുവാവിനെതിരെ സ്കൂൾ അധികൃതർ പൊലീസിൽ പരാതി നൽകി. കഴിഞ്ഞ ദിവസം വൈകീട്ട് അഞ്ചു മണിയോടെ കോവിലകം റോഡിൽ ഹരിപുരത്തു വെച്ചാണ് സംഭവം. നെടുവ ഗവഃ ഹൈസ്കൂൾ പത്താം ക്ലാസ് വിദ്യാർഥിനി സ്കൂട്ടറിലെത്തി പിന്തുടർന്ന് ഫോൺ നമ്പർ ചോദിക്കുകയും തരില്ലെന്ന് പറഞ്ഞപ്പോൾ മിഠായി പോലുള്ളവ വെച്ച് നീട്ടുകയുമായിരുന്നെന്നു പെൺകുട്ടി പറഞ്ഞു. പന്തികേട് മനസിലാക്കിയ പെൺകുട്ടി തൊട്ടടുത്ത ട്യൂഷൻ സെന്ററിലേക്ക് ഓടിക്കയറുകയായിരുന്നു.

അവർ രക്ഷിതാക്കളെ വിളിച്ചു വരുത്തി അവരോടൊപ്പം പറഞ്ഞയക്കുകയായിരുന്നു. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തു ശക്തമായ നടപടി സ്വീകരിക്കണമെന്ന് നെടുവ ജാഗ്രതാ സമിതി ആവശ്യപ്പെട്ടു. പ്രതിയെന്ന് സംശയിക്കുന്ന യുവാവിന്റെ സി.സി.ടി.വി ദൃശ്യങ്ങളും മറ്റു വിവരങ്ങളും സി.ഐക്കു കൈമാറിയതായി ജാഗ്രതാ സമിതി പ്രവർത്തകർ പറഞ്ഞു.

## ബജറ്റ് വിഹിതം പൂർണമായും അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് തിരുന്നാവായയിൽ പ്രമേയം

തിരുന്നാവായ: 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം പൂർണമായും അനുവദിക്കാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് തിരുന്നാവായ ഗ്രാമപഞ്ചായത്ത് ഭരണസമിതി മുമ്പാകെ ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ അബ്ദുൽ നാസർ ആയപ്പള്ളി അവതാരകനും 15-ാം വാർഡ് അംഗം എം.പി. ഹസീന അനുവാദകയുമായി പ്രമേയം അവതരിപ്പിച്ചു. ബജറ്റ് വിഹിതം പൂർണമായി അനുവദിക്കാത്തതിനാൽ കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾ ഗുരുതര പ്രതിസന്ധിയിലാണുള്ളത്.

മെയിന്റനൻസ് ഗ്രാന്റിന്റെ അവസാന ഗഡുവായ 1215 കോടി രൂപയും ജനറൽ പർപ്പസ് ഗ്രാന്റിലെ അവസാന മൂന്ന് ഗഡുക്കളായ 557 കോടി രൂപയും 2023-24 സാമ്പത്തിക വർഷം അനുവദിച്ചിരുന്നില്ല. തന്മൂലം 2024 മാർച്ച് 31 വരെ ഈ തുകയുടെ ബില്ലുകൾ ട്രഷറിയിൽ സ്വീകരിച്ചിരുന്നില്ല. അനുവദിച്ച ബജറ്റ് വിഹിതത്തിൽതന്നെ 487.8 കോടിയുടെ മെയിന്റനൻസ് ഗ്രാന്റ് ബില്ലുകളും 668.32 കോടി രൂപയുടെ വികസന ഫണ്ടിലുൾപ്പെട്ട ബില്ലുകളും ട്രഷറിയിൽ സ്വീകരിച്ച ശേഷം പണം അനുവദിക്കാതെ തിരിച്ചു നൽകുകയാണുണ്ടായത്. തിരുന്നാവായ പഞ്ചായത്തിന് മാത്രം ഇത്തരത്തിൽ 4,45,56,880 രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2024-25 വാർഷിക പദ്ധതി പരിഷ്കരിക്കുന്നത് സംബന്ധിച്ച ഉത്തരവ് പ്രകാരം കഴിഞ്ഞ വർഷം ലഭിക്കാത്ത തുക നടപ്പുവർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതായ സ്ഥിതിയാണുള്ളത്. ഇത്രയും ഭീമമായ തുക ഈ വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നെടുക്കുമ്പോൾ ഈ വിഹിതം കണക്കാക്കി തയാറാക്കിയ നടപ്പു വർഷത്തെ പദ്ധതികളിൽ പലതും ഉപേക്ഷിക്കേണ്ടതായി വരും.

അതിനാൽ കഴിഞ്ഞവർഷം സർക്കാർ അനുവദിക്കാതിരുന്ന 2928 കോടി രൂപ പ്രത്യേക വിഹിതമായി തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കാൻ നടപടി ഉണ്ടാകണമെന്ന് സർക്കാറിനോട് പ്രമേയം ആവശ്യപ്പെട്ടു. പ്രമേയം ഭരണ സമിതി പാസാക്കി. പ്രസിഡന്റ് ഇൻചാർജ് കെ.ടി. മുസ്തഫ അധ്യക്ഷനായി.

സ്ഥിരംസമിതി അധ്യക്ഷമായ സീനത്ത് ജമാൽ, മാമ്പറ്റ ദേവയാനി, മെമ്പർമാരായ മുസ്തഫ പള്ളത്ത്, കദീജ ആയപ്പള്ളി, നഫീസ കുറ്റിപ്പറമ്പിൽ, ഹാരിസ് പറമ്പിൽ, സോളമൻ കളരിക്കൽ, സൂർപ്പിൽ ബാവ ഹാജി, ഉണ്ണി വൈരങ്കോട്, ഫക്രുദ്ദീൻ പല്ലാർ, ഐ.വി. അബ്ദുല്ലക്കുട്ടി എന്നിവർ അനുകൂലിച്ചു. ആറ് ഇടതുപക്ഷ അംഗങ്ങൾ പ്രമേയത്തെ എതിർത്തു.


**PARAPPANANGADI CO-OPERATIVE SERVICE BANK LIMITED NO: F2302**
P.O. PARAPPANANGADI -676303, MALAPPURAM DIST, KERALA
Ph: 0494 2410958, 9447180958, E-mail: pgipcsb@gmail.com Website: www.pgipcsb.in

**ക്വട്ടേഷനുകൾ ക്ഷണിക്കുന്നു**

പരപ്പനങ്ങാടി കോ ഓപ്പറേറ്റീവ് സർവ്വീസ് ബാങ്കിന്റെ ഹെഡാഫീസ് ട്രസ്സ് റൂഫ് വർക്കിന്റെ പ്രവർത്തികൾക്കായി രണ്ട് കവറുകളിലായി സീൽ വെച്ച ക്വട്ടേഷനുകൾ ഈ രംഗത്തെ പ്രവർത്തിപരിചയമുള്ള അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും ക്ഷണിച്ച് കൊള്ളുന്നു.
ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തിയ്യതി : 14.08.2024 വൈകീട്ട് 4 മണി
EMD Rs 20000. ടെണ്ടർ ഫോറങ്ങളുടെ വില : 500 + GST
കൂടുതൽ വിവരങ്ങൾക്കും ടെണ്ടർ ഡോക്യുമെന്റുകൾക്കും ബാങ്കിന്റെ ഹെഡാഫീസുമായി ബന്ധപ്പെടുക. ഫോൺ 9447180958, 9947844448
പരപ്പനങ്ങാടി
27.07.2024 സെക്രട്ടറി

**ഭവന വായ്പകൾ**

1) ഒരു ലക്ഷം രൂപയ്ക്ക് 986 രൂപ EMIയിൽ 50 ലക്ഷം രൂപ വരെ
2) ആധാരം ഈടിൽ മറ്റു ആവശ്യങ്ങൾക്ക് 1 ലക്ഷം രൂപയ്ക്ക് EMI 1267 രൂപ മുതൽ
3) വിദേശത്തുള്ളവർക്ക് ആധാരം ഈടിൽ എല്ലാതരം വായ്പകളും
4) വിവാഹം, വിദ്യാഭ്യാസം, തൊഴിൽ
5) ബിസിനസ്സ് എന്നിവയ്ക്ക്
9% മുതൽ 12% വരെ ഡിമിനിഷിങ്ങ് PERSONAL LOANS
6) ഭവന ധനസഹായം ലഭിച്ചവർക്കും EMS / IAY / LIFE
7) ടേക്ക് ഓവർ ലോണുകൾ 8) സിബിൽ തടസ്സം ഉള്ളവർക്കും വായ്പ ലഭിക്കുന്നു

**നൂറ ഹൗസ് ലോൺസ് & പ്ലാൻസ്**
ഐശ്വര്യ അപ്പാർട്ട്മെന്റ്, IMA ഹാൾ റോഡ്, കണ്ണൂർ റോഡ്, കോഴിക്കോട്-11.
Call: 9287 222 330 ഡോക്യുമെന്റേഷന് നേരിട്ട് ബന്ധപ്പെടുക
Since 1994

# അർജന്റീനക്കും സ്പെയിനിനും ജയം

പാരീസ്: ഒളിംപിക്സ് ഫുട്ബോളിൽ ആദ്യ മത്സരത്തിൽ മൊറോക്കോയോട് തോറ്റ അർജന്റീന ഏഷ്യൻ കരുത്തുമായി എത്തിയ ഇറാഖിനെ ഒന്നിനെതിരെ മൂന്നു ഗോളുകൾക്ക് തോൽപിച്ചു. സ്പെയിൻ ഒന്നിനെതിരെ മൂന്നു ഗോളുകൾക്ക് ഡൊമിനിക്കൻ റിപ്പബ്ലിക്കിനെ തോൽപിച്ചു.

ഏകി ഫെർണാണ്ടസിനെ ആദ്യ ഇലവനിൽ ഇറക്കിക്കൊണ്ടുള്ള കോച്ച് ഹാവിയർ മഷരാനോയുടെ തന്ത്രമാണ് അർജന്റീനക്ക് ജയം ഒരുക്കുന്നതിൽ നിർണായകമായത്. 14-ാം മിനിറ്റിൽ ജൂലിയൻ ആൽവാരസിന്റെ അസിസ്റ്റിൽ നിന്നും തിയാഗോ അൽമേഡയാണ് അർജന്റീനയെ മുന്നിലെത്തിച്ചത്. എന്നാൽ കളിയുടെ ഗതിക്ക് വിപരീതമായി ഒന്നാം പകുതിയുടെ ഇഞ്ചുറി ടൈമിൽ അയ്മൻ ഹുസൈൻ ഇറാഖിനെ ഒപ്പമെത്തിച്ചു. ആദ്യ പകുതിയിൽ 1-1ന് സമനില പാലിച്ചുവെങ്കിലും രണ്ടാം പകുതിയിൽ അർജന്റീനയുടെ സമ്പൂർണ ആധിപത്യമായിരുന്നു കണ്ടത്. 62-ാം മിനിറ്റിൽ ഗോണ്ടു അർജന്റീനയെ വീണ്ടും മുന്നിലെത്തിച്ചു.

കളി അവസാനിക്കാൻ അഞ്ചു മിനിറ്റ് ബാക്കി നിൽക്കെ ഏകി ഫെർണാണ്ടസാണ് ഗോൾ പട്ടിക പൂർത്തിയാക്കിയത്. മറ്റു മത്സരങ്ങളിൽ അർജന്റീനയോട് ജയിച്ച മൊറോക്കോ യുക്രെയ്നോട് 2-1ന് തോറ്റു. ഈജിപ്ത് ഏകപക്ഷീയമായ ഒരു ഗോളിന് ഉസ്ബകിസ്താനെ തോൽപിച്ചു.

## മാപ്പുപറഞ്ഞ് ഒളിംപിക് കമ്മിറ്റി

പാരീസ്: പാരീസ് ഒളിംപിക്സ് ഉദ്ഘാടന ചടങ്ങിൽ ദക്ഷിണ കൊറിയൻ താരങ്ങളെ തെറ്റായി അവതരിപ്പിച്ചതിന് പിന്നാലെ മാപ്പുപറഞ്ഞ് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി. ദക്ഷിണകൊറിയൻ ഒളിംപിക്സ് താരങ്ങളെ ആനയിച്ചുള്ള ബോട്ട് പ്രയാണത്തിനിടെ 'ഉത്തര കൊറിയൻ' സംഘമെന്ന് പരിചയപ്പെടുത്തിയതാണ് വിവാദത്തിലേക്ക് നയിച്ചത്. ഫ്രഞ്ച് ഭാഷയിലും ഇംഗ്ലീഷിലും തെറ്റായാണ് രാജ്യത്തിന്റെ പേര് പറഞ്ഞത്. സംഭവത്തിൽ മാപ്പ് പറഞ്ഞുകൊണ്ട് ഒളിംപിക് കമ്മിറ്റി രംഗത്തെത്തി. 'ഉദ്ഘാടനച്ചടങ്ങിനിടെ ദക്ഷിണ കൊറിയൻ ടീമിനെ പരിചയപ്പെടുത്തുന്നതിനിടെ സംഭവിച്ച തെറ്റിൽ ഞങ്ങൾ ക്ഷമ ചോദിക്കുന്നു', അന്താരാഷ്ട്ര ഒളിംപിക് കമ്മിറ്റി എക്സിൽ പറഞ്ഞു. സംഭവത്തിൽ ദക്ഷിണകൊറിയൻ പ്രസിഡന്റിനോട്, ഒളിംപിക് കമ്മിറ്റി മേധാവി തോമസ് ബാഹിന് നേരിട്ട് മാപ്പ് പറയാൻ ആഗ്രഹിക്കുന്നതായി സൂചിപ്പിച്ചുകൊണ്ടുള്ള സന്ദേശം തങ്ങൾക്ക് ലഭിച്ചതായി കൊറിയൻ സ്പോർട് ആൻഡ് ഒളിംപിക് കമ്മിറ്റി അറിയിച്ചു. വിഷയത്തിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് ദക്ഷിണ കൊറിയൻ കായിക മന്ത്രാലയം പ്രസ്താവന പുറത്തിറക്കിയിരുന്നു.

PARIS 2024

ചന്ദ്രിക

# സ്പോർട്സ്

ഓൾ റൗണ്ടർ എന്നതിൽ ബെൻ സ്റ്റോക്സിനെക്കാൾ കഴിവ് ഹാർദികിന് ഉണ്ടാകാം. അദ്ദേഹം അസാമാന്യ വൈദഗ്ധ്യമുള്ള ക്രിക്കറ്റ് കളിക്കാരനാണ്. പക്ഷെ അവൻ അത് ഇതുവരെ സ്ഥിരത കാണിച്ചിട്ടില്ല. അതിനാൽ, അവൻ അവന്റെ പ്രകടനത്തിലൂടെ ടീമിനെ നയിക്കേണ്ടതുണ്ട്. ഹാർദിക് എപ്പോഴും കളിക്കണം എന്നാണ് ഇന്ത്യൻ ആരാധകർ ആഗ്രഹിക്കുന്നത്. അതാണ് ഇപ്പോൾ കാണേണ്ടത്. വരാനിരിക്കുന്ന ടൂർണമെന്റുകളിൽ ബാറ്റുകൊണ്ടും പന്ത് കൊണ്ടും കൂടുതൽ കാര്യങ്ങൾ നൽകാനുള്ള ഫിറ്റ്നസ് പാണ്ഡ്യ നേടണം.

-സ്കോട്ട് സ്റ്റൈറിസ്



www.chandrikadaily.com

**BREAKING** വനിതാ ഏഷ്യാ കപ്പ് ഫൈനൽ ഇന്ത്യ-ശ്രീലങ്ക വൈകീട്ട് 3 മണി



### ഇന്ന്

പാരീസ് ഒളിംപിക്സ്
സ്പോർട്സ് 18

ഇന്ത്യ-ശ്രീലങ്ക വനിതാ ഏഷ്യാകപ്പ് ഫൈനൽ
(വൈകുന്നേരം 3.00 മണി)
സ്റ്റാർ സ്പോർട്സ്

ഇന്ത്യ-ശ്രീലങ്ക ടി 20
( രാത്രി 7.00 )
സോണി സ്പോർട്സ്

PARIS 2024

### മെഡൽ പട്ടിക

*(സ്വർണം, വെള്ളി, വെങ്കലം, ആകെ എന്ന ക്രമത്തിൽ )*

| | | | | | |
|---|---|---|---|---|---|
| 1. | ചൈന | 2 | 0 | 0 | 2 |
| 2. | ഒസ്ട്രേലിയ | 1 | 0 | 0 | 1 |
| 3. | ബ്രിട്ടൻ | 0 | 1 | 1 | 2 |
| 4. | യു.എസ്.എ | 0 | 1 | 1 | 2 |
| 5. | കൊറിയ | 0 | 1 | 0 | 1 |
| 6. | കസാഖിസ്താൻ | 0 | 0 | 1 | 1 |

# സ്വർണം വാരി ചൈന തുടങ്ങി



വനിതാ വിഭാഗം 10 മീറ്റർ എയർ പിസ്റ്റലിൽ ഫൈനലിലെത്തിയ മനു ഭാകർ

ലക്ഷ്യ സെൻ

പാരീസ്: പാരീസ് ഒളിംപിക്സിൽ സ്വർണക്കൊയ്ത്തുമായി ചൈന തുടങ്ങി. ഷൂട്ടിങ്ങിലാണ് ചൈനയുടെ ആദ്യ രണ്ട് സ്വർണവും. ഷൂട്ടിങ്ങിൽ 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീം ഇനത്തിൽ ചൈനയുടെ ഹുവാങ് യുട്ടിങ്-ഷെങ് ലിയാവോ സഖ്യമാണ് ആദ്യ സ്വർണം വെടിവെച്ചിട്ടത്. ദക്ഷിണ കൊറിയയുടെ കെയും ജി ഹയോൺ-പാർക്ക് ഹായുൻ സഖ്യത്തെ കീഴടക്കിയായിരുന്നു ചൈനീസ് സഖ്യം സ്വർണമണിഞ്ഞത്. ദക്ഷിണ കൊറിയൻ സഖ്യം വെള്ളി നേടി. കസാഖിസ്താന്റെ അലക്സാൻഡ്ര ലെ-ഇസ്ലാം സത്പയെവ് സഖ്യത്തിനാണ് വെങ്കലം. വെങ്കല മെഡൽ പോരാട്ടത്തിൽ ജർമനിയെ പരാജയപ്പെടുത്തിയാണ് കസാഖിസ്താൻ ഷൂട്ടിങ് ടീം വെങ്കലം സ്വന്തമാക്കിയത്. വനിതകളുടെ ഡൈവിങ്ങിൽ സിങ്ക്രോ മൂന്ന് മീറ്റർ സ്പ്രിങ്ബോർഡിൽ ചൈനയുടെ ചാങ് യാനി-ചെൻ യിവൻ സഖ്യം സ്വർണം നേടി.

പാരീസിൽ ചൈനയുടെ രണ്ടാം സ്വർണമാണിത്. യു.എസ്.എയുടെ സാറാ ബേകൺ-കാസിഡി കുക്ക് സഖ്യം വെള്ളിയും ബ്രിട്ടന്റെ യാസ്മിൻ ഹാർപർ-സ്കാർലറ്റ് മ്യു ജെൻസൻ സഖ്യം വെങ്കലവും നേടി. വനിതകളുടെ സൈക്കിളിങ് ടൈം ട്രയൽ വ്യക്തികത ഇനത്തിൽ ഓസ്ട്രേലിയയുടെ ഗ്രേസ് ബ്രൗൺ (39:38.24)സ്വർണവും ബ്രിട്ടന്റെ അന്ന ഹെൻഡേഴ്സൺ(+1:31.59 വെള്ളിയും യു.എസ്.എയുടെ ക്ലോ ഡൈഗർട്ട് (+1:32.46) വെങ്കലവും നേടി. ഈയിനത്തിൽ ആദ്യമായാണ് ഓസീസ് ഒളിംപിക് സ്വർണം നേടുന്നത്.

അതേ സമയം ഷൂട്ടിങ്ങിൽ ഇന്ത്യയ്ക്കു മെഡൽ പ്രതീക്ഷയേകി മനു ഭാകർ. വനിതാ വിഭാഗം 10 മീറ്റർ എയർ പിസ്റ്റലിൽ 580 പോയിന്റുമായി മൂന്നാം സ്ഥാനത്താണ് മനു ഭാകർ യോഗ്യതാ റൗണ്ടിൽ ഫിനിഷ് ചെയ്തത്. ഞായറാഴ്ച ഉച്ചയ്ക്കു ശേഷം 3.30നാണ് ഫൈനൽ മത്സരം.

അതേസമയം ഇതേയിനത്തിൽ മത്സരിച്ച റിഥം സങ്വാൻ 15-ാമതാണ് ഫിനിഷ് ചെയ്തത്. യോഗ്യതാ റൗണ്ടിൽ 573 പോയിന്റ് നേടിയെങ്കിലും റിഥമിന് ഫൈനലിൽ ഇടം നേടാനായില്ല. യോഗ്യതാ റൗണ്ടിൽ ഹംഗേറിയൻ താരം മെജർ വെറോണിക്കയും ദക്ഷിണകൊറിയൻ താരം ഒ യെ ജിന്നുമാണ് മനു ഭാകറിനു മുന്നിലുള്ളത്. എട്ടു പേരാണ് ഫൈനൽ റൗണ്ടിനു യോഗ്യത നേടിയത്. അവസാന സീരിസിലാണ് മനു ഭാഗകർ മൂന്നാം സ്ഥാനത്തേക്കു കയറിയത്. ചൈന, വിയറ്റ്നാം, തുനീഷ്യ താരങ്ങളും ഫൈനലിൽ കടന്നു. 2022 ഏഷ്യൻ ഗെയിംസിൽ മനു ഭാകർ 25 മീറ്റർ പിസ്റ്റൽ ടീമിനത്തിൽ സ്വർണം നേടിയിരുന്നു. കഴിഞ്ഞ വർഷം നടന്ന ലോക ചാംപ്യൻഷിപ്പിലും 25 മീറ്റർ പിസ്റ്റൽ ഇനത്തിൽ സ്വർണം സ്വന്തമാക്കിയിരുന്നു.

അതേ സമയം പുരുഷൻമാരുടെ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിൽ ഇന്ത്യക്ക് നിരാശ. ഈയിനത്തിൽ മത്സരിച്ച സരബ്ജോത് സിങ്ങിന് ഫൈനലിലെത്താനായില്ല. ഒമ്പതാം സ്ഥാനത്താണ് താരം ഫിനിഷ് ചെയ്തത്. ആറ് സീരീസുകൾക്കൊടുവിൽ ജർമനിയുടെ റോബിൻ വാൾട്ടർക്കും സരബ്ജോതിനും 577 പോയന്റ് വീതമായിരുന്നെങ്കിലും കൂടുതൽ ഇന്നർ 10ന്റെ അടിസ്ഥാനത്തിൽ ജർമൻ താരം മുന്നിലെത്തുകയും എട്ടാമനായി ഫൈനലിന് യോഗ്യത നേടുകയുമായിരുന്നു. ഈ ഇനത്തിൽ പങ്കെടുത്ത മറ്റൊരു ഇന്ത്യൻ താരം അർജുൻ സിങ് ചീമയ്ക്കും ഫൈനലിന് യോഗ്യത നേടാനായില്ല. ആറ് സീരീസുകൾക്കൊടുവിൽ 574 പോയന്റോടെ അർജുൻ 18ാം സ്ഥാനത്തായി. 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീം ഇനത്തിലും ഇന്ത്യക്ക് ഫൈനലിലേക്ക് യോഗ്യത നേടാനായില്ല. ഇന്ത്യക്കായി സന്ദീപ് സിങ് -എളവേണിൽ വളറിവാൻ, അർജുൻ ബാബുട്ട-രമിത ജിൻഡാൻ സഖ്യങ്ങളാണ് മത്സരിച്ചത്. ഇരു ടീമുകൾക്കും യോഗ്യത റൗണ്ടിൽ നിന്ന് മുന്നേറാനായില്ല. സന്ദീപ് സിങ്-എളവേണിൽ വളറിവാൻ സഖ്യം 12ാം സ്ഥാനത്തും അർജുൻ ബാബുട്ട-രമിത ജിൻഡാൻ സഖ്യം ആറാം സ്ഥാനത്തുമെത്തി. ആദ്യ നാലിലെത്തുന്നവരാണ് ഫൈനൽ റൗണ്ടിലേക്ക് മുന്നേറുക. അർജുൻ ബാബുട്ട-രമിത ജിൻഡാൻ സഖ്യം 628.7 പോയന്റും സന്ദീപ് സിങ്-എളവേണിൽ വളറിവാൻ സഖ്യം 626.3 പോയന്റും നേടി. റോവിങ് പുരുഷ സിംഗിൾസ് സ്കൾസ് ഹീറ്റ്സിൽ ഇന്ത്യയുടെ ബൽരാജ് പൻവാർ നാലാമതെത്തി. ഇതോടെ താരം റെപ്പാഷെ റൗണ്ടിലേക്ക് മുന്നേറി. ഹീറ്റ്സിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തുന്നവരാണ് ക്വാർട്ടർ ഫൈനലിലേക്ക് മുന്നേറുന്നത്. ബാഡ്മിന്റണിൽ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ഗ്വാട്ടിമാലയുടെ കെവിൻ കോർഡനെ 21-8, 55-20 എന്ന സ്കോറിന് തോൽപിച്ച് രണ്ടാം റൗണ്ടിലെത്തി. ജർമ്മനിയുടെ ജൂലിയൻ കരാഗിയെയാണ് രണ്ടാം റൗണ്ടിൽ ലക്ഷ്യ സെൻ നേരിടുക. ടേബിൾ ടെന്നീസിൽ ഇന്ത്യയുടെ ഹർമീത് ദേശായി ജോർദാന്റെ സഊദ് അമനെ 4-0ന് തോൽപിച്ച് റൗണ്ട് 64ൽ എത്തി. സ്കോർ 11-7, 11-9, 11-5, 11-5. ടെന്നീസിൽ സ്പെയിനിന്റെ കാർലോസ് അൽകാരസ് 6-3, 6-1 എന്ന സ്കോറിന് ലബനന്റെ ഹാദി ഹബീബിനെ തോൽപിച്ച് രണ്ടാം റൗണ്ടിലെത്തി. ബാഡ്മിന്റൺ ഡബിൾസിൽ ഇന്ത്യയുടെ സ്വാതിക് സായ് രാജ്-ചിരാഗ് ഷെട്ടി സഖ്യം ഫ്രാൻസിന്റെ ലൂകാസ് കോർവി-റോനാൻ ലബർ സഖ്യത്തെ തോൽപിച്ച് രണ്ടാം റൗണ്ടിലെത്തി. സ്കോർ 21-17, 21-14. ടെന്നീസിൽ സെർബിയയുടെ നൊവാക് ദ്യോകോവിച്ച് 6-0, 6-1 എന്ന സ്കോറിന് ഓസ്ട്രേലിയയുടെ മാത്യു എബ്ദനെ തോൽപിച്ചു. രണ്ടാം റൗണ്ടിൽ റഫാൽ നദാലാണ് ദ്യോകോവിച്ചിന്റെ എതിരാളി.

## ഫാസി..! കേപ..! സയാകു..! എസ്പൻഡാസോ..!!



LOVE U PARIS 03

കമാൽ വരദൂർ

ചൈനീസ് പത്രമായ യാംഗ് ചെംഗ് വാൻ ബു റിപ്പോർട്ടറായ സെൻ ലിയാനെ പാരീസ് മെയിൻ മീഡിയാ സെൻററിലേക്കുള്ള മെട്രോ യാത്രക്കിടെയാണ് പരിചയപ്പെട്ടത്. ഞങ്ങൾ ഇരുവരും ഒരേ സീറ്റിൽ. വീട്ടിൽ നിന്നും രണ്ട് ട്രെയിൻ കയറി വേണം പലാ ഡി കോൺഗ്രസ് എന്ന പേരുള്ള വാർത്താ കേന്ദ്രത്തിലെത്താൻ. കോൺഗ്രസ് എന്ന പേരുള്ളതിനാൽ ഓർക്കാൻ എളുപ്പമാണ്. ബാക്കി ഫ്രഞ്ച് പേരുകളെല്ലാം കടുകട്ടിയാണ്. അൽപ്പമധികം ദൈർഘ്യവുമുണ്ടാവും. നമ്മൾ ഫ്രഞ്ചെല്ലാം പറഞ്ഞ് വരുമ്പോഴേക്കും ഫ്രഞ്ചുകാരൻ മെഹ്സി (നന്ദി) പറഞ്ഞ് സ്വന്തം വഴിക്ക് പോയിരിക്കും. സെൻ നല്ല ഉറക്കമൂഡിലായിരുന്നു.

പക്ഷേ മറ്റൊരു പത്രക്കാരനെ കിട്ടിയപ്പോൾ ഉദ്ഘാടന ചടങ്ങിനിടെയുണ്ടായ ദുരനുഭവങ്ങൾ അവന് പറയാതിരിക്കാനായില്ല. 2010 ൽ ചൈനീസ് നഗരമായ ഗോഞ്ചുവിൽ ( ഗു വാൻ ഷു) നടന്ന ഏഷ്യൻ ഗെയിംസ് റിപ്പോർട്ട് ചെയ്യാൻ പോയ വേളയിൽ ആ നഗരത്തെക്കുറിച്ച് ധാരാളമെഴുതിയിരുന്നു. സെൻ ജോലി ചെയ്യുന്ന പത്രം ഗോഞ്ചുവിൽ നിന്നാണ് പ്രസിദ്ധീകരിക്കുന്നത്. ഈ കാര്യങ്ങൾ പറഞ്ഞാണ് തുടങ്ങിയത്. നന്നായി ആംഗലേയം സംസാരിക്കുന്ന അപൂർവ്വ ചൈനക്കാരിൽ ഒരാളാണ് സെൻ. ഒളിംപിക്സ് ഉദ്ഘാടന ചടങ്ങ് ചരിത്രമാവുമെന്നെല്ലാം പറഞ്ഞാണ് മഴയുള്ള വെള്ളി പ്രദോഷത്തിൽ ലോകത്തെ പ്രധാനികളായ മാധ്യമ പ്രവർത്തകരെയെല്ലാം സംഘാടകർ വിളിച്ച് കൊണ്ട് പോയത്. ആദ്യം മീഡിയാ ബസിൽ നദി തടമായ ട്രസറാഡോയിലേക്ക്. സുരക്ഷാ പരിശോധനയുടെ പേരിൽ ഭീകര ക്യൂ. കഷ്ടകാലത്തിന് ഏതോ സാമൂഹ്യദ്രോഹികൾ വെള്ളിയാഴ്ച രാവിലെ ട്രെയിൻ കേബിളുകൾക്ക് തീ വെച്ചിരുന്നു. അതോടെ തീവ്രവാദികൾ എന്ന പേരിൽ സുരക്ഷ കഠിനമാക്കി. മണിക്കൂറുകൾ ദീർഘിച്ച സുരക്ഷാ പരിശോധന. മഴ പെയ്തിട്ടും അവർ നിർത്തിയില്ല. ലാപ്ടോപിൽ വെള്ളം കയറിയപ്പോൾ താൻ ക്ഷുഭിതനായപ്പോൾ സുരക്ഷാ സംഘത്തിലെ വനിതക്ക് പാസ്പോർട്ട് കാണണമെന്ന് നിർബന്ധം. മറ്റൊരു ബാഗിലായിരുന്നു പാസ്പോർട്ട്. അതെല്ലാം എടുത്ത് തിരികെ വന്നപ്പോൾ വീണ്ടും ക്യാമറാബാഗ് തുറക്കണമെന്നായി. എല്ലാം സഹിച്ച് ട്രസറാഡോയിലെ ഇരിപ്പിടത്തിൽ ഉപവിഷ്ടനായപ്പോൾ സീറ്റ് നമ്പർ നിർബന്ധമെന്ന് പറഞ്ഞ് വോളണ്ടിയർ.



മഴയിൽ അലങ്കോലമായ ഉദ്ഘാടന ചടങ്ങിൽ നിന്ന്

മഴയെ പ്രതിരോധിക്കാൻ സംഘാടകർ വി.ഐ.പികൾക്ക് പ്ലാസ്റ്റിക് കോട്ട് നൽകി. മാധ്യമ പ്രവർത്തകർക്ക് ഒന്നും നൽകിയില്ല. ഒടുവിൽ സഹികെട്ട് ഉദ്ഘാടനം ബഹിഷ്ക്കരിച്ച് മടങ്ങാൻ തീരുമാനിച്ചു. അവിടെയും പണി കിട്ടി. അഞ്ച് കിലോമീറ്ററോളം സുരക്ഷക്കായി നഗരം അടച്ച് പൂട്ടിയിരിക്കുന്നു. ഒരു ടാക്സിക്കായി നടന്നത് ആറ് കിലോമീറ്റർ. തിരികെ റൂമിലെത്തുമ്പോൾ സമയം പുലർച്ചെ രണ്ട് മണി. ഇത്തരത്തിലൊരു ദുരനുഭവം ഇത് വരെയില്ലെന്ന് സെൻ പറയുമ്പോൾ ഞങ്ങളുടെ ട്രെയിൻ എഴാം സ്റ്റേഷനും പിന്നിട്ട് കോൺഗ്രസിലെത്തിയിരുന്നു....!!

സെൻ പറഞ്ഞ അനുഭവങ്ങൾ എല്ലാവർക്കുമുണ്ടായി. സാധാരണ സ്റ്റേഡിയങ്ങളിൽ നടക്കാറുള്ള ഉദ്ഘാടന ചടങ്ങ് കുറച്ച്കൂടി ആകർഷകമാക്കാനാണ് തുറന്ന വേദിയിൽ നദീതടത്തിലാക്കിയത്. നല്ല തീരുമാനമായിരുന്നു. പക്ഷേ സംഘാടകർ മഴയെ കണ്ടില്ല. വെള്ളി രാവിലെ മുതൽ നല്ല മഴയായിരുന്നു. രാത്രിയോടെ അത് ശക്തമായി. സെൻ നദിയിലൂടെ തുറന്ന ബോട്ടുകളിലായിരുന്നു താരങ്ങളുടെ മാർച്ച്പാസ്റ്റ്. പലരും നനഞ്ഞ് കുളിച്ചു. 24 മണികൂറിനകം മൽസരിക്കാനുള്ളവർ സ്വയം പഴിച്ചു. വിവിധ രാജ്യങ്ങളിലെ സംഘത്തലവന്മാർ ദേഷ്യം പരസ്യമാക്കി. ഒരു ജലദോഷം മതിയല്ലോ, നാല് വർഷത്തെ ഒരുക്കം ഇല്ലാതാക്കാൻ. ഭാഗ്യത്തിന് ആദ്യ ദിനം മൽസരിക്കാനുള്ള ഇന്ത്യൻ താരങ്ങളൊന്നും മാർച്ച് പാസ്റ്റിൽ അണിനിരന്നില്ല. അത് പി.ടി ഉഷ എന്ന ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ അധ്യക്ഷയുടെ പക്വമായ തീരുമാനമായിരുന്നു. അനുഭവ സമ്പത്തിൽ നിന്നുമുള്ള തീരുമാനം. ഉഷയും മണിക്കുറുകളോളം മഴ കൊണ്ടു. ഞങ്ങൾക്ക് നേരെ മുമ്പിലായിരുന്നു ഉഷയും ഭർത്താവ് ശ്രീനിവാസനുമുണ്ടായിരുന്നത്. മൂന്ന് ലെയറായിരുന്നു സുരക്ഷാ പരിശോധന.

വെറുതെയുള്ള നാടകം. കുടിക്കാൻ ഒരു തുള്ളി വെള്ളം പോലും ആർക്കുമില്ല. ട്രസറാഡോയിലെ താൽക്കാലിക വേദിയിലെ വലിയ സ്ക്രീനിലായിരുന്നു ചടങ്ങുകൾ കണ്ടത്. മാർച്ച് പാസ്റ്റിന് ശേഷം താരങ്ങളെത്തിയത് ഞങ്ങൾക്ക് മുന്നിലായിരുന്നു. എല്ലാവരും തണുത്ത് വിറക്കുന്നുണ്ടായിരുന്നു. മൂന്നര മണിക്കുറായിരുന്നു സഹനം. ഫ്രഞ്ചുകാർ പുലികളായിരിക്കാം.പക്ഷേ ഉദ്ഘാടന മഹാമഹം കൊടും ചതി മാത്രമല്ല,ദുരന്തവുമായി. എല്ലാം കഴിഞ്ഞ് വീണ്ടും നാടകം. ഫ്രഞ്ച് പ്രസിഡണ്ട് ഇമാനുവൽ മക്രോൺ കടന്ന് പോവാൻ അര മണിക്കൂർ ബ്ലോക്ക്. പിന്നെയും ഇഴഞ്ഞ് ഇഴഞ്ഞുള്ള പരിശോധനകൾ. ഉദ്ഘാടന ചടങ്ങുകളെക്കുറിച്ച് ഇന്നലെ മീഡിയാ സെൻററിൽ കേട്ട ചില പദങ്ങൾ പറയാം.

ഹൊറിബിൾ..! ഫാസി..!,കേപ..!സയാകു..!,എസ്പാൻഡാസോ..!!!

( രണ്ടാമൻ അറബിക്, മൂന്നാമൻ ചൈനീസ്, നാലാമൻ ജപ്പാനീസ്,അഞ്ചാമൻ സ്പാനിഷ്)

സംതൃപ്തരായ ദശലക്ഷക്കണക്കിന് ഹജ്ജ്, ഉംറ തീർത്ഥാടകരുടെ പ്രാർഥനാ പിൻബലത്തോടെ.
അൽഹിന്ദ് ഹജ്ജ് ഉംറ
ഖുർആൻ ചരിത്രഭൂമിയിലൂടെ
വിവിധ നിരക്കിലുള്ള വ്യത്യസ്ത പാക്കേജുകൾ ലഭ്യമാണ്
alhind TOURS & TRAVELS PVT.LTD.
9446 066 999
9446 888 444
INDIA - UAE - SAUDI ARABIA - KUWAIT - QATAR - OMAN - BANGLADESH

## ഇന്ത്യ ഇന്ന്

ബാഡ്മിന്റൺ വനിതാ സിംഗിൾസ് ഉച്ചയ്ക്ക് 12.50
(പി.വി സിന്ധു-എഫ്.എൻ അബ്ദുൽ റസാഖ് മാലദ്വീപ് )
പുരുഷ സിംഗിൾസ് രാത്രി 8.00
പ്രണോയ് എച്ച്.എസ്-ഫാബിയൻ റോത് (ജർമ്മനി)
ഷൂട്ടിങ് 10 മീറ്റർ എയർ റൈഫിൾസ് യോഗ്യത റൗണ്ട് ഉച്ചയ്ക്ക് 12.45 (എളവനിൽ വളരിവൻ, രമിത ജിൻഡാൽ)
1.06 റോവിങ്-പുരുഷ സിംഗിൾസ് സ്കൾസ് റപാഷഗെ (ബൽരാജ് പൻവാർ)
2.15 ടേബിൾ ടെന്നീസ്
വനിതാ സിംഗിൾസ് റൗണ്ട് 64 (ശ്രീജ അകുല)
പുരുഷ സിംഗിൾസ് റൗണ്ട് 64 (ഹർമൻദീപ് ദേശായി-ഫെലിക്സ് ലെബ്രൻ ഫ്രാൻസ്)
2.30 നീന്തൽ-പുരുഷൻമാരുടെ 100 മീറ്റർ ബാക്സ്ട്രോക് ഹീറ്റ്സ് (ശ്രീഹരി നടരാജ്)
2.30 വനിതകളുടെ 200 മീറ്റർ ഫ്രീസ്റ്റൈൽ ഹീറ്റ്സ് (ദിനിധി ദേശിംഗു)
2.45 ഷൂട്ടിങ്
10 മീറ്റർ എയർ റൈഫിൾ പുരുഷ വിഭാഗം യോഗ്യത (സന്ദീപ് സിങ്, അർജുൻ ബാബുത)
ടേബിൾ ടെന്നീസ് 3മണി പുരുഷൻമാരുടെ സിംഗിൾസ് റൗണ്ട് 64 (ശരത് കമൽ)
ഷൂട്ടിങ് 3.30 വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ ഫൈനൽ (മനു ഭാകർ)
ടെന്നീസ് 3.30 പുരുഷ സിംഗിൾസ് (സുമിത് നഗൽ)
3.50 ബോക്സിങ്
വനിതകളുടെ 50 കി.ഗ്രാം റൗണ്ട് 32 (നിഖത് സറീൻ)
4.30 ടേബിൾ ടെന്നീസ്
വനിതാ സിംഗിൾസ് റൗണ്ട് 64 (മണിക ബത്ര)
5.45 ആർച്ചറി
വനിതാ ടീം യോഗ്യത ക്വാർട്ടർ ഫൈനൽ (അംഗിത ഭഗത്, ഭജൻ കൗർ, ദീപിക കുമാരി)
7.17 ആർച്ചറി
വനിതാ ടീം സെമി ഫൈനൽ (യോഗ്യത ലഭിച്ചാൽ)
8.18 ആർച്ചറി വനിതാ വെങ്കല മെഡൽ മത്സരം (യോഗ്യത ലഭിച്ചാൽ)
8.41 ആർച്ചറി വനിതാ ടീം ഗോൾഡ് മെഡൽ മത്സരം (യോഗ്യത ലഭിച്ചാൽ)
8.30 ബാഡ്മിന്റൺ പുരുഷ സിംഗിൾസ് (എച്ച്.എസ് പ്രണോയ്)

## വിശേഷങ്ങളുമായി ഇന്ത്യൻ ഹൗസ്

പാരീസ്: ഇന്ത്യക്കാർ പാരീസിൽ ധാരാളമുണ്ട്. വിദ്യാർത്ഥികളാണ് കൂടുതൽ. ഐ.ടി മേഖലകളിലും നിരവധി പേർ. മലയാളികൾക്കും കുറവില്ല. ഇത്തവണ ഒളിംപിക്സിനോടനുബന്ധിച്ച് ഇന്ത്യയെ ലോകത്തിന് പരിചയപ്പെടുത്താൻ ഇന്ത്യാ ഹൗസ് എന്ന നാമധേയത്തിൽ വലിയ ഷോ സെൻറർ തന്നെ ആരംഭിച്ചിരിക്കുന്നു.

ഇന്നലെയായിരുന്നു ഉദ്ഘാടനം. നിത മുകേഷ് അംബാനിയുടെ റിലയൻസ് ഫൗണ്ടേഷനും ഇന്ത്യൻ ഒളിംപിക് അസോസിയേഷനും സംയുക്തമായാണ് ഇന്ത്യൻ ഹൗസ് ഒരുക്കിയിരിക്കുന്നത്. ഒളിംപിക്സ് മൽസരങ്ങളിൽ ഇന്ത്യയുടെ പ്രകടനങ്ങൾ തൽസമയം വീക്ഷിക്കാനുള്ള ബിഗ് സ്ക്രീൻ ഷോ, ഇന്ത്യൻ കലാരൂപങ്ങൾ തൽസമയം ആസ്വദിക്കാം,

100 വർഷം പഴക്കമുള്ള ഇന്ത്യയുടെ ഒളിംപിക്സ് ചരിത്രം അറിയാം, ആദ്യകാല പ്രകടനങ്ങളിലൂടെ സഞ്ചരിക്കാം ഇത്തരത്തിൽ വലിയ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

ഇന്ത്യൻ ഒളിംപിക്സ് ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിൽ ഒരു സംരംഭമെന്ന് പി.ടി ഉഷ പറഞ്ഞു. ഇന്ത്യൻ കായിക ചരിത്രം ലോകത്തെ പരിചയപ്പെടുത്തുകയാണ് ലക്ഷ്യം. അത് മാത്രമല്ല നമ്മുടെ കലാരൂപങ്ങൾ ലോകത്തിന് ആസ്വദിക്കാനുള്ള അവസരവുമാണ്.

ലോകം മുഴുവൻ ഇന്ത്യ അറിയപ്പെടുമെന്നും ഉഷ പറഞ്ഞു. നമ്മുടെ രാജ്യത്ത് കരുത്ത് പ്രകടിപ്പിക്കുന്ന കായികതാരങ്ങൾക്ക് എല്ലാ പിന്തുണയും റിലയൻസ് നൽകുമെന്ന് നിത അംബാനി പറഞ്ഞു.

ഇത് ഒരു തുടക്കം മാത്രമാണ്. ഇവിടെ മെഡൽ സ്വന്തമാക്കുന്ന എല്ലാ ഇന്ത്യൻ താരങ്ങളെയും ഇന്ത്യാ ഹൗസിൽ അനുമോദിക്കും. അവരുമായി എല്ലാവർക്കും സംസാരിക്കാൻ അവസരമുണ്ടാവുമെന്നും രാജ്യാന്തര ഒളിംപിക് കമ്മിറ്റി അംഗം കൂടിയായ നിത വ്യക്തമാക്കി.

# ഇന്ത്യക്ക് ജയം

പല്ലേകലെ: പുതിയ ക്യാപ്റ്റനും പുതിയ കോച്ചിനും കീഴിലെ ആദ്യ മത്സരത്തിൽ തന്നെ തകർപ്പൻ ജയവുമായി ഇന്ത്യ. ശ്രീലങ്കയ്ക്കെതിരായ ടി20 പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 43 റൺസിന്റെ ജയം. ആദ്യം ബാറ്റു ചെയ്ത ഇന്ത്യ മുന്നോട്ടു വെച്ച ഏഴിന് 213 എന്ന സ്കോർ പിന്തുടർന്ന ലങ്ക 19.2 ഓവറിൽ 170 റൺസിന് പുറത്തായി. ഇന്ത്യക്കായി അർഷ്ദീപ് സിങ്, അക്സർ പട്ടേൽ എന്നിവർ രണ്ട് വിക്കറ്റും റിയാൻ പരാഗ് മൂന്നു വിക്കറ്റും വീഴ്ത്തി.

സിറാജും രവി ബിഷ്ണോയിയും ഓരോ വിക്കറ്റും വീഴ്ത്തി. നന്നായി തുടങ്ങിയ ലങ്കക്കായി ഓപണർ പതും നിസാംഗ (77), കുശാൽ മെൻഡിസ് (45) എന്നിവർക്കൊഴികെ ആർക്കും കാര്യമായി സ്കോർ ചെയ്യാനായില്ല. നേരത്തെ ടോസ് നഷ്ടമായി ബാറ്റ് ചെയ്ത ഇന്ത്യക്കായി ക്യാപ്റ്റൻ സൂര്യകുമാർ യാദവ്, ഋഷഭ് പന്ത്, ഓപ്പണർമാരായ യശസ്വി ജയ്സ്വാൾ, ശുഭ്മാൻ ഗിൽ എന്നിവരുടെ ഇന്നിങ്സുകളാണ് മികച്ച സ്കോറിലെത്താൻ സഹായിച്ചത്. യശസ്വി ജയ്സ്വാൾ -ശുഭ്മാൻ ഗിൽ സഖ്യം ഉഗ്രൻ തുടക്കമാണ് നൽകിയത്. 36 പന്തിൽ നിന്ന് 74 റൺസടിച്ചെടുത്ത ശേഷമാണ് ഈ സഖ്യം പിരിഞ്ഞത്. 16 പന്തിൽ നിന്ന് ഒരു സിക്സും ആറ് ഫോറുമടക്കം 34 റൺസെടുത്ത ഗില്ലാണ് ആദ്യം പുറത്തായത്. തൊട്ടടുത്ത ഓവറിൽ ജയ്സ്വാളും മടങ്ങി. 21 പന്തിൽ നിന്ന് രണ്ട് സിക്സും അഞ്ച് ഫോറുമടക്കം 40 റൺസായിരുന്നു ജയ്സ്വാളിന്റെ സമ്പാദ്യം. പിന്നീടായിരുന്നു ക്യാപ്റ്റൻ സൂര്യയുടെ ബാറ്റിങ് വിരുന്ന്. ഋഷഭ് പന്തിനെ ഒരു വശത്ത് കാഴ്ചക്കാരനാക്കി ക്യാപ്റ്റൻ അടിച്ചുതകർത്തു. 22 പന്തിൽ നിന്ന് ഫിഫ്റ്റിയടിച്ച സൂര്യ 26 പന്തുകൾ നേരിട്ട് 58 റൺസെടുത്താണ് മടങ്ങിയത്. രണ്ട് സിക്സും എട്ട് ബൗണ്ടറികളും ആ ബാറ്റിൽ നിന്ന് പിറന്നു.



പന്തിനൊപ്പം മൂന്നാം വിക്കറ്റിൽ 76 റൺസ് ചേർത്ത ശേഷമാണ് സൂര്യ മടങ്ങിയത്. ഇന്ത്യൻ നിരയിലെ ടോപ് സ്കോററും സൂര്യ തന്നെ. മറുവശത്ത് തുടക്കത്തിൽ റൺസ് കണ്ടെത്താൻ ബുദ്ധിമുട്ടിയ പന്ത് പിന്നീട് ട്രാക്കിലായി. 33 പന്തുകൾ നേരിട്ട താരം ഒരു സിക്സും ആറ് ഫോറുമടക്കം 49 റൺസെടുത്തു. ഹാർദിക് പാണ്ഡ്യ (9), റിയാൻ പരാഗ് (7), റിങ്കു സിങ് (1) എന്നിവർ കാര്യമായ സംഭാവനകളില്ലാതെ മടങ്ങി. അക്ഷർ പട്ടേൽ 10 റൺസോടെ പുറത്താകാതെ നിന്നു. നാലു വിക്കറ്റ് വീഴ്ത്തിയ മതീഷ പതിരണ ശ്രീലങ്കയ്ക്കായി ബൗളിങ്ങിൽ തിളങ്ങി.



മാണൂർ മലബാർ കോളജ് ഓഫ് കൊമേഴ്സ് ആന്റ് സയൻസിന്റെ പത്താം വാർഷികാഘോഷങ്ങളുടെ ബ്രോഷർ പ്രകാശനം ചെയ്യുന്നു.

## ബ്രോഷർ പ്രകാശനം ചെയ്തു

എടപ്പാൾ: മാണൂർ മലബാർ കോളേജ് ഓഫ് കോമേഴ്സ് ആന്റ് സയൻസിന്റെ പത്താം വാർഷികാഘോഷത്തിന്റെ ബ്രോഷർ പ്രശസ്ത മോട്ടിവേഷൻ സ്പീക്കറും പോട്ടൂർ മോഡേൺ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലുമായ സുഭാഷ് അമ്പാടി പ്രകാശനം ചെയ്തു.

പ്രസ്തുത ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ശ്രീ. കെ. പ്രസാദ് അധ്യക്ഷനായി. ജിനേഷ്, കവിയും സാമൂഹ്യ പ്രവർത്തകനുമായ അയ്യൂബ് ആലുക്കൽ, അംബുജാക്ഷൻ, സൗമ്യ സെൽവരാജ്, പ്രസംഗിച്ചു. പ്രമുഖർ പങ്കെടുക്കുന്ന ആഘോഷ പരിപാടിയിൽ ഡോ.സി.പി ബാവ ഹാജി തയ്യാറാക്കിയ പുസ്തക പ്രകാശനം, എക്സിബിഷൻ ഡോക്യുമെന്ററി പ്രദർശനം ഉണ്ടായിരിക്കും.

## സ്കൂൾ മെമ്പർഷിപ്പ് ഉദ്ഘാടനം

പെരിന്തൽമണ്ണ: എം.എസ്.എഫ് ഹയർ സെക്കന്ററി സ്കൂൾ മെമ്പർഷിപ്പിന്റെ പെരിന്തൽമണ്ണ നിയോജക മണ്ഡലം തല ഉദ്ഘാടനം നടന്നു. മണ്ഡലം പ്രസിഡന്റ് ആദിൽ ഇടുവമ്മൽ പുലാമന്തോൾ ഗവ ഹയർ സെക്കന്ററി സ്കൂൾ പ്ലസ്ടു വിദ്യാർഥിനിയായ ഫഹ്മിദക്ക് നൽകി ഉദ്ഘാടനം നിർവഹിച്ചു. മണ്ഡലം എം.എസ്.എഫ് ഭാരവാഹികളായ യാസിർ പാറക്കൽമുക്ക്, നബീൽ കുമ്പളാകുഴി, ലബീബ് പുലാമന്തോൾ, അബ്ദു പാറക്കടവ്, ജാസിർ ഹുസൈൻ പങ്കെടുത്തു.

# പ്രാദേശിക വാർത്തകൾ



അങ്ങാടിപ്പുറം പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കാറ്റിൽ പൊട്ടിവീണ മരങ്ങൾ യൂത്ത് ലീഗ് വൈറ്റ് ഗാർഡിന്റെ നേതൃത്വത്തിൽ വെട്ടിമാറ്റുന്നു

## കാറ്റിൽ വീണ മരങ്ങൾ വെട്ടിമാറ്റി

മങ്കട: അങ്ങാടിപ്പുറം പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ശക്തമായി വീശിയ കാറ്റിൽ നിലംപൊത്തിയതും, പൊട്ടിവീണതുമായ മരങ്ങൾ അങ്ങാടിപ്പുറം പഞ്ചായത്ത് മുസ്ലിം യൂത്ത് ലീഗ് വൈറ്റ് ഗാർഡിന്റെ നേതൃത്വത്തിൽ വെട്ടിമാറ്റി. ശക്തമായി വീശിയ കാറ്റിൽ ഏറാന്തോട് മുക്കില പ്പീടിക, തിരൂർക്കാട് ചവറോട് എന്നിവിടങ്ങളിലെ വീടുകളിലേക്ക് മറിഞ്ഞ മരങ്ങളാണ് മുറിച്ചു മാറ്റിയത്. വൈറ്റ് ഗാർഡ് മങ്കട മണ്ഡലം ക്യാപ്റ്റൻ ഷബീർ മാഞ്ഞാമ്പ്രയുടെ നേതൃത്വത്തിൽ പഞ്ചായത്ത് ക്യാപ്റ്റൻ മാജിദ് തോടേങ്ങൽ, വൈറ്റ് ഗാർഡ് അംഗങ്ങളായ ഉമ്മർ മുത്തു, നബ്ഹാൻ, അസ്കർ, ഖാലിദ് എന്നിവരടങ്ങുന്ന ടീമാണ് മുറിച്ചു മാറ്റിയത്.

## അവറാൻ കുട്ടി മുസ്ലിയാർ ഓർമയായി

മങ്കട: പാങ്ങിലെ ജനങ്ങൾക്കിടയിൽ അവറാൻ കുട്ടി മുസ്ലി എന്ന പേരിൽ അറിയപ്പെട്ട ആറങ്ങോട്ട് പുത്തൻപിടിയക്കൽ അബ്ദുറഹിമാൻ ഖാസിമിക്ക് നാട് ഭക്തി നിർഭരമായ അന്തരീക്ഷത്തിൽ യാത്രാമൊഴി നൽകി. ഒട്ടനേകം ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച വീടാണ് മുല്ലവി മൻസിൻ. സമസ്ത സ്ഥാപക നേതാക്കളിൽ പെട്ട പാങ്ങിൽ അഹമ്മദ് കുട്ടി മുസ്ലിയാർ ജീവിച്ചതും മരിച്ചതു ഈ വീട്ടിലാണ്. സ്വത്ത് ഭാഗത്തിൽ ഖാസിമിക്കാണ് ഈ തറവാട് കിട്ടിയത്. മുല്ലവി മൻ സിൽ എന്ന് സൂചിപ്പിക്കുന്ന രണ്ടു ബോർഡുകൾ ദിവസങ്ങൾക്ക് മുമ്പ് ഖാസിമി വെപ്പിച്ചിരുന്നത് മരണ വാർത്ത കേട്ട് നാടിന്റെ നാനാഭാഗത്ത് നിന്നും എത്തിയവർക്ക് വലിയ ആശ്വാസമായി. മുല്ലവി മൻസിലിൽ നിന്ന് പ്രഭാത സവാരിക്കിടങ്ങിയ ഇദ്ദേഹത്തെ പാങ്ങ് പടിഞ്ഞാറ്റുമുറി വെച്ച് ഓട്ടോ തട്ടിയതിനെ തുടർന്ന് പെരിന്തൽമണ്ണ സ്വകാര്യ ആസ്പത്രിയിൽ പ്രവേശിച്ചെങ്കിലും രാത്രിയോടെ മരിക്കുകയായിരുന്നു. പാങ്ങ് വലിയ പള്ളിയിൽ നടന്ന ജനാസ നിസ്കാരത്തിന് സമസ്ത വിദ്യാഭ്യാ സ ബോർഡ് സെക്രട്ടറി എം.ടി.അബ്ദുല്ല മുസ്ലിയാർ നേതൃത്വം നൽകി.



പൊന്നാനി പൊലീസ് സ്പെഷൽ ഡ്രൈവിന്റെ ഭാഗമായി പിടികൂടിയ ഇരുചക്ര വാഹനങ്ങൾ

## സ്കൂളുകൾക്ക് മുന്നിൽ സ്പെഷൽ ഡ്രൈവ് 25 വാഹനങ്ങൾക്കെതിരെ നടപടി

പൊന്നാനി: പൊന്നാനിയിലെ സ്കൂളുകൾക്ക് മുന്നിൽ പൊലീസ് നടത്തിയ സ്പെഷൽ ഡ്രൈവിൽ 25 ഓളം വാഹനങ്ങൾക്കെതിരെ നടപടിയെടുത്തു. 40,000 രൂപയോളം ഫൈനും ഈടാക്കി. മലപ്പുറം ജില്ലാ പൊലീസ് മേധാവിയുടെ നിർദേശ പ്രകാരം പൊന്നാനി പൊലീസ് സ്റ്റേഷൻ പരിധിയിലെ സ്കൂളുകൾക്ക് മുമ്പിൽ ഹെൽമറ്റ് ധരിക്കാതെയും മൂന്നുപേരെ ഇരുത്തിയും വണ്ടിയോടിച്ചവർക്കെതിരെയാണ് നടപടിയെടുത്തത്. കുട്ടികൾ വണ്ടിയോടിച്ചതും പരിശോധനയിൽ ഉൾപ്പെടും.

കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി 40 ഓളം വാഹനങ്ങൾക്കെതിരെ നടപടിയെടുത്തു. 50000 ലധികം രൂപ പിഴ ഈടാക്കി. വരുംദിവസങ്ങളിൽ സ്കൂൾ പരിസരങ്ങളിൽ വാഹന പരിശോധന കർശനമാക്കുമെന്ന് പൊന്നാനി പൊലീസ് ഇൻസ്പെക്ടർ ടി.പി ഫർഷാദ് അറിയിച്ചു.

**കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്**
മലപ്പുറം ജില്ല. 0494-2608329

നമ്പർ: A2 - 100/24 തീയ്യതി: 26.07.2024

**ക്വട്ടേഷൻ പരസ്യം**

കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് – 2024–25 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തയ്യാറാക്കിയ വാഹനം വാടകയ്ക്കെടുക്കൽ എന്ന പ്രവൃത്തിക്ക് അംഗീകൃത സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.
കൂടുതൽ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡിൽ നിന്നും, http://tender.lsgkerala.gov.in (Window No. G228442/2024, G228546/2024)എന്ന വെബ് സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

ഒപ്പ്, സെക്രട്ടറി
കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

# ഉപ തിരഞ്ഞെടുപ്പ് : പോരാട്ടം കടുത്തു സി.പി.എമ്മിൽ പൊട്ടിത്തെറി

എടപ്പാൾ : 30ന് ഉപതെരഞ്ഞെടുപ്പ് നടക്കുന്ന സ്ഥലങ്ങളിലെ പ്രചാരണം നാളെ വൈകുന്നേരം 6മണിക്ക് അവസാനിക്കുമ്പോൾ തീ പാറുന്ന പോരാട്ടമാണ് ജില്ലയിൽ വട്ടംകുളം പഞ്ചായത്തിലെ എടപ്പാൾ ചുങ്കം വാർഡിൽ. നേരത്തെ തിരഞ്ഞെടുപ്പ് നിയന്ത്രിച്ചിരുന്ന സി.ഐ.ടി.യു നേതാവായ ഇ.എസ് സുകുമാരൻ സി.പി.എമ്മിനെതിരെ സ്വതന്ത്രനായി മത്സരിക്കുന്നതിനാൽ സി.പി.എമ്മിൽ പൊട്ടിത്തെറി ആരംഭിച്ചു. യു.ഡി.എഫ് സ്വന്തം സ്ഥാനാർത്ഥിയെ പിൻവലിച്ചു സുകുമാരന് പിന്തുണ കൊടുത്തതോടെ മത്സരം സി.പി.എമ്മിനും ബി.ജെ.പിക്കും കടുത്തതായി.

ഗണ്യമായ വോട്ട് ഈ രണ്ട് പാർട്ടിയിൽ നിന്നും സുകുമാരൻ പിടിക്കുമെന്ന് ഉറപ്പായിട്ടുണ്ട്.

മൂന്നക്ക മാർജിനിൽ സുകുമാരൻ വിജയിക്കുമെന്ന് യു.ഡി.എഫ് അവകാശപ്പെടുന്നു.അതേ സമയം സി.പി.എം മൂന്നാം സ്ഥാനത്തേക്ക് തള്ളപ്പെടുമെന്ന പ്രചരണം ബി.ജെ.പി ഇളക്കിവിടുന്നതാണന്ന് സി.പി.എം പ്രചരിപ്പിക്കുന്നത്. മുൻമെമ്പർ പി.പി. അറമുഖത്തിന്റെ വീട്ടിൽ ജനാധിപത്യ മഹിള അസോസിയേഷന്റെ പേരിൽ ഇന്ന് നടത്താനിരുന്ന മെഡിക്കൽ ക്യാമ്പ് റിട്ടേണിങ് ഓഫീസർ ഇടപെട്ട് മാറ്റിവെപ്പിച്ചു. പഞ്ചായത്ത് മെമ്പർ മുഖ്യ സംഘാടകയായ പ്രോഗ്രാം നടത്തുന്നത് മാതൃക പെരുമാറ്റച്ചട്ടത്തിന് എതിരായതിനാലാണ് ഇലക്ഷൻ കമ്മീഷൻ തുടർനടപടി സ്വീകരിച്ചത്. നൂറ് കണക്കിന് പ്രവർത്തകർ സുകുവിന് വേണ്ടി സജീവമായിരംഗത്തുണ്ട്.

## ശനിയാഴ്ചയിലെ ആറാം പ്രവൃത്തി ദിനം പ്രതിഷേധം ശക്തമായി

മങ്കട : ആറാം പ്രവൃത്തി ദിനമായി വരുന്ന ശനിയാഴ്ചകൾ ഉൾപ്പെടുത്തി വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ അശാസ്ത്രീയ കലണ്ടറിനെതിരെ അധ്യാപക സമൂഹത്തിന്റെ പ്രതിഷേധം ശക്തമായി. കോടതി വഴി പുറത്തുവന്ന നിർദേശമെന്ന് തെറ്റിദ്ധരിപ്പിച്ചാണ് വ്യക്തമായ നിലപാട് ബോധിപ്പിക്കാതെ സർക്കാർ അധ്യാപക ദ്രോഹ നടപടികളുമായി മുന്നോട്ട് പോകുന്നത്. പൊതുവിദ്യാഭ്യാസ രംഗത്തെ വികല പരിഷ്കാരങ്ങൾക്കെതിരായി കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (കെ.എസ്.ടി.യു) അംഗങ്ങൾ വിദ്യാലയങ്ങളിൽ ബാഡ്ജ് ധരിച്ചുകൊണ്ട് പ്രതിഷേധിച്ചു. മങ്കട ഉപജില്ലയിലെ തിരൂർക്കാട് എ.എം.എച്ച്.എസ് ഹൈസ്കൂളിലെ പ്രതിഷേധ പരിപാടികൾ മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറി ഉസ്മാൻ താമരത്ത് ഉദ്ഘാടനം ചെയ്തു. പി.ഫിറോസ് ബാബു അധ്യക്ഷനായി.

## അധ്യാപക ഒഴിവ്

കോട്ടക്കൽ: ചെട്ടിയാൻകിണർ ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, വി.എച്ച്.എസ്.ഇ വിഭാഗത്തിലേക്ക് ഫിസിക്സ് ടീച്ചർ സീനിയർ (എം എസ് സി ഫിസിക്സ്, ബി.എഡ്, സെറ്റ്) ഒഴിവിലേക്ക താതകാലിക നിയമനം നടത്തുന്നു. അസ്സൽ സർട്ടിഫിക്കറ്റുമായി 30ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫീസിൽ ഹാജരാകണം. ഫോൺ: 7356863773

## ഗർഭിണിയെ കെട്ടിയിട്ട് കവർച്ച; കള്ളം പൊളിഞ്ഞു

എടപ്പാൾ : വട്ടംകുളത്ത് മാസങ്ങൾക്ക് മുമ്പ് ഗർഭിണിയെ കെട്ടിയിട്ട് സ്വർണ്ണം കവർന്നതായുള്ള സംഭവത്തിന്റെ ചുരുളഴിഞ്ഞു. സ്വർണം പണയം വെച്ചതെന്ന് യുവതിയുടെ മൊഴി.ഗർഭിണിയായിരുന്നതിനാൽ നേരത്തെ അന്വേഷണസംഘം കാര്യമായി ചോദ്യം ചെയ്തിരുന്നില്ല.അന്വേഷണം ഊർജ്ജിതമാക്കണം എന്ന് ആവശ്യപ്പെട്ട് യുവതിയുടെ വീട്ടുകാർ ഉന്നത ഉദ്യോഗസ്ഥർക്ക് നൽകിയ പരാതിയിൽ യുവതിയെ വീണ്ടും ചോദ്യം ചെയ്തപ്പോഴാണ് കള്ളം പൊളിഞ്ഞത്. പണയ ഇടപാട് സ്ഥാപനത്തിൽ നിന്ന് സ്വർണം കണ്ടെത്തിയിട്ടുണ്ട്.



യൂത്ത് മാർച്ച് ഓർമ്മ പുസ്തകം കൂട്ടിലങ്ങാടി പഞ്ചായത്ത്തല പ്രീ ബുക്കിങ് കാമ്പയിൻ

## യൂത്ത് മാർച്ച് ഓർമ പുസ്തകം പ്രീ ബുക്കിങ് ക്യാമ്പയിൻ തുടങ്ങി

കൂട്ടിലങ്ങാടി: വിദ്വേഷത്തിനെതിരെ ദുർഭരണത്തിനെതിരെ മുസ്‌ലിം യൂത്ത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റി 2023 ഡിസംബർ 1 മുതൽ 20 വരെ വഴിക്കടവിൽ നിന്ന് പൊന്നാനി വരെ നടത്തിയ യൂത്ത് മാർച്ചിന്റെ ഓർമക്കായി പുറത്തിറക്കുന്ന യൂത്ത് മാർച്ച് ഓർമ പുസ്തകത്തിന്റെ പ്രീ ബുക്കിങ് കാമ്പയിനിന്റെ കൂട്ടിലങ്ങാടി പഞ്ചായത്ത് തല ഉദ്ഘാടനം മുസ്‌ലിം ലീഗ് പഞ്ചായത്ത് പ്രസിഡന്റ് എൻ.കെ അഹമ്മദ് അഷ്‌റഫ് നിർവഹിച്ചു. യൂത്ത് ലീഗ് പഞ്ചായത്ത് പ്രസിഡന്റ് ഇ.സി സിദ്ദീഖ് അധ്യക്ഷനായി. സംസ്ഥാന കമ്മിറ്റി അംഗം കുരിക്കൾ മുനീർ, എൻ.പി അൻസാർ, സി.എച്ച് ഷക്കീബ്, ആസിഫ് കൂരി, സി.കെ മുജീബ്, കെ.പി ഹംസ, പി.ടി യഹ്‌യ പങ്കെടുത്തു.

## ഹരിത ഗ്രാമം പദ്ധതി

പെരിന്തൽമണ്ണ:വളർന്നു വരുന്ന തലമുറയിൽ നിന്ന് അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കാരവും നാട്ടറിവുകളും തിരിച്ചു പിടിക്കുക, കൃഷിയുടെ സാമൂഹ്യ പാഠങ്ങൾ വിദ്യാർഥി യുവജനങ്ങൾക്ക് പകർന്ന് നൽകുക എന്നീ ലക്ഷ്യങ്ങളോടെ വെട്ടത്തൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഹരിത ഗ്രാമം പദ്ധതിക്ക് തുടക്കമായി. പദ്ധതിയുടെ ഭാഗമായുള്ള ജൈവ പച്ചക്കറിത്തോട്ടത്തിന്റെ നിർമാണോദ്ഘാടനം വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് അംഗം എൻ.ഉസ്മാൻ മാസ്റ്റർ നിർവഹിച്ചു. വാർഡ് മെമ്പർ കെ പി. അബ്ദുൽ ജലീൽ, വെട്ടത്തൂർ കൃഷിഭവൻ കൃഷി അസിസ്റ്റന്റ് ഫസീല.എം, പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ടി.ഷൗക്കത്ത്, പ്രധാനാദ്ധ്യാപകൻ കെ.എ അബ്ദു മനാഫ്, ടി.കെ രാധാകൃഷ്ണൻ മാസ്റ്റർ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ മുഹമ്മദ് അൻവർ പ്രസംഗിച്ചു. എൻ.എസ്.എസ് ലീഡർമാരായ മുഹമ്മദ് റിജാസ്.കെ, ഫാത്തിമത്ത് ശർമിനാസ്, കെ.പി.മുഹമ്മദ് അസ്‌ലം, ലിഖിത സുരേഷ്, ഷാസിയ മോൾ. ടി, ഫാത്തിമത്ത് ഷംല എന്നിവർ നേതൃത്വം നൽകി.



പെരിന്തൽമണ്ണ സർവീസ് സഹകരണ ബാങ്ക് നഗരസഭയിലെ അംഗൻവാടികൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നു

## പെരിന്തൽമണ്ണ സർവീസ് സഹകരണ ബാങ്ക് അംഗൻവാടികൾക്ക് വിവിധ സാധനങ്ങൾ നൽകി

പെരിന്തൽമണ്ണ : പെരിന്തൽമണ്ണ സർവീസ് സഹകരണ ബാങ്ക് വകയായി നഗരസഭയിലെ അംഗൻ വാടികൾക്ക് വിവിധ ആവശ്യ വസ്തുക്കൾ വിതരണം ചെയ്തു. മുനിസിപ്പാലിറ്റിയിലെ ആറ് അംഗൻവാടികൾക്ക് സീലിംങ്ങ് ഫാൻ,വാട്ടർ ടാങ്ക് കുക്കർ, മിക്സി, പാത്രങ്ങൾ തുടങ്ങിയവയാണ് വിതരണം ചെയ്തത്. 26-ാം വാർഡ് പാതാക്കര അംഗൻവാടിയിൽ നടന്ന ചടങ്ങിൽ അംഗൻവാടിക്ക് വാട്ടർ ടാങ്ക് നൽകി ബാങ്ക് പ്രസിഡന്റ് പച്ചീരി ഫാറൂക്ക് ഉദ്ഘാടനം നിർവഹിച്ചു.

ബാങ്ക് വൈസ് പ്രസിഡന്റ് എ.ആർ.ചന്ദ്രൻ അധ്യക്ഷനായി. ബാങ്ക് ഡയറക്ടർമാരായ മമ്മി ചേരിയിൽ, അബ്ദുൽ നാസർ.സി, മൊയ്തു കിഴക്കേതിൽ, മുഹമ്മദ് ഹനീഫ പടിപ്പുര, മുഹമ്മദ് സമീർ.വി, അജിത് കുമാർ.വി, സുരാദേവി.ഇ.ആർ, സുൽഫത്ത് ബീഗം, റെജിന അൻസാർ, സെക്രട്ടറി ഇൻചാർജ് നാസർ കാരാടൻ പങ്കെടുത്തു.

## ഒപ്പം നടക്കാം പദ്ധതിയുമായി രാജാസ് ഹയർസെക്കന്ററി സ്കൂൾ

കോട്ടക്കൽ: ഗവ. രാജാസ് ഹയർസെക്കന്ററി സ്കൂളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച പുതുമയാർന്ന പരിപാടിയായിലാണ് പഴന്തുണികളും അക്ഷരങ്ങളും കൂട്ടുകാരായി മാറിയത്. 'ഒപ്പം നടക്കാം' പദ്ധതിയുടെ ഭാഗമായി യു.പി വിഭാഗം എസ്.ആർ.ജി.യാണ് പരിപാടിക്ക് നേതൃത്വം നൽകിയത്.

ക്ലാസ്സ് മുറികളിലെ പഠനപ്രവർത്തനങ്ങളിൽ പ്രതികരിക്കാൻ മടി കാണിക്കുന്ന കുട്ടികൾ വലിയ ആവേശത്തോടെയാണ് ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായത്. ആദ്യ ഘട്ടത്തിൽ പഴയ തുണികൾ ഉപയോഗിച്ചുള്ള ചവിട്ടി നിർമാണം നടത്തി. ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിലൂടെ കുട്ടികളിൽ ആത്മവിശ്വാസം നിറക്കുകയും ചില കാര്യങ്ങൾ നിർബന്ധമായും പഠിക്കേണ്ടതാണ് എന്ന ലക്ഷ്യത്തിലേക്ക് അവരെ എത്തിക്കുകയും ചെയ്യുന്നു. കൂടാതെ കുട്ടിക്ക് എഴുതാനും വായിക്കുവാനുമുള്ള അവസരം ഉറപ്പു വരുത്തുന്നുണ്ട്.

നിർമിക്കാനാവശ്യമായ സാധനങ്ങൾ ലിസ്റ്റ് ചെയ്യൽ, നിർമിക്കുന്ന വിധം പകർത്തി/ നോക്കിയെഴുതൽ, അതിന്റെ വായന എന്നിവയും നടക്കുന്നു. സ്വയം പരിചയപ്പെടുത്താനും ചെയ്തു കൊണ്ടിരിക്കുന്ന പ്രവർത്തനത്തെ കുറിച്ച് സംസാരിക്കാനും കുട്ടികൾ പരിശീലിച്ചു. ഉത്പന്നങ്ങൾക്ക് കൗതുകമുള്ള പേരുകളാണ് കുട്ടികൾ നിർദേശിച്ചത്. പരിപാടി ഉദ്ഘാടനം ഹെഡ് മാസ്റ്റർ എം.വി രാജൻ നിർവഹിച്ചു. എസ്.ആർ.ജി. കൺവീനർ സുധാകരൻ എ.കെ, പ്രവൃത്തി പരിചയം അധ്യാപികയായ അഞ്ജലി , ഷീന , മുജീബ് റഹ്മാൻ, അധ്യാപക വിദ്യാർഥികൾ നേതൃത്വം നൽകി.



മറ്റത്തൂർ ടി.എസ്.എ.എം.യു.പി സ്കൂളിൽ കാർഗിൽ വിജയാഘോഷം

## കാർഗിൽ വിജയാഘോഷം

കോട്ടക്കൽ: മറ്റത്തൂർ ടി.എസ്.എ.എം.യു.പി സ്കൂളിൽ കാർഗിൽ വിജയാഘോഷം നടത്തി.കാർഗിൽ മലനിരകൾക്കിടയിലൂടെ ഇന്ത്യൻ മണ്ണിൽ നുഴഞ്ഞുകയറിയ പാക്കിസ്ഥാൻ ഭീകരരെ തുരത്തിയോടിച്ച 527 ഇന്ത്യൻ പട്ടാളക്കാരെയും അവർക്ക് നേതൃത്വം നൽകിയ ക്യാപ്റ്റൻ വിക്രംഭത്ര ലെഫ്റ്റനന്റ് കേണൽ മനോജ്കുമാർ പാണ്ഡെ, മേജർ രാജേഷ് സിങ് അധികാരി മേജർ വിവേക് ഗുപ്ത എന്നിവരെയും അനുസ്മരിച്ചു. പ്രധാനാധ്യാപകൻ പ്രതാപചന്ദ്രൻ കാർഗിൽ യുദ്ധ ചരിത്രം കുട്ടികൾക്ക് പറഞ്ഞു കൊടുത്തു. ജെ.ആർ.സി കൗൺസിലർമാരായ ഷൈബു, നൗഫൽ, കവിത എന്നിവർ പ്രസംഗിച്ചു.

## നാഷണൽ ഹദീസ് കോൺഫറൻസ് ഇന്ന് തുടക്കം

പെരിന്തൽമണ്ണ: ഒടമല ശൈഖ് ഫരീദ് ഔലിയ ദഅ്‌വാ കോളജ് ഹദീസ് ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന നാഷണൽ ഹദീസ് കോൺഫറൻസ് ഇന്ന് തുടക്കമാകും. ഒടമല മിലാക്കുദ്ദീൻ മദ്രസ ഹാളിൽ നടക്കുന്ന കോൺഫറൻസ് വൈകീട്ട് 4:30ന് കോളജ് പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. വൈസ് പ്രിൻസിപ്പൽ ഉസ്മാൻ ദാരിമി പ്രാരംഭ പ്രാർത്ഥനക്ക് നേതൃത്വം നൽകും. പ്രിൻസിപ്പൽ ഫവാസ് ഹുദവി അധ്യനാകും. മുസ്തഫ അഷ്‌റഫി കക്കുപടി മുഖ്യപ്രഭാഷണം നടത്തും.

സയ്യിദ് ഹബീബുല്ല തങ്ങൾ, ശരീഫ് ഫൈസി കാരക്കാട്, സി.കെ മുഹമ്മദ് ഹാജി, ശമീർ ഫൈസി ഒടമല, അഷ്‌റഫ് മൗലവി, സത്താർ മാസ്റ്റർ പ്രസംഗിക്കും.

നാളെ (തിങ്കളാഴ്ച) രാവിലെ മുതൽ വിവിധ സെഷനുകളിലായി ദാറുൽ ഹുദ വൈസ് ചാൻസ ലർ ഡോ. ബഹാഉദ്ധീ മുഹമ്മദ് നദ്‌വി, ഡോ.ജഅഫർ ഹുദവി കൊളത്തൂർ, ഡോ. റഫീഖലി ഹുദവി കരിമ്പനക്കൽ,എ.പി മുസ്തഫ ഹുദവി,ഡോ. സലാഹുദ്ദീൻ ഹുദവി, ഷമീറലി ഹുദവി പള്ളത്ത്, റിയാസ് ഹുദവി ഊരകം പങ്കെടുക്കും. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഹദീസ് ഗവേഷക വിദ്യാർഥികൾ പേപ്പർ അവതരിപ്പിക്കും.

## മോട്ടിവേഷൻ ക്ലാസ്

തിരൂർക്കാട്: പ്ലസ് വൺ ക്ലാസിൽ പുതുതായി പ്രവേശനം നേടിയ വിദ്യാർഥികൾക്ക് തിരൂർക്കാട് മോഡൽ ഹയർ സെക്കന്ററി സ്കൂളിൽ മോട്ടിവേഷൻ ക്ലാസ് നടത്തി. പഠനത്തോടൊപ്പം പൊതുവിജ്ഞാനീയങ്ങളിൽ എങ്ങിനെ നൈപുണ്യം കരസ്ഥമാക്കാം എന്ന വിഷയത്തിൽ റിട്ടയേർഡ് പ്രിൻസിപ്പൽ പി.എ.എം അബ്ദുൽഖാദർ പഠന ക്ലാസ് നടത്തി. സ്കൂൾ ട്രസ്റ്റ് ചെയർമാൻ പി.ടി ശരീഫ് അധ്യക്ഷനായി. സ്കൂൾ പ്രിൻസിപ്പൽ കെ.ടി ബഷീർ, സി.എച്ച് സലീം, ഡോ. അരുൺ ഹരി, പി സൈതലവി, നയീം കൂട്ടിലങ്ങാടി പ്രസംഗിച്ചു.

## സംസ്ഥാന പാതയോരത്ത് മുറിച്ചിട്ട മരത്തടികൾ നീക്കം ചെയ്തില്ല; കാർ അപകടത്തിൽ പെട്ടു

ചങ്ങരംകുളം: സംസ്ഥാന പാതയിൽ താടിപ്പടിയിൽ മുറിച്ചിട്ട മരത്തടിയിൽ കാറിടിച്ചു. കഴിഞ്ഞ ദിവസം വാഹനം ഓവർടേക്ക് ചെയ്ത് വരുന്നത് കണ്ട് സൈഡ് കൊടുക്കുന്നതിനിടെ കാർ മരത്തടിയിൽ ഇടിച്ചത്.

യാത്രക്കാർ പരിക്കേൽകാതെ രക്ഷപ്പെട്ടെങ്കിലും കാറിന് കേടുപാടുകൾ സംഭവിച്ചു.റോഡിൽ മുറിച്ചിട്ട മരത്തടികൾ നീക്കം ചെയ്യാത്തത് അപകടഭീഷണി ഉയർത്തുന്നതായി നേരത്തെ പരാതി ഉയർന്നിരുന്നു.മാന്തടം പൊലീസ് സ്റ്റേഷന് മുൻവശത്ത് വീണ മരത്തിന്റെ തടികളും റോഡരികിൽ നിന്ന് നീക്കം ചെയ്തിട്ടില്ല.സമാനമായ രീതിയിൽ പാതയിൽ പലയിടത്തും ഇത്തരത്തിൽ മരത്തടികൾ റോഡരികിൽ തന്നെ കിടക്കുകയാണ്.അപകടങ്ങൾ നിത്യ സംഭവമായ തിരക്കേറിയ പാതയിൽ വെളച്ചമില്ലാത്തതും പാതയോരത്ത് മുഴുവൻ പൊന്തക്കാടുകൾ നിറഞ്ഞതും അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്.പൈപ്പിടുന്നതിനായി കുഴിയെടുത്ത ഭാഗങ്ങളിൽ കുന്ന്കൂടി കിടക്കുന്ന മണ്ണും ഇത് വരെയും നീക്കം ചെയ്തിട്ടില്ല.തിരക്കേറിയ പാതയോരത്തെ മരത്തടികളും പൊന്തക്കാടുകളും കൂടിക്കിടക്കുന്ന മണ്ണും നീക്കം ചെയ്യാൻ അധികൃതർ തയ്യാറാകണമെന്നാണ് നാട്ടുകാരുടെ ആവശ്യം



സംസ്ഥാന പാതയിൽ താടിപ്പടിയിൽ മുറിച്ചിട്ട മരത്തടികൾ

## അനധികൃത മത്സ്യബന്ധനത്തിനായി നിർമിച്ച തടയണകൾ നീക്കം ചെയ്തു

മലപ്പുറം: കുറുവ മുത്ത്യാർകുണ്ടിന് സമീപം ചെറുപുഴയിൽ അനധികൃത മത്സ്യബന്ധനത്തിനായി നിർമിച്ച തടയണകൾ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ നീക്കം ചെയ്തു.

പുഴയുടെ സ്വാഭാവികമായ ഒഴുക്കിനെ തടഞ്ഞുകൊണ്ടാണ് തടയണകൾ നിർമിച്ചിരുന്നത്. കേരള ഇൻലാൻഡ് ആന്റ് അക്വാകൾച്ചർ നിയമത്തിനെ ലംഘിച്ചുകൊണ്ടുള്ളതായിരുന്നു മത്സ്യബന്ധനം.

അനധികൃത മത്സ്യബന്ധനം ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരായ കെ. ശ്രീജേഷ്, ആർ. രാഹുൽ, ഫിഷറീസ് ഓഫീസർ സി. ബാബുരാജ്, കെ. രജിത്, ഗ്രൗണ്ട് റെസ്ക്യൂ അബ്ദുൽ റസാഖ്, അക്വാകൾച്ചർ പ്രമോട്ടർ പ്രണവ് .എസ്, ദിനേശ് കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് തടയണകൾ പൊളിച്ചുകളഞ്ഞത്.

## കുറ്റിപ്പുറം പൊലീസ് എയ്ഡ് പോസ്റ്റ് ഉടൻ തുറക്കും - പ്രസിഡന്റ്

കുറ്റിപ്പുറം: ബസ്സ്റ്റാന്റിലെ പൊലിസ് എയ്ഡ് പോസ്റ്റ് തുറന്ന് പ്രവർത്തിക്കാനുള്ള നടപടികളായെന്ന് പഞ്ചായത്ത് പ്രസിഡന്റ് നസീറ പറത്തൊടി അറിയിച്ചു. പൊലീസിന്റെയും ബസ് ഉടമകളുടെയും സഹകരണത്തോടെയാണ് എയ്ഡ് പോസ്റ്റ് നടപ്പിലാക്കുന്നത്. പ്രസിഡന്റ് നസീറ പറത്തൊടിയുടെ അധ്യക്ഷതയിൽ ചേർന്ന പഞ്ചായത്ത് ഭരണസിമിതി യോഗത്തിലെ തീരുമാന പ്രകാരമാണ് നടപടി. ബസ്സ്റ്റാന്റിലെ റെയിൽവേ റോഡരികിലെ വെയിറ്റിങ് ഷെഡിനോട് ചേർന്നാണ് പൊലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിച്ചത്. എയ്ഡ് പോസ്റ്റിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്. നാളെ എസ്റ്റിമേറ്റ് തുക കെ.എസ്.ഇ.ബി ഓഫിസിൽ അടക്കും. ഇതോടെ നടപടി പൂർണമാകും. പഞ്ചായത്ത് പ്രസിഡന്റ് നസീറ പറത്തൊടിയുടെ നിർദേശ പ്രകാരം വൈസ് പ്രസിഡന്റ് എം.വി വേലായുധൻ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുമായി എയ്ഡ് പോസ്റ്റിലെത്തി സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു.

## ദീപശിഖ തെളിയിച്ചു

പൂക്കരത്തറ: ലോക ഒളിംപിക്സിനോടനുബന്ധിച്ച് സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കായികമേള ആദ്യമായി ഒളിംപിക്സ് രൂപത്തിൽ നടത്തുന്നതിന്റെ ഭാഗമായി ദാറുൽ ഹിദായ ഓർഫനേജ് ഹയർ സെക്കന്ററി സ്കൂളിൽ ഒളിമ്പിക്സ് പ്രഖ്യാപന ദീപശിഖ തെളിയിച്ചു. സ്കൂൾ കവാടത്തിൽ നിന്ന് സ്കൂളിലെ സ്പോർട്സ് താരങ്ങൾ ദീപശിഖ കൈമാറ്റം ചെയ്ത് സ്കൂൾ ഓഡിറ്റോറിയത്തിൽ പി.അബ്ദുൽ സലാം മാസ്റ്റർ ദീപം തെളിയിച്ചു.ഹിബ നസ്‌റിൻ ഒളിമ്പിക്സ് വിളംബര പ്രതിജ്ഞ ചൊല്ലി കൊടുത്തു. എ.കെ. സൈതലവി, പി. ജുനൈദ, മാജിദ മൂഴിക്കൽ, സപ്ന എം, പി.എം.ഹസീന, ടി.ഫൗസിയ, ദിൽന നേതൃത്വം നൽകി.



പൂക്കരത്തറ ദാറുൽ ഹിദായ ഓർഫനേജ് ഹയർ സെക്കന്ററി സ്കൂളിൽ ഒളിമ്പിക്സ് പ്രഖ്യാപന ദീപശിഖ തെളിയിക്കുന്നു

## സൗജന്യ നിയമസഹായ ക്ലിനിക്ക്

പെരിന്തൽമണ്ണ: താലൂക്ക് ലീഗൽ സർവീസ് അതോറിറ്റിയുടെയും ഏലംകുളം ഗ്രാമപഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ സൗജന്യ നിയമ സഹായ ക്ലിനിക്കിന്റെ ഉദ്ഘാടനവും നിർവഹിച്ചു. പഞ്ചായത്തിൽ എല്ലാ മാസവും ആദ്യത്തെ ബുധനാഴ്ചയും നാലാമത്തെ ബുധനാഴ്ചയും പ്രവർത്തിക്കുന്ന സൗജന്യ നിയമ സഹായ ക്ലിനിക്ക്. പെരിന്തൽമണ്ണ ജുഡീഷണൽ ഫസ്റ്റ് ക്ലാസ്സ് സ്പെഷൽ ജഡ്ജി എസ് സൂരജ് നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.സുകുമാരൻ അധ്യക്ഷനായി. ഗ്രാമപഞ്ചായത്ത് മെമ്പർമാരായ അനിത പള്ളത്ത്, കെ ഭാരതി, ഗിരിജ ടീച്ചർ, വിജയലക്ഷ്മി, രമ്യ എം, ജഗദീഷ്, സുധീഷണ പ്രസംഗിച്ചു. പെരിന്തൽമണ്ണ താലൂക്ക് ലീഗൽ സർവീസ് സൊസൈറ്റിയുടെ സെക്രട്ടറി പ്രസൂൺ ക്ലാസെടുത്തു.

**ഭവന വായ്പകൾ**

| | |
|---|---|
| 1) | ഒരു ലക്ഷം രൂപയ്ക്ക് 986 രൂപ EMIയിൽ 50 ലക്ഷം രൂപ വരെ |
| 2) | ആധാരം ഈടിൽ മറ്റു ആവശ്യങ്ങൾക്ക് 1 ലക്ഷം രൂപയ്ക്ക് EMI 1267 രൂപ മുതൽ |
| 3) | വിദേശത്തുള്ളവർക്ക് ആധാരം ഈടിൽ എല്ലാതരം വായ്പകളും |
| 4) | വിവാഹം, വിദ്യാഭ്യാസം, തൊഴിൽ — 9% മുതൽ 12% വരെ ഡിമിനിഷിങ്ങ് PERSONAL LOANS |
| 5) | ബിസിനസ്സ് എന്നിവയ്ക്ക് |
| 6) | ഭവന ധനസഹായം ലഭിച്ചവർക്കും — EMS / IAY / LIFE |
| 7) | ടേക്ക് ഓവർ ലോണുകൾ — 8) സിബിൽ തടസ്സം ഉള്ളവർക്കും വായ്പ ലഭിക്കുന്നു |

**നൂറ ഹൗസ് ലോൺസ് & പ്ലാൻസ്**
ഐശ്വര്യ അപ്പാർട്ട്മെന്റ്, IMA ഹാൾ റോഡ്, കണ്ണൂർ റോഡ്, കോഴിക്കോട്-11.
Call: 9287 222 330 ഡോക്യുമെന്റേഷന് നേരിട്ട് ബന്ധപ്പെടുക
Since 1994

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 28 ഞായർ
ഗൾഫ് ചന്ദ്രിക



ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുന് വേണ്ടി ഇപ്പോൾ നടക്കുന്ന തിരച്ചിലിൽ കുടുംബം തൃപ്തരാണ്. മനുഷ്യസാധ്യമായത് എല്ലാം കർണാടക സർക്കാർ ചെയ്യുന്നുണ്ട്. കാലാവസ്ഥയും അടിയൊഴുക്കുമാണ് പ്രതിസന്ധി. നാളെയോടെ ലോറിയുടെ കാബിൻ ഉയർത്താൻ പറ്റുമെന്നാണ് പ്രതീക്ഷ. അടിയൊഴുക്ക് കാരണം ശനിയാഴ്ച രാവിലെയും നേവിക്ക് നദിയിൽ ഇറങ്ങാൻ പറ്റിയില്ല. തെർമൽ സ്കാനിങ്ങിൽ ഇതുവരെ മനുഷ്യസാന്നിധ്യം കണ്ടെത്താനായിട്ടില്ല.

– എം.കെ രാഘവൻ



രാഷ്ട്രീയമില്ലെന്ന വിമർശനത്തിനിടയിലും തന്റെ കൃതികളിലൂടെ സൂക്ഷ്മമായ രാഷ്ട്രീയം പറഞ്ഞയാളാണ് എം.ടി വാസുദേവൻ നായർ. പണ്ടുമുതലേ എം.ടി നേരിടുന്ന വലിയ വിമർശനം അദ്ദേഹത്തിന് രാഷ്ട്രീയമില്ലെന്നതാണ്. അദ്ദേഹത്തിന്റെ കൃതികളിലെവിടെയും അധ്വാനിക്കുന്ന തൊഴിലാളിയില്ല. അധ്വാനിക്കുന്ന തൊഴിലാളിവിഭാഗത്തിനുവേണ്ടി മാതൃകാപരമായി പോരാടുന്ന നായകകഥാപാത്രങ്ങളുമില്ല. കാരണം എഴുത്തുകാരന്റെ ആക്ടിവിസം എഴുത്തിലാണ്. എഴുത്തുകാരൻ പ്രവർത്തിക്കുന്നത് റോഡിലല്ല, അവന്റെ കടലാസിലാണ്. ജർമനിയിൽ പോയ എം.ടിയുടെ യാത്രാവിവരണം വായിച്ചാണ് ഹിറ്റ്ലറിന് എതിരായ ഒരുമനസ്സ് തന്നിൽ രൂപപ്പെട്ടത്.

– എം.എൻ കാരശ്ശേരി

കേരള വാർത്തകൾ

## സിനിമാ ചിത്രീകരണത്തിനിടെ കാർ അപകടം; താരങ്ങളടക്കം അഞ്ച് പേർക്ക് പരിക്ക്

കൊച്ചി: സിനിമാ ചിത്രീകരണത്തിനിടെയുണ്ടായ കാർ അപകടത്തിൽ താരങ്ങൾക്ക് പരിക്കേറ്റു. അർജുൻ അശോകനും സംഗീത് പ്രതാപും മാത്യു തോമസും സഞ്ചരിച്ച കാറാണ് അപകടത്തിൽപ്പെട്ടത്. ഇന്നലെ പുലർച്ചെ ഒന്നരയോടെ എറണാകുളം എം.ജി. റോഡിൽ പത്മാ തീയേറ്ററിന് സമീപമായിരുന്നു അപകടം.

നടന്മാർ സഞ്ചരിച്ച കാർ അപകടത്തിൽപ്പെട്ട് തലകീഴായി മറിയുകയായിരുന്നു. മറ്റ് വാഹനങ്ങൾ ഒന്നും റോഡിൽ ഉണ്ടാകാതിരുന്നതിനാൽ വൻ അപകടമാണ് തലനാരിഴയ്ക്ക് ഒഴിഞ്ഞത്. അപകടത്തിൽ നടന്മാരടക്കം അഞ്ച് പേർക്ക് പരിക്കേറ്റു. അർജുനെയും സംഗീതിനെയും കാർ ഓടിച്ചിരുന്ന സ്റ്റണ്ട് ടീമിലെ ഡ്രൈവറെയും കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലും ഫുഡ് ഡെലിവറി ബോയിയെയും മറ്റൊരു ബൈക്ക് യാത്രികനെയും എറണാകുളം ജനറൽ ആശുപത്രിയിലും പ്രവേശിപ്പിച്ചു. സംഗീത് പ്രതാപിന്റെ കഴുത്തിലെ എല്ലിന് പൊട്ടലുണ്ട്.

ഫുഡ് ഡെലിവറി ബോയിയുടെ കാലിന് പരിക്കുള്ളതായാണ് വിവരം. അർജുൻ അശോകനും ബൈക്ക് യാത്രികനും കാർ ഡ്രൈവർക്കും സാരമായ പരിക്കുകളൊന്നുമില്ല. ബ്രോമാൻസ് എന്ന സിനിമയുടെ ചിത്രീകരണത്തിനിടെയായിരുന്നു സംഭവം. കാറോടിച്ചിരുന്ന സ്റ്റണ്ട് ടീമിലെ ഡ്രൈവർക്ക് എതിരെ എറണാകുളം സെൻട്രൽ പൊലീസ് കേസെടുത്തു. അർജുൻ അശോകനും മഹിമ നമ്പ്യാരും മുഖ്യകഥാപാത്രങ്ങളായി എത്തുന്ന സിനിമയിൽ, നായികയുടെ ഒരു റാഷ് ഡ്രൈവിംഗ് സീൻ ഷൂട്ട് ചെയ്യുന്നതിനിടെയായിരുന്നു അപകടം.

പല ടേക്കുകളിലായി ചിത്രീകരിച്ച സീനിന്റെ ഡ്രോൺ ഷോട്ട് എടുക്കുകയായിരുന്നു. അർജുൻ അശോകൻ മുൻ സീറ്റിലും സംഗീത് പിന്നിൽ സീറ്റിലുമായിരുന്നു. ഓവർടേക്ക് ചെയ്യുന്ന രംഗം ഷൂട്ട്ചെയ്യുന്നതിനിടെ കാർ, ചിത്രീകരണത്തിനായി എത്തിച്ച മറ്റൊരു വാഹനത്തിൽ തട്ടുകയും നിയന്ത്രണം നഷ്ടപ്പെട്ട് റോഡരികിൽ ബൈക്കുമായി നിൽക്കുകയായിരുന്ന ഫുഡ് ഡെലിവറി ബോയിയെയും മറ്റൊരു ബൈക്കിനെയും ഇടിച്ചിട്ടശേഷം തലകീഴായി മറിയുകയായിരുന്നു. ഓടിക്കൂടിയ നാട്ടുകാരും സിനിമാ പിന്നണി പ്രവർത്തകരും ചേർന്നാണ് പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിച്ചത്. ചിത്രീകരണത്തിന് അനുമതി വാങ്ങിയിരുന്നില്ലെന്ന് പൊലീസ് പറഞ്ഞു.

### കൂടിയ വിലക്ക് പുറത്തുനിന്ന് വൈദ്യുതി വാങ്ങൽ സർക്കാരും റെഗുലേറ്ററി കമ്മീഷനും നടത്തിയ ഗൂഢാലോചന: വി.ഡിസതീശൻ

# വൈദ്യുതി ചാർജ് വർധന അനുവദിക്കില്ല

**റദ്ദാക്കിയത് യൂണിറ്റിന് 4 രൂപ 29 പൈസയ്ക്ക് 25 വർഷത്തേക്ക് വൈദ്യുതി വാങ്ങാനുണ്ടാക്കിയ കരാർ**

കൊച്ചി: സർക്കാരും റെഗുലേറ്ററി കമ്മീഷനും തമ്മിൽ നടത്തിയ ഗൂഢാലോചനയാണ് കൂടിയ വിലക്ക് പുറത്തു നിന്ന് വൈദ്യുതി വാങ്ങാനുള്ള സാഹചര്യം ഉണ്ടാക്കിയതെന്ന് പ്രതിപക്ഷ നേതാവ് വി.ഡിസതീശൻ കുറ്റപ്പെടുത്തി. വൈദ്യുതി ബോഡിന് വൻ നഷ്ടമുണ്ടാക്കുന്ന തീരുമാനമാണ് സർക്കാർ എടുത്തത്. 2000 കോടി രൂപയുടെ അധിക നഷ്ടമുണ്ടായി. വൈദ്യുത മന്ത്രിയെ ഇരുട്ടിൽ നിർത്തി മുഖ്യമന്ത്രിയുടെ ഓഫീസാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്. വൈദ്യുതി കൂടിയ നിരക്കിൽ വാങ്ങുന്നതിന്റെ ഭാരം പേറേണ്ടത് ഉപഭോക്താക്കളാണ്. കരാർ റദ്ദാക്കിയതിലൂടെ ബോർഡിനുണ്ടായ നഷ്ടം മുഴുവൻ സാധാരണക്കാരുടെ തലയിൽ കെട്ടിവയ്ക്കാനുള്ള ശ്രമം അംഗീകരിക്കാനാകില്ല. ജനങ്ങൾക്കൊപ്പം നിന്ന് സർക്കാരിന്റെ അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും എതിരെ പോരാടും. 25 വർഷത്തേക്കുണ്ടാക്കിയ കരാർ 9 വർഷത്തിന് ശേഷം റദ്ദാക്കിയതിലൂടെ ഉണ്ടായ കോടികളുടെ നഷ്ടത്തിന് ആരാണ് ഉത്തരവാദിയെന്ന് കണ്ടെത്തണം. ഇതിന്റെ പേരിൽ വൈദ്യുതി ചാർജ് വർധിപ്പിക്കാൻ അനുവദിക്കില്ല.

ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 2014 ൽ യൂണിറ്റിന് 4 രൂപ 29 പൈസയ്ക്ക് 25 വർഷത്തേക്ക് വൈദ്യുതി വാങ്ങാനുണ്ടാക്കിയ കരാർ റദ്ദാക്കിയതിലൂടെ കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് സർക്കാരും വൈദ്യുതി ബോർഡും ഉണ്ടാക്കിയത്. 2023ൽ 9 വർഷം കഴിഞ്ഞപ്പോൾ പെട്ടന്നൊരു ബോധോദയം ഉണ്ടായതു പോലെയാണ് സർക്കാരും റെഗുലേറ്ററി കമ്മിഷനും ഗൂഡാലോചന നടത്തി ആ കരാർ റദ്ദാക്കിയത്. അതിന് ശേഷം 4 രൂപ 29 പൈസയ്ക്ക് കിട്ടിയിരുന്ന വൈദ്യുതി 8 മുതൽ 12 രൂപ വരെ നൽകിയാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്. ഇതിലൂടെ ദിവസേന പത്ത് മുതൽ 15 കോടി രൂപയുടെ നഷ്ടമാണ് ബോർഡ് വരുത്തിയത്. ഇതുവരെ 2000 കോടി രൂപയുടെയെങ്കിലും നഷ്ടമുണ്ടായിട്ടുണ്ട്. ഇക്കാര്യം പ്രതിപക്ഷം പുറത്ത് പറഞ്ഞപ്പോൾ സർക്കാർ റെഗുലേറ്ററി കമ്മിഷനോട് ആവശ്യപ്പെടുകയും കരാർ പുനസ്ഥാപിക്കുകയും ചെയ്തു.

എന്നാൽ കരാർ പുനസ്ഥാപിക്കാൻ തയാറല്ലെന്ന നിലപാടാണ് കമ്പനികൾ സ്വീകരിച്ചത്. ഇതേത്തുടർന്ന് വീണ്ടും ക്വട്ടേഷൻ വിളിച്ചപ്പോൾ 4 രൂപ 29 പൈസക്ക് കിട്ടിയിരുന്ന വൈദ്യുതി 6 രൂപ 80 പൈസയ്ക്ക് തരാമെന്നാണ് അദാനി കമ്പനിയുടെ വാഗ്ദാനം. അപ്പലേറ്റ് ട്രിബ്യൂണലും കരാർ പുനസ്ഥാപിക്കുന്നത് വിസമ്മതിച്ചു. കരാർ റദ്ദാക്കിയതിനെ തുടർന്ന് ബോർഡിനുണ്ടായ നഷ്ടം നികത്താൻ ഒരു വർഷത്തിനിടെ രണ്ടു തവണമായാണ് ചർജ് വർധിപ്പിച്ചത്.റെഗുലേറ്ററി കമ്മിഷനല്ലേ ചെയ്യേണ്ടതെന്നാണ് സർക്കാർ ഇപ്പോൾ ചോദിക്കുന്നത്. ചെയർമാന് പുറമെ രണ്ട് അംഗങ്ങളാണ് റെഗുലേറ്ററി കമ്മിഷനിലുള്ളത്. വൈദ്യുതി ബോർഡിലെ ഇടത് അനുകൂല സംഘടനയുടെ പ്രസിഡന്റായിരുന്നയാളും എം.എം മണി വൈദ്യുതി മന്ത്രിയായിരുന്നപ്പോൾ പി.എ ആയിരുന്ന ആളുമാണ് റെഗുലേറ്ററി കമ്മിഷൻ അംഗങ്ങൾ. സർക്കാരിനും മീതെയാണ് റെഗുലേറ്ററി കമ്മിഷനെങ്കിൽ കരാർ റദ്ദാക്കി ആറു

മാസം കഴിഞ്ഞപ്പോൾ സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് കരാർ പുനസ്ഥാപിക്കണമെന്ന് കമ്പനികളോട് റെഗുലേറ്ററി കമ്മിഷൻ നിർദ്ദേശിച്ചതെന്തിനെന്ന് വ്യക്തമാക്കണമെന്നും വി.ഡിസതീശൻ ആവശ്യപ്പെട്ടു.

## ക്ലിഫ് ഹൗസിലെ ലിഫ്റ്റിന് 17 ലക്ഷം പശുത്തൊഴുത്തിന് 23 ലക്ഷം

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ്ഹൗസ് നവീകരണത്തിന് ചെലവഴിച്ച തുകയെത്രയെന്ന് ചോദ്യമുന്നയിച്ച പ്രതിപക്ഷ അംഗം ടി. സിദ്ധീഖിനുള്ള മറുപടിയായി പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ് നിയമസഭയിൽ കണക്കുകളുടെ രേഖ സമർപ്പിച്ചു. ക്ലിഫ് ഹൗസിന്റെ വളപ്പിൽ സ്ഥാപിച്ച ചാണക കുഴിക്കുവേണ്ടി സർക്കാർ ചെലവാക്കിയത് 4.40 ലക്ഷം രൂപയാണ്. കാലിത്തൊഴുത്തിനുവേണ്ടി ചെലവാക്കിയത് 23.98 ലക്ഷം രൂപയും. ഏറ്റവും കൂടുതൽ തുകയുടെ നിർമാണക്കരാർ ഊരാളുങ്കൽ ലേബർ സൊസൈറ്റിക്കാണ്.

ക്ലിഫ് ഹൗസിലെ നിർമാണങ്ങൾക്കായി മരാമത്തു വകുപ്പ് 3 വർഷത്തിനിടെ ചെലവാക്കിയത് 1.80 കോടി രൂപയാണ്. ക്ലിഫ് ഹൗസിൽ പൊതുമരാമത്ത് വകുപ്പ് നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങളാണ് ടി. സിദ്ദിഖ് എം.എൽ.എ ആവശ്യപ്പെട്ടത്. 14 പൂർത്തിയായ പ്രവൃത്തികളുടെ കണക്കാണ് ഇപ്പോൾ നിയമസഭയെ അറിയിച്ചിരിക്കുന്നത്. ആകെ 1,80,81,000 രൂപയുടെ നിർമാണ പ്രവൃത്തികളാണ് ക്ലിഫ് ഹൗസിൽ മാത്രം 2021 മുതൽ 2023 വരെ നടത്തിയത്. ഇതിൽ ഏറ്റവും കൂടുതൽ തുക ചെലവാക്കിയത് സെക്യൂരിറ്റി ഗാർഡ് റൂമിന്റെ നിർമാണത്തിനാണ്.

## സി.പി.എമ്മിനെതിരെ രൂക്ഷ വിമർശനവുമായി മുൻ എം.എൽ.എ

കണ്ണൂർ: തന്നെ രോഗിയാക്കിയതിന് പിന്നിൽ പാർട്ടിയിലെ വിഭാഗീയതയാണെന്ന് മുൻ എം.എൽ.എയും സംസ്ഥാന കമ്മിറ്റി അംഗവുമായിരുന്ന സി.കെ.പി പത്മനാഭൻ. പാർട്ടിയിലെ വിഭാഗീയതയുടെ ഇരയാണ് താനെന്നും സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം തുറന്നടിച്ചു.

പാർട്ടിയിൽ നിന്ന് പുറത്താക്കി 10 വർഷത്തിനു ശേഷമാണ് പ്രതികരണം. ടി.പി വധം ഉൾപ്പെടെ പാർട്ടിക്ക് വലിയ തെറ്റുകൾ സംഭവിച്ചു. പാർട്ടിയുടെ പോക്ക് ശരിയല്ലെന്നും എതിരഭിപ്രായക്കാരെ കൈകാര്യം ചെയ്യുന്ന രീതി നേരത്തെയും ചോദ്യം ചെയ്തിരുന്നു. പാർട്ടി ജനങ്ങളിൽനിന്ന് അകന്നുപോകുന്നതാണ് അടുത്ത കാലത്ത് കണ്ടത്. നവകേരള സദസിൽ പതിനായിരങ്ങൾ അണിനിരന്നിട്ടും കല്യാശ്ശേരിയിൽ ഉൾപ്പെടെ വോട്ട് കുറഞ്ഞത് ജനങ്ങൾ വ്യത്യസ്തമായി ചിന്തിക്കുന്നതിന്റെ സൂചനയാണ്. വർഷങ്ങൾക്കുമുമ്പ് നിലനിന്ന വിഭാഗീയത സത്യമാണെന്നും ഇതിന്റെ ഇരയാണ് താനെന്നും തുറന്നടിച്ചു.

# വാസുകിയുടെ നിയമനത്തിൽ സർക്കാർ പിന്നോട്ടില്ല

### കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടാൽ വിശദീകരണം നൽകും

തിരുവനന്തപുരം: നോർക്ക സെക്രട്ടറി കെ. വാസുകിക്കു വിദേശസഹകരണ ചുമതലയുള്ള സെക്രട്ടറിയുടെ ചുമതല നൽകിയ നടപടിയിൽ നിന്ന് പിന്നോട്ടു പോകേണ്ടെന്ന് സർക്കാർ തലത്തിൽ ധാരണ. കേന്ദ്രസർക്കാർ രേഖാമൂലം ആവശ്യപ്പെട്ടാൽ വിശദീകരണം നൽകും. നിയമനത്തിനെതിരെ കേന്ദ്ര വിദേശകാര്യ മന്ത്രാലയം രംഗത്തു വന്നെങ്കിലും ഇതുവരെ സംസ്ഥാന സർക്കാരുമായി ഔദ്യോഗിക ആശയവിനിമയം ഒന്നും നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രവർത്തനവുമായി മുന്നോട്ടുപോകാമെന്നാണു നിലവിൽ സർക്കാർ നിലപാട്.

കെ. വാസുകിക്ക് 'വിദേശ സഹകരണ'ത്തിന്റെ ചുമതല നൽകിയതിനു പിന്നാലെയാണു വിവാദം തുടങ്ങിയത്. കേന്ദ്ര അധികാര പരിധിയിൽ സംസ്ഥാനം കടന്നുകയറിയെന്ന തരത്തിലാണു വിദേശകാര്യ മന്ത്രാലത്തിന്റെ പ്രതികരണം ഉണ്ടായത്. എന്നാൽ വിദേശ ഏജൻസികൾ, എംബസികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, പ്രതിനിധിസംഘങ്ങൾ എന്നിവ സംസ്ഥാന സർക്കാരുമായി ബന്ധപ്പെടുമ്പോൾ നടപടികൾ ഏകോപിപ്പിക്കാനാണ് വിദേശ സഹകരണത്തിന്റെ ചുമതല ഒരു സെക്രട്ടറിക്കു നൽകിയതെന്നായിരുന്നു സർക്കാർ വിശദീകരണം.

മുഖ്യമന്ത്രിയോ മന്ത്രിമാരോ വിദേശത്തു പോകുമ്പോൾ അവിടെ നടക്കുന്ന ചർച്ചകളുടെ ഫലമായി പല പ്രതിനിധികളും കേരളം സന്ദർശിക്കാറുണ്ട്. ഇത്തരം ഘട്ടങ്ങളിലും ഏകോപനം ആവശ്യമാണ്. മന്ത്രിമാരുടെ വിദേശയാത്രകൾ ക്രമീകരിക്കുക, വിദേശ മലയാളികൾക്ക് ആവശ്യമായ സഹായങ്ങളെത്തിക്കാൻ ഇടപെടുക തുടങ്ങിയ ജോലികളും വാസുകിക്കായിരിക്കും. എല്ലാ സംസ്ഥാനങ്ങളോടും വിദേശത്തെ ആവശ്യങ്ങൾ ഏകോപിപ്പിക്കാൻ നോഡൽ ഓഫിസർമാരെ നിയമിക്കണമെന്നു 2014ൽ വിദേശകാര്യ മന്ത്രാലയം ആവശ്യപ്പെട്ടിരുന്നു. എന്നാൽ നോഡൽ ഓഫിസർ എന്നതിനു പകരം സെക്രട്ടറി (വിദേശ സഹകരണം) എന്ന് ഉത്തരവിറക്കിയതാണു വിവാദത്തിനു കാരണമെന്നാണു കരുതപ്പെടുന്നത്. കയറ്റുമതി, ടൂറിസം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വിദേശനിക്ഷേപം ആകർഷിക്കുന്നതിനും സംസ്ഥാനങ്ങൾ നടത്തുന്ന ശ്രമങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദേശകാര്യമന്ത്രാലയത്തിനു കീഴിൽ 2014 ഒക്ടോബറിലാണു 'സ്റ്റേറ്റ്സ്' ഡിവിഷൻ രൂപീകരിച്ചത്.

ഡിവിഷന്റെ ഭാഗമായി സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും നോഡൽ ഓഫിസർമാരെ നിയമിക്കാൻ ആ സമയത്തു തന്നെ നിർദേശിച്ചിരുന്നു. നോർക്ക റൂട്സ് വഴി വിദേശസഹകരണമുള്ളതിനാൽ കേരളത്തിൽ ആദ്യഘട്ടത്തിൽ നോഡൽ ഓഫിസറെ നിയമിച്ചില്ല. പിന്നീട്, ലോക കേരളസഭയുമായി ബന്ധപ്പെട്ട് ഓഫിസർ ഓൺ സ്പെഷൽ ഡ്യൂട്ടിയായി 2021 ൽ മുൻ അംബാസഡർ വേണു രാജാമണിയെ നിയമിച്ചു. അദ്ദേഹം ഒഴിഞ്ഞപ്പോഴാണു നോർക്ക സെക്രട്ടറി സുമൻ ബില്ലക്ക് ചുമതല നൽകിയത്.

### സംഘടന ഹൃദയങ്ങളിലേക്ക്

## എം.എസ്.എഫ് മണ്ഡലം യാത്രക്ക് ഇന്ന് തുടക്കം

കോഴിക്കോട്: എം.എസ്.എഫ് സംസ്ഥാന കമ്മിറ്റിയുടെ മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഭാഗമായി നടക്കുന്ന മണ്ഡലം യാത്ര ഇന്ന് കാസർകോട് ജില്ലയിൽ നിന്ന് തുടങ്ങും. 'സംഘടന ഹൃദയങ്ങളിലേക്ക്' എന്ന പേരിൽ നടക്കുന്ന മണ്ഡലം യാത്ര മഞ്ചേശ്വരം മണ്ഡലത്തിൽനിന്ന് രാവിലെ ഒമ്പത് മണിക്കാണ് ആരംഭിക്കും. എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ്, ജന: സെക്രട്ടറി സി.കെ നജാഫ് എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്ന യാത്ര ഓഗസ്റ്റ് 31ന് തിരുവനന്തപുരത്ത് സമാപിക്കും.

എം.എസ്.എഫിന്റെ മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഭാഗമായി നടപ്പാക്കുന്ന എന്റെ ദേശത്തിന്റെ കഥ, എം.ഐ തങ്ങൾ പൊളിറ്റിക്കൽ സ്കൂൾ, ബാലകേരളം മെമ്പർഷിപ്പ് എന്നീ പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി വിശദീകരണം മണ്ഡലം പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രതിനിധി സംഘം നൽകും.

എന്റെ ദേശത്തിന്റെ കഥ എന്ന പദ്ധതി എം.എസ്.എഫിന്റെ എല്ലാ യൂണിറ്റ് കമ്മിറ്റികളിലും നടപ്പാക്കും. ഹരിത വിദ്യാർഥി രാഷ്ട്രീയത്തിന്റെ കീഴ്ഘടകം മുതൽ മേൽഘടകം വരെ നടപ്പാക്കുന്ന പദ്ധതിയാണ് എം.ഐ തങ്ങൾ പൊളിറ്റിക്കൽ സ്കൂൾ. എം.എസ്.എഫ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ രൂപീകരിച്ച ബാല്യ വിദ്യാർത്ഥി കൂട്ടായ്മ ബാലകേരളത്തിന്റെ പ്രഥമ മെമ്പർഷിപ്പ് ക്യാമ്പയിൻ എം.എസ്.എഫിന്റെ മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഭാഗമായി നടക്കും. ഏതു രീതിയിലാണ് അതിന്റെ മെമ്പർഷിപ്പ് ക്യാമ്പയിൻ നടക്കുക എന്നതടക്കമുള്ള എം.എസ്.എഫിന്റെ മെമ്പർഷിപ്പ് ക്യാമ്പയിനുമായി ബന്ധപ്പെട്ട കാര്യങ്ങൾ യാത്രയിൽ മണ്ഡലം പ്രവർത്തക സമിതി അംഗങ്ങളുമായി പങ്കുവെക്കും. മണ്ഡലം യാത്ര പൂർത്തീകരിക്കുന്നതോടെ, എം.എസ്.എഫിന്റെ മെമ്പർഷിപ്പ് ക്യാമ്പയിന്റെ ആദ്യഘട്ടം പൂർത്തിയാകും. യാത്ര നാളെ കണ്ണൂർ ജില്ലയിലേക്ക് കടക്കും. ഓഗസ്റ്റ് രണ്ടാം വാരത്തോടെ വടക്കൻ കേരളത്തിലെ യാത്രയുടെ പര്യടനം പൂർത്തിയാക്കി തെക്കൻ ജില്ലകളിലേക്ക് യാത്ര പ്രവേശിക്കും. യാത്രയുടെ അവസാനഘട്ട ഒരുക്കങ്ങൾ ജില്ലകളിൽ പൂർത്തിയായി. സംസ്ഥാന നേതാക്കളുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ വിലയിരുത്തി. യാത്രയുടെ വിജയകരമായ പര്യടനത്തിന് വാർ റൂം അടക്കമുള്ള ക്രമീകരണങ്ങൾ പൂർത്തിയാക്കിയതായി യാത്രയുടെ ഡയറക്ടർ അഷ്ഹർ പെരുമുക്ക് പറഞ്ഞു.

## വിമാനയാത്രാമാറ്റ വിവരം നൽകാനും പകരം സൗകര്യമേർപ്പെടുത്താനും തീരുമാനം

കോഴിക്കോട്: കേരളത്തിലെ വിമാനത്താവളങ്ങളിൽനിന്ന് ഫ്ലൈറ്റുകളുടെ നിജസ്ഥിതി സംബന്ധിച്ച് യാത്രക്കാർക്ക് വിവരം നൽകാനും സി.എ.ആർ സെക്ഷൻ 3 പ്രകാരം യാത്രക്കാർക്ക് സൗകര്യം ഏർപ്പെടുത്താനും ഡി.ജി.സി.എ നിർദ്ദേശമുണ്ടെന്നും ആഭ്യന്തര, അന്താരാഷ്ട്ര സർവീസുകൾ ഉപയോഗിച്ച് പ്രവാസികൾക്ക് സൗകര്യമൊരുക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നുണ്ടെന്നും സിവിൽ ഏവിയേഷൻ സഹമന്ത്രി മുരളീധർ മൊഹോൽ ഡോ. എം.പി അബ്ദുസ്സമദ് സമദാനിയെ അറിയിച്ചു. സമീപകാലത്ത് എയർ ഇന്ത്യ എക്സ്പ്രസ്സ് വിമാനങ്ങൾ റദ്ദാക്കിയതുമൂലം പ്രവാസികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ, വിമാന സർവീസുകൾ എന്നിവ സംബന്ധിച്ച് ലോക്സഭയിലെ ചോദ്യത്തിന് രേഖാമൂലം നൽകിയ മറുപടിയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

മധ്യേഷ്യയിലേക്കുള്ള വിമാനങ്ങൾ ഇടയ്ക്കിടെ വൈകുന്ന സംഭവങ്ങളുണ്ടാകുന്നുണ്ട്. ഉഭയകക്ഷി കരാറിനുള്ളിൽനിന്ന് മാർക്കറ്റും നെറ്റ്വർക്കും തീരുമാനിക്കാൻ വിമാന കമ്പനികൾക്ക് അവകാശമുണ്ടെന്നും ഇന്ത്യയിൽ എവിടെനിന്നും അന്താരാഷ്ട്ര സർവീസുകൾ ആരംഭിക്കുന്നത് വിമാനങ്ങളുടെ ലഭ്യത, റൂട്ടിന്റെ പ്രവർത്തനക്ഷമത എന്നിവയെ ആശ്രയിച്ചാണെന്നും മന്ത്രി അറിയിച്ചു.

യാത്രക്കാരുടെ വർധിച്ചുവരുന്ന ആവശ്യകത പരിഗണിച്ച് റെയിൽവേ താൽക്കാലിക വണ്ടികളും സ്ഥിരം വണ്ടികളും അനുവദിക്കുന്നുണ്ടെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഡോ. എം.പി അബ്ദുസ്സമദ് സമദാനിയെ അറിയിച്ചു. ഷൊർണൂർ - മംഗലാപുരം പാതയിൽ ഹ്രസ്വദൂര യാത്രക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതും ഷൊർണൂർ- കണ്ണൂർ- ഷൊർണൂർ (06031, 06032) താൽക്കാലിക ട്രെയിനുകൾ സ്ഥിരപ്പെടുത്താനും ഈ ട്രെയിനുകൾക്ക് പള്ളിപ്പുറത്തും തിരുന്നാവായയിലും സ്റ്റോപ്പ് അനുവദിക്കാനും ആവശ്യപ്പെട്ടു ലോക്സഭയിലെ ചോദ്യത്തിന് രേഖാമൂലം നൽകിയ മറുപടിയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. പുതുതായി പതിനായിരം ജനറൽ സ്ലീപ്പർ കോച്ചുകൾ കൂടി നിർമ്മിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

## നീറ്റ് ക്രമക്കേട്: ഹാരിസ് ബീരാൻ സ്വകാര്യ ബില്ലിന് അവതരണാനുമതി തേടി

ന്യൂഡൽഹി: നീറ്റ് പരീക്ഷ നടത്തിപ്പിൽ സർക്കാരിന് വീഴ്ച പറ്റിയെന്നും ഇത്തരത്തിൽ പൊതുപരീക്ഷകളിലും മത്സര പരീക്ഷകളിലും ആവർത്തിക്കുന്ന ക്രമക്കേടിനെതിരെ ക്രിമിനൽ നിയമം കൊണ്ടുവരണമെന്നുമാവശ്യപ്പെട്ട് അഡ്വ. ഹാരിസ് ബീരാൻ രാജ്യസഭയിൽ സ്വകാര്യ ബില്ല് അവതരിപ്പിക്കാൻ അനുമതി തേടി. നീറ്റ് അടക്കമുള്ള ഗൗരവ സ്വഭാവമുള്ള പരീക്ഷകളുടെ നടത്തിപ്പിൽ സർക്കാരിനും അനുബന്ധ ഏജൻസികൾക്കും വീഴ്ച പറ്റിയിട്ടുണ്ടെന്നും കുറ്റക്കാർക്കെതിരെ നടപടിയെടുക്കാൻ സർക്കാർ മുന്നോട്ടുവരണമെന്നും എം.പി ആവശ്യപ്പെട്ടു.

അഡ്വ. ഹാരിസ് ബീരാൻ എം.പി മുന്നോട്ടുവച്ച സ്വകാര്യ ബിൽ പ്രകാരം പേപ്പർ ലീക്കുമായി ബന്ധപ്പെട്ട കുറ്റകൃത്യത്തിന്റെ ഭാഗമാവുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് അധികാര ദുർവിനിയോഗം ഉൾപ്പെടുന്നതിനാൽ ഏഴ് മുതൽ പത്ത് വർഷം വരെ തടവും (കുറ്റകൃത്യത്തിന്റെ ഗൗരവമനുസരിച്ച് കഠിന തടവ്) അമ്പത് ലക്ഷം പിഴയും നൽകണം എന്നാണ് പ്രധാന ശിക്ഷ. ഗവണ്മെന്റ് ഉദ്യോഗസ്ഥരല്ലാത്ത കുറ്റവാളികൾക്ക് 7 വർഷം തടവും പത്തു ലക്ഷം പിഴയും കുറ്റകൃത്യത്തിന്റെ ഭാഗമാകുന്ന വിദ്യാർത്ഥികൾക്ക് / ഉദ്യോഗാർഥികൾക്ക് മൂന്നുവർഷം വരെ തടവും പിഴയും എന്ന രീതിയിൽ ശിക്ഷ നൽകാവുന്ന തരത്തിലാണ് എം.പി മുന്നോട്ടുവെക്കുന്ന സ്വകാര്യ ബിൽ നിർദ്ദേശിക്കുന്നത്.

ഓരോ വർഷവും ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഭാഗധേയം നിർണയിക്കുന്ന പൊതുപരീക്ഷകളും മത്സര പരീക്ഷകളും പരീക്ഷകളിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ ജീവിതത്തിലും തൊഴിൽ സാധ്യതകളിലും മാത്രമല്ല, രാജ്യതാൽപര്യത്തിനും നിർണായകമാണ്. യുവതലമുറയിൽ ഭാവി നിക്ഷിപ്തമായ രാജ്യമാണ് ഇന്ത്യയെന്നിരിക്കെ അടുത്ത തലമുറയിലെ പ്രൊഫഷണലുകളുടെയും പൊതുപ്രവർത്തകരുടെയും ഗുണനിലവാരവും യോഗ്യതയും നിർണയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പരീക്ഷകൾ കുറ്റമറ്റതാണെന്ന് ഉറപ്പുവരുത്താൻ സർക്കാരിന് സാധിക്കേണ്ടതുണ്ട്. ഇത്രയും വലിയ ക്രമക്കേടുകൾ നടക്കുമ്പോഴും വേണ്ട നിയമ സംരക്ഷണം നിയമ സംവിധാനത്തിലില്ല. നിലവിൽ ഇത്തരം ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയെ ശിക്ഷാനിയമം പ്രകാരം ക്രിമിനൽ വിശ്വാസലംഘനം, ഗൂഢാലോചന മുതലായവ സംബന്ധിച്ച പൊതു നിയമ പ്രകാരം മാത്രമേ പ്രോസിക്യൂട്ട് ചെയ്യുന്നുള്ളൂ. അതിന് പരിഹാരം നിർദേശിക്കുന്നതാണ് പുതിയ ബിൽ.

രാജ്യത്ത് വർധിച്ചുവന്ന തൊഴിലില്ലായ്മ കാരണം ജോലി തിരയലിന്റെയും കരിയർ അഭിലാഷങ്ങളുടെയും രംഗത്ത് അനുദിനം വർധിച്ചുവരുന്ന മത്സരംഗങ്ങൾ ഈ പൊതുപരീക്ഷകളിലും മത്സര പരീക്ഷകളിലും ചില കൈകടത്തലുകൾക്കും വിവിധ തരത്തിലുള്ള അപാകതകൾക്കും അടുത്തിടെ തുടർച്ചയായി കാരണമായിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസരംഗത്തെ അമിത വാണിജ്യവത്കരണവും സ്വകാര്യ കോച്ചിംഗ് സെന്ററുകളുടെ വ്യാപനവും കൈകടത്തലുകളെ പ്രഫഷണൽ സ്വഭാവമുള്ള കുറ്റകൃത്യമാക്കി മാറ്റുന്നു.

ഈയിടെ റിപ്പോർട്ട് ചെയ്യപ്പെട്ട ചോദ്യപേപ്പർ ചോർച്ചയും പരീക്ഷകളിലെ കൂട്ട കോപ്പിയടി സംഭവങ്ങളും നീറ്റ്, നെറ്റ് മുതലായ ഏറ്റവും പ്രാധാന്യമുള്ള പൊതു പരീക്ഷകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ക്രമക്കേടുകളും സർക്കാരിനും നിയമ നിർമ്മാതാക്കൾക്കും കടുത്ത ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. പൊതുപരവും മത്സരപരവുമായ പരീക്ഷകളിലെ ഇത്തരം ദുഷ്പ്രവണതകൾ, എത്ര ചെറിയ തലത്തിലായാലും അംഗീകരിക്കാനാവില്ല, ആ പരീക്ഷകളുടെ പ്രാധാന്യം കണക്കിലെടുത്ത് ഇതിനെതിരിൽ നിയമ നിർമാണം നടത്തുന്നതിനും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയെ/സ്ഥാപനത്തെ പ്രത്യേകം ശിക്ഷാ നിയമത്തിൽ കൊണ്ടുവരുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനുമായാണ് അഡ്വ. ഹാരിസ് ബീരാൻ എം.പി സ്വകാര്യ ബില്ലിന് അവതരണാനുമതി തേടിയത്.

## മുസ്‌ലിം യൂത്ത് ലീഗ് തങ്ങളോർമകൾ ആഗസ്റ്റ് ഒന്നിന്

കോഴിക്കോട്: മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡണ്ടും മതേതര ഇന്ത്യയുടെ അഭിമാനവുമായിരുന്ന പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ ഓർമ ദിനമായ ആഗസ്റ്റ് ഒന്നിന് ശാഖ തലങ്ങളിൽ അനുസ്മരണവും പ്രാർത്ഥനാ സദസ്സും സംഘടിപ്പിക്കുമെന്ന് മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡണ്ട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി പി.കെ ഫിറോസും അറിയിച്ചു. വിഭാഗീയ ചിന്തകൾ പ്രചരിപ്പിക്കാൻ ഭരണകൂടം തന്നെ നേതൃത്വം നൽകുന്ന കാലത്ത് ശിഹാബ് തങ്ങളുടെ ദർശനങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്.

വ്യത്യസ്ത മത-രാഷ്ട്രീയ ചിന്താഗതികൾ വെച്ച് പുലർത്തുമ്പോഴും മനുഷ്യസൗഹൃദങ്ങളിൽ വിള്ളലുണ്ടാകരുതെന്ന് ശിഹാബ് തങ്ങൾ നിരന്തരം ഓർമിപ്പിച്ചിരുന്നു. സമൂഹത്തിലെ പ്രയാസം അനുഭവിക്കുന്ന ജനവിഭാഗത്തെ ചേർത്ത് പിടിക്കുന്നതാണ് പൊതു പ്രവർത്തകരുടെ ഉത്തരവാദിത്തമെന്ന് ജീവിതത്തിലൂടെ കാണിച്ച നേതാവായിരുന്നു ശിഹാബ് തങ്ങൾ. അതിനാലാണ് മരണശേഷവും അദ്ദേഹത്തിന്റെ ജീവിതം വലിയ സന്ദേശമായി കേരള രാഷ്ട്രീയത്തിൽ നിറഞ്ഞ്നിൽക്കുന്നത്. തങ്ങളുടെ പതിനഞ്ചാം ഓർമ ദിനത്തിൽ ശാഖ തലങ്ങളിൽ നടത്തുന്ന പരിപാടികളിൽ മുഴുവൻ യൂത്ത്ലീഗ് പ്രവർത്തകരും സജീവമായി പങ്കെടുക്കണമന്നും സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും പി.കെ ഫിറോസും അഭ്യർത്ഥിച്ചു.

## കാലാവധി കഴിഞ്ഞിട്ടും സാങ്കേതിക സർവകലാശാല സിൻഡിക്കേറ്റ് പുനസംഘടന നീളുന്നുവെന്ന് പരാതി

തിരുവനന്തപുരം: കാലാവധി പൂർത്തിയായ സാങ്കേതിക സർവകലാശാല സിൻഡിക്കേറ്റും ബോർഡ് ഓഫ് ഗവർണേഴ്സും പുനഃസംഘടിപ്പിക്കാതെ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നതായി പരാതി. മുൻ എം.പി പി.കെ ബിജു ഉൾപ്പെടെയുള്ളവരെ നിലനിർത്തുന്നതിനായാണ് സിൻഡിക്കേറ്റ് പുന:സംഘടിപ്പിക്കാത്തതെന്നാണ് ആക്ഷേപം.

2020 ഏപ്രിൽ രണ്ടിന് രൂപീകരിച്ച സാങ്കേതിക സർവകലാശാല ഭരണസമിതിയുടെ കാലാവധി കഴിഞ്ഞ ഏപ്രിലിൽ അവസാനിച്ചിരുന്നു. യൂണിവേഴ്സിറ്റി നിയമ പ്രകാരം നാലുവർഷം കൂടുമ്പോൾ നിർബന്ധമായും ഭരണ സമിതി പുനഃസംഘടിപ്പിക്കേണ്ടതാണ്. പി.കെ ബിജു ഉൾപ്പെടെ ആറുപേരെ പ്രത്യേക ഓർഡിനൻസ് പ്രകാരം 2021 ഫെബ്രുവരിയിൽ ബോർഡ് ഓഫ് ഗവർണർമാരായും സിൻഡിക്കേറ്റ് അംഗങ്ങളായും നിയമിച്ചുവെങ്കിലും ഓർഡിനൻസിന്പകരം നിയമസഭ പാസാക്കിയ ബില്ല് ഗവർണർ അംഗീകരിക്കാത്തതുകൊണ്ട് ഓർഡിനൻസ് നിലവിലില്ലാതായി. സമിതിയുടെ പുന:സംഘടന വരെ മാത്രമേ നോമിനേറ്റഡ് അംഗങ്ങൾക്ക് തുടരാൻ സർവകലാശാല ചട്ടം അനുവദിക്കുന്നുള്ളു എന്നതിനാൽ 2021ൽ നോമിനേറ്റ് ചെയ്യപ്പെട്ട പി.കെ ബിജു ഉൾപ്പടെയുള്ള ആറു പേർക്ക് ഭരണസമിതി അംഗത്വം നാലു വർഷം തികയും മുൻപ് തന്നെ നഷ്ടപ്പെടും. വീണ്ടും പുന:സംഘടിപ്പിച്ചാൽ നിയമ ഭേദഗതിയിലൂടെ പുതുതായി ഉൾക്കൊള്ളിച്ച ആറുഅംഗങ്ങളെ വീണ്ടും നാമനിർദ്ദേശം ചെയ്യാൻ വ്യവസ്ഥയില്ലാത്ത സാഹചര്യത്തിലാണ് സിൻഡിക്കേറ്റും ബോർഡ് ഓഫ് ഗവർണേഴ്സും പുനഃസംഘടിപ്പിക്കാതെ നീട്ടികൊണ്ട് പോകുന്നത്. അനധികൃതമായി തുടരുന്ന ബോർഡ് ഓഫ് ഗവർണർമാരെയും സിൻഡിക്കേറ്റിനെയും പിരിച്ചുവിടണമെന്നു ആവശ്യപ്പെട്ട് സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി നിവേ